

Walk out as a Sales & Marketing professional along with your graduation thru

Extension
Centre
Now in
Your
College

NIS

COCHIN CENTRE
(DQS) dual qualification scheme



REMEMBER THOSE TIMES WHEN YOU'VE WANTED TO WATCH YOUR FAVOURITE TV PROGRAMMES WITHOUT BEING DISTURBED... TIMES WHEN THE NUANCE OF THE STORY COULD BE LOST OUT ON YOU BECAUSE OF A MISSED SIGH OR A LOST WHISPER. AND THE OTHER OCCASIONS WHEN YOU'VE HAD TO SWITCH OFF THE TV, FOR FEAR OF DISTURBING YOUR SCHOOL-GOING CHILDREN. WELL, ALL THAT IS GOING TO BE HISTORY. NOW YOU CAN HAVE YOUR FILL OF PROGRAMMES, WITHOUT BEING ANNOYED OR ANNOYING OTHERS — THANKS TO BOSS CORDLESS HEADPHONES.

BOSS™
CORDLESS HEADPHONE
FOR TV & MUSIC SYSTEMS

BOSS CORDLESS HEADPHONES COME WITH A LONG-RANGE TRANSMITTER UNIT THAT CAN BE HOOKED UP TO ALMOST ANY TV OR MUSIC SYSTEM. THE SLEEK, COLOURFUL CORDLESS HEADPHONE LETS YOU MOVE AROUND, EVEN AS YOU LISTEN TO YOUR FAVOURITE PROGRAMME. AT OTHER TIMES, LET THE BUILT-IN FM RECEIVER ENTERTAIN YOU. MOREOVER, BOSS CORDLESS HEADPHONES COME WITH A 6 MONTH REPLACEMENT GUARANTEE. SO, GET YOURSELF A BOSS... AND LET THOSE PENT-UP FRUSTRATIONS FLY.

XCOM
The missing link between technology & service

BOSS Headphones are available in leading TV Showrooms. If not, you may order them by sending a D.D. for Rs.850/- to:

Xcom Embedded Control Group (P) Ltd.,
3rd Floor, Srinivas Chambers, M.G.Road, Cochin-682 035. Ph. : 354733 Fax :367887.
W.India Office : DBS, Raheja Chambers, 213, Nariman Point, Mumbai - 21.

SACRED HEART COLLEGE
THEVARA



ഗാഥ
1995-96

DECLARATION

Statement of Ownership & other particulars of the publication

SACRED HEART COLLEGE MAGAZINE

FORM IV (See Rule-8)

1. Place of Publication	:	Thevara
2. Periodicity of Publication	:	Annual
3. Printer's Name	:	Rev. Fr. Jose Kuriedath
Nationality	:	Indian
Address	:	Principal, S.H. College, Thevara
4. Publisher's Name	:	Rev. Fr. Jose Kuriedath
Nationality	:	Indian
Address	:	Principal, S.H. College, Thevara
5. Editor's Name	:	Rajesh K.
Nationality	:	Indian
Address	:	Editor, S.H. College, Thevara

I, Rev. Fr. Jose Kuriedath here by declare that the particulars given above are true of my Knowledge and belief.

Sd/
Rev. Fr. Jose Kuriedath

Patron of the College Union & Chaiman of the Editorial Board
Rev. Fr. Fr. Jose Kuriedath

Staff Advisor	:	Prof. P.J. Cyriac
Editor	:	Rajesh K.
Editorial Board	:	Chairman of the college union Secretary of the college union Nominated members : Dhanya Pattathil Mohan K. Ranjith Varkey Joseph
Staff Editors	:	Prof. T.T. Joseph (Eng.) Prof. Narayanan Namboodiri (Mal)
Cover Design	:	Manoj Kumar T.M.
Sketches	:	Ashok Swaroop
Feature unit	:	Rajesh V.V. Mahesh V Pillai Salil Gopal
Desktop Publishers & Layout	:	Memphis Systems & Technologies Pulleppady, Cochin - 18. Phone : 362631
Films & Printing	:	Pioneer Offset Printers Opp. Hindi Prachar Sabha Ernakulam. Ph : 374823

PRINCIPAL

REV. DR. JOSE KURIEDATH

ENGLISH SECTION

SEVEN WONDERS	-	FEATURE
YOUR MONEY YOUR LIFE	-	SAHUL HAMEED
TO THE GENTLE ONE	-	SUBRAHMANIAN
PRINCIPAL'S REPORT		
NSS REPORT		
WOMEN'S CELL REPORT		
NCC (ARMY) REPORT		
NCC (NAVY) REPORT		
WONDER - 1		
ALL'S WELL WHEN GOD'S WELL	-	MOHAN K.
WONDER - 2		
MY FAVOURITE AUTHOR	-	LAKSHMI
WONDER - 3		
FRIENDS FOREVER	-	RANJITH VARKEY
WONDER - 4		
DEFT DEFINITIONS	-	PRABHAT JOHNY
WONDER - 5		
HEMLOCK	-	SALIL GOPAL
WONDER - 6		
PRESENT EDUCATIONAL SYSTEM	-	REGIE GEORGE
WONDER - 7		
OLYMPICS	-	PATTATHIL DHANYA
CLASS ROOM PRANKS	-	RAJESH K.

HINDI SECTION

MEIN KAUN HOUN	-	DILEEP VARMA
HOLY MEIN	-	PREETHI R.
EK AUR NAYA SAPNA	-	RANJITH VARKEY

മലയാള

വിഭാഗം

A Timeless Tradition. A Legend

Vaidyaratnam P.S.Varier's

ARYA VAIDYA SALA,

KOTTAKKAL.

Arya Vaidya Sala, Kottakkal is synonymous with Ayurveda in the country. A renaissance that took place in Ayurvedic science in the small village " Kottakkal " years ago has now become a legacy for others to imbibe.

Founded in 1902 by the late Vaidyaratnam P.S. Varier, the institution is famous for its traditional-Superior quality-Hygenic-Health Care Products and its unique treatment centre-the Nursing Home Complex at Kottakkal.

Ayurveda-Science of Sages-Adapted to Modern Ages.

Branches :-

Kozhikode, Palakkad, Tirur, Ernakulam, Thiruvananthapuram, Aluva, Madras, Kannur,Coimbatore, New Delhi - 49, Calcutta - 33 and 700 authorised agencies.

Phone: 2216-2219, 2561- 2564, 2571, 2572 (STD Code 04934)

(EPABX,TDBX 200 Lines) Fax : 04934-2210

For details please write to:

The Manager

ARYA VAIDYA SALA

KOTTAKKAL - 676 503

സസ്നേഹം ഭട്ട്ജീ.....

വേമ്പനാട്ടുകായലിന്റെ ഓളങ്ങൾ തഴുകുന്ന കൊച്ചിയുടെ അഭിമാനം എന്ന് തന്നെ വിശേഷിപ്പിക്കാവുന്ന ഒട്ടുവനധി മഹാൻമാർക്ക് മാർഗ്ഗ ദർശനം നൽകിയിട്ടുള്ള തേവര തിരുഹൃദയ കലാലയത്തിലെ വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്ക്, അറിവിന്റെ നൂറ്റാണ്ടിലേറെക്കാലമായി നൽകി അറിയുന്ന, പ്രായമേറെച്ചെന്നിട്ടും തൂകുന്ന ഒരു വ്യക്തിയുണ്ട്, ഭട്ട്ജി. ചന്ദനവും കൈയ്യിൽ ഒരു സഞ്ചിയും കോളേജ് പടിക്കൽ കുട്ടികൾക്കൊപ്പം കൃത്യമായി എന്നു തുടങ്ങിയെന്ന് ലേറെ വർഷമായിട്ടുണ്ടാവും എന്നാണ് അറിയാൻ കഴിഞ്ഞത്. കുട്ടികൾക്കൊപ്പം പോകുന്ന കോളേജ് കുമാരികൾക്കു മൂലയ്ക്ക് മിഠായിക്കുപ്പികൾക്കും അതാണ് ഭട്ട്ജിയുടെ പ്രകൃതം.

മാർഗ്ഗ ദീപമായ പുസ്തകങ്ങൾ, കാൽ വരുന്ന, നമ്മുടെ മനസ്സുകൾ കുട്ടികളുടെ മനസ്സുമായി പുഞ്ചിരി നെറ്റിയിൽ ഒരു നീളൻ ഗോപി തൂക്കിപ്പിടിച്ചുകൊണ്ട് രാവിലെ തന്നെ ഭട്ട്ജിയും എത്തുന്നു. ഈ പതിവ് ഓർമ്മയില്ലെങ്കിലും ഏകദേശം 35 പരിസരവാസികളിൽ നിന്നും തമാശകൾ പറഞ്ഞും, നടന്നു സലാം കൊടുത്തും, കടയുടെ ഒരു പുസ്തകങ്ങൾക്കും ഇടയിൽ ഇരിക്കും;

എന്നും ഒരേ രീതിയിൽ തന്നെ കാണുന്ന ഭട്ട്ജീയെക്കുറിച്ച് കൂടുതൽ അറിയണമെന്നുള്ള ഒരാഗ്രഹമാണ് ഇങ്ങനെ ഒരുദ്യമത്തിന് ഞങ്ങളെ പ്രേരിപ്പിച്ചത്. ഞങ്ങൾ ആദ്യം ഭട്ട്ജിയെക്കണ്ട് ആവശ്യം അറിയിച്ചപ്പോൾ ആദ്യം ഒന്ന് സംശയത്തോടെ നോക്കി "എന്താ ഇവൻമാർ നമ്മളെ വടിയാക്കാനാണോ" എന്നുള്ള ഭാവത്തിൽ. കാരണം ഇന്നേ വരെ ഇതേപോലെ ഒരു ആവശ്യവുമായി തേവര കോളേജിൽ നിന്ന് ആരും തന്നെ വന്നിട്ടില്ല എന്നതുതന്നെയാണ് കാരണം. എറണാകുളത്ത് എളമക്കരയിലെ പുന്നയ്ക്കൽ അമ്പലത്തിന്റെ അടുത്തുള്ള കൃഷ്ണ കൃപയിലെ 'കൃഷ്ണഭട്ട്' എന്ന 'ഭട്ട്ജീയുടെ' കൂടെ ഞങ്ങൾ ചിലവഴിച്ച ഏതാനും നല്ല നിമിഷങ്ങൾ നമുക്ക് ഒന്നിച്ച് പങ്കുവെയ്ക്കാം.

- എന്താ ഭട്ട്ജിയുടെ യഥാർത്ഥ പേര്?

കൃഷ്ണ ഭട്ട്

- വയസ്സ്? (ചോദിച്ചപ്പോൾ തന്നെ ഭട്ട്ജിയിൽ നിന്നും ഒരു പൊട്ടിച്ചിരി ഉയർന്നു) എന്താ ഭട്ട്ജി, പറയാൻ വിഷമമുണ്ടോ?

"ഹേ അങ്ങനെ ഒന്നും ഇല്ല 73 ആയി"

- എത്രവരെ പഠിച്ചു?

(എന്തോ പറയാൻ വിഷമിച്ചുട്ടെന്ന പോലെ) ഹേ..... Iam only....മൈ ഗാഡ് (my god) പഠിത്തത്തെപ്പറ്റി ചോതിക്കാതിരിക്കുകയാണ് നല്ലത് ഹ.....ഹ.....ഹ.....

- വീട്ടിൽ ആരൊക്കെയുണ്ട്?

ഭാര്യയും രണ്ട് പെൺകുട്ടികളും ഒരാൺ കുട്ടിയും. രണ്ട് പെൺ കുട്ടികളും കല്യാണം കഴിച്ചു മകൻ സ്വന്തമായിട്ട

● അടുത്ത് കടകൾ വന്നപ്പോൾ Competition ഉണ്ടായോ?

Competition ഉം കിമ്പറ്റീഷനുമൊന്നുമില്ല. അരിക്കാസ് ഒപ്പിക്കും Legally.....

● അതു കൊണ്ട് ക്ഷീണം ഉണ്ടാവില്ലെന്നാണോ?

Yes.....legally.....അതുകൊണ്ട് ക്ഷീണം ഉണ്ടാവുല്ലോ. പിന്നെ..... ക്ഷീണമുണ്ടെങ്കിലും ഈശ്വരൻ കൈവിടാത്തവനെ ഇതൊന്നും ബാധിക്കില്ല.

(ഇടയ്ക്ക് അവിടെ നിറുത്തി ഒച്ചവെച്ചുകൊണ്ടിരുന്ന ബസ്സിനോട് ഭട്ട്ജിപോകാനായി ഒച്ചവെച്ചതിനുശേഷം ഒന്ന് പൊട്ടിരിച്ചുകൊണ്ട് വീണ്ടും ഞങ്ങളുടെ ചോദ്യത്തിലേക്കു വന്നു.)

● ഭട്ട്ജി ഈ Bus ൽ Ticket എടുക്കാറില്ല എന്നു കേൾക്കുന്നുണ്ടല്ലോ ശരിയാണോ?

അതിന്റെ ആവശ്യം ഇല്ലെന്നാണ് അവർടെ idea പിന്നെ, എനിക്കതിന്റെ ആവശ്യമില്ല. അതുകൊണ്ട് അവരടുത്തെങ്ങ് വരൂല്ല. നമ്മങ്ങൾ stoping place എത്തി. നമ്മളിറങ്ങി. (തുടർന്ന് ഒരു പൊട്ടിച്ചിരി ഭട്ട്ജിയിൽ നിന്നും ഉയർന്നു)

കൊച്ചു പിള്ളേരല്ലേ പൊകവരണ കണ്ടാല് ഈ കമ്പിത്തിരി കത്തിക്കണമാതിരിയല്ലേ അവർക്ക് തോന്നൂ.

● ഭട്ട്ജി എന്താ 35 വർഷം ആയിട്ടും മറ്റിടങ്ങളിലേക്ക് ഈ കച്ചവടം വ്യാപിപ്പിക്കാത്തത്?

അതിന്റെ അവശ്യം ഇല്ലെന്നാണ് എന്റെ idea അതായത് ഇപ്പോ പത്തുരുപ വേണമെന്നു വെയ്. ആരോടും ചോദിക്കണ്ട. (മേശവരിപ്പ് തുറന്നു കാണിച്ചു കൊണ്ട് അതിലെ പൈസ എടുത്ത് ഞങ്ങളെകാണിക്കുന്നു) കാലത്തു വരും. വിറ്റാകൊള്ളാം. വിറ്റില്ലെങ്കിലും കൊള്ളാം. മഹാരാജാസിന്റെ അടുത്ത് എന്റെ അനിയൻ ഉണ്ട്

● എന്താ തേവരയിൽ തന്നെ കടയിടാൻ ഉദ്ദശിച്ചത്?

ഈ ബുക്ക് സ്റ്റാൾ ആവുമ്പോൾ വെറുതെയിരുന്നാൽ മതിയല്ലേ? (വെറുതെ തമാശയ്ക്ക് ഞങ്ങൾ ചോദിച്ചു. പക്ഷേ ഭട്ട്ജി അത് ഭട്ട് അത് സീരിയസായി എടുത്തു)

"ഈ Book Stall എന്നു പറയുമ്പോൾ Easy ആയിട്ട് നിങ്ങൾക്ക് തോന്നും. എത്തെങ്കിലും ഒരു ബുക്ക് ഇവടെയിരുന്ന് Dead-Stock ആയിപ്പോയോ How many amount? വീണുമുറിഞ്ഞ് തല കാണുല.

(പറഞ്ഞ് വിഷമിച്ച ഭട്ട്ജി ഒരു കുപ്പിയിൽന്നും കുറച്ച് വെള്ളമെടുത്ത് കുടിച്ച് വായ ശരിക്കു തുടച്ച് മുണ്ടും ഷർട്ടും നേരെയാക്കി വീണ്ടും ഉഷാറയി)

● മദ്യപാനം ഉണ്ടോ?

ഇല്ല. എന്നാ ഇല്ലെന്നല്ലാ. പണ്ട് കാലത്ത് എങ്ങോട്ടെക്കോ പോയി കുടിച്ചു കാണുമെന്ന് ഞാൻ വിശ്വസിക്കുന്നു (മുഖത്ത് ഒരു വലിയ കള്ളം മറയ്ക്കുന്നതു പോലെ, പിന്നെ ഞങ്ങളെനോക്കി ഒരു കള്ളച്ചിരിയും)

● പുകവലി?

വല്ലപ്പോഴും ഒരു പുകവലിക്കും

● മുറുക്കാൻ?

മുറുക്കിങ്ങായിരുന്നു...അതായത്.....ഒരച്ചൻ ഇവിടെ വന്നപ്പോ വായിന്ന് തുപ്പിയതും അച്ചന്റെ മ ളോവേല്.....ളോവ....നല്ല വെള്ള ളോവയാ. പൂള്ളി ഇവിടെ പഠിച്ചതാ എന്നെ വിളിച്ച് ഉപദേശിച്ചു. Mr. Bhatt "ഈ മുറുക്ക് നിറുത്തണം. എനിക്കുവേണ്ടി." ഞാൻ അപ്പോത്തന്നെ എന്തുചെയ്തു. ഈ പൊകലെം പാത്ര

എല്ലാമെടുത്ത് ഒറ്റേറ്. ഇനി "ഇല്ലച്ചാ" സത്യം I don't..... ഇപ്പോ 15 വർഷം ആയി.
അതിലെ ഒരു വലിയ സിഗരറ്റും കത്തിച്ചുപോകുന്ന കുട്ടിയെ നോക്കിച്ചിരിച്ചുകൊണ്ട് ഞങ്ങളോടായി പരിഹസിച്ചു കൊണ്ട് ഭട്ട്ജി പറഞ്ഞു കൊച്ചു പിള്ളേരല്ലേ പൊകവരണ കണ്ടാല് ഈ കമ്പിത്തിരി കത്തിക്കണമാതിരിയല്ലേ അവർക്ക് തോന്നൂ. ഭാവീല് അങ്ങനെ വരുമ്പോൾ This is important പിന്നെ ബീഡി ഇല്ലാണ്ട് നിക്കാനൊക്കുല്ല [നാല് മാന്യൻമാർ വരുമ്പോൾ വലിച്ചിട്ട് അവരുടെ മൊഖത്ത് വിടണ്ടെ.] ഞങ്ങളോട് (എന്നിട്ട് പായ്ക്കറ്റിൽ നിന്നും ഒരു ബീഡി എടുത്ത് സ്വയം വലിക്കുന്നു.)

- Book stall തുടങ്ങുന്നതിനു മുമ്പ് എന്തായിരുന്നു ഭട്ട്ജിയുടെ ജോലി?

ഞാനേ Book Stall തുടങ്ങുന്നതിനു മുമ്പേ പല Business നും പോയിട്ടുണ്ട് എന്നച്ചാ, കപ്പലണ്ടി കച്ചവടം, വണ്ടിവലിക്കാൻ ഇവിടെ വൈന്നേരമായാൽ അരിപ്രശ്നം Main അത് എങ്ങനെയങ്കിലും ഞാൻ solve ചെയ്തു പോവും. അപ്പോ എറണാകുളത്ത് ഒരു കട തുടങ്ങി. നമ്മുടെ അനിയൻ. കൊറേനാള് പോയപ്പോ നമ്മളെക്കാണുമ്പോൾ അവന് പിടിക്കുന്നില്ല. എന്നാ തേവരയിൽ ഒരു കടയിട്ടുനോക്കാം എന്ന് വച്ച് കാലത്ത് Daily ഞാൻ hostel ൽ വരും കടയൊന്നുമില്ലായിരുന്നു. പിന്നെ (ഇപ്പോഴിരിക്കുന്ന കടയുടെ ഉടമസ്ഥന്റെ വീടു കാണിച്ചു കൊണ്ട്) ചെട്ടിവീട്ടിൽ പോളിന്റെ Mrs. അവര് പറഞ്ഞ്..... അല്ല ഞാൻ പറഞ്ഞു "ഈ കട എനിക്ക് ഒപ്പിച്ചുതരണം." അതിൽ കോളേജ്, പിള്ളർ ഊണുകഴിക്കുന്നതല്ലേ? അതൊക്കെ ഞാൻ അവരെ എടുത്തോളാന്ന് പറഞ്ഞ് ഉച്ച സമയം ആവുമ്പാ അവർകക്കോരോ മിഠായി ..... ങേ ..... അതൊക്കെകൊടുത്ത് ..... ഒരു സോപ്പ് ..... അങ്ങനെ ഈ കട ഒപ്പിച്ചെടുത്തു.

- ഇതിനെത്രയാ വാടക?

ആദ്യം ഒൻപത് രൂപയ്ക്ക് എടുത്തതാ It's the same time അണ് പറഞ്ഞിട്ട് കാര്യമില്ല. പണ്ട് 5 രൂപ കൊണ്ട് മാർക്കറ്റിൽ പോയാല് 4 1/2 രൂപയ്ക്ക് അരികിട്ടും..... ഒരു ചാക്ക്. ഇന്ന് അത് പറഞ്ഞാ നിങ്ങള് വിശ്വസിക്കുമോ? ഇപ്പോ ഞാൻ കൊടുക്കുന്നത് അവര് വാങ്ങിക്കും.
(ക്ലാസ്സ് വിട്ടപ്പോൾ ഭട്ട്ജിതന്റെ 'നാക്ക്' കൊണ്ടുള്ള business പിടിത്തം തുടങ്ങി വഴിയിൽ കൂടി കടന്നു പോകുന്ന പെൺകുട്ടികളെ എയ് കാന്താരീ..... വാ....വാ.. എന്നും മറ്റും വിളിച്ചുകൊണ്ടിരുന്നു. ഞങ്ങൾ നിന്നതുകൊണ്ടാവും ആരും അങ്ങോട്ട് കയറിയാത്തത്)

- തേവര കോളേജിലെ കുട്ടികൾക്കായി ഭട്ട്ജിയുടെ എന്തെങ്കിലും ഉപദേശം?

ഇപ്പോ ഇവിടുന്ന് കഴിഞ്ഞ് ഞാൻ Medicine ന് പോകയാണ്, Engineering ന് പോകയാണ് എന്നൊക്കെ പറയുമ്പോ ഇവിടെ പഠിച്ചതുമാതിരി അവിടെ പോയാലും കൂട്ടുകെട്ടിപോവരുത്. കൂട്ടെന്നൊക്കെ പറയുമ്പോ വെള്ളമടി, കഞ്ചാവടി ഏ.....പറഞ്ഞതുകേട്ടാ ഒഴപ്പിയൊന്നും നടക്കരുത്. നന്നായിപഠിക്കണം ..... നിങ്ങളതിനൊന്നും പോകണ്ട. നല്ലനെലേലെത്തുവാൻ ഞാൻ ഈശ്വരനോട് പ്രാർത്ഥിക്കാം.

മാഗസിൻ
ഫീച്ചർ

യാത്രാമൊഴി

പ്രേതങ്ങൾ പോലെന്റെ ചുറ്റിലും
നിന്നോർമ്മ വന്നുറഞ്ഞാടിടവേ
നിദ്രാവിഹീനമാകുന്നൊരീ രാവിൽ
നിനക്കായ് ഞാൻ കുറിക്കട്ടെ
കലാലയത്തിനകത്തളത്തിൽ
മിഴിയിലൂറുന്ന കനവുമായ്
കുമാർസാനുവായ് മാറി നീ-
യൊരു ഗാനം പൊഴിച്ചു നിന്നതും
നിന്നെ മറക്കുന്നതെങ്ങിനെ ഞാൻ
നീണ്ടു നിൻ നേത്രങ്ങളെന്റെ പിമ്പേ-
വേട്ടനായ്ക്കൾ പോലെത്തെവേ
ഓടിയൊളിക്കാൻ ശ്രമിച്ചതും
മനസ്സിലെപ്പോഴും പതിക്കുന്നു
മിന്നലാട്ടങ്ങളിൽ തെളിയുന്നു.
നീലിമ പൂക്കും നേത്രങ്ങളിൽ
നീ കണ്ട സ്വപ്നങ്ങളൊക്കെയും
നീലക്കുറിഞ്ഞി തൻ സ്വപ്നങ്ങൾപ്പോൽ
നീറിപ്പിടഞ്ഞു വീഴുന്നുവെന്നോ
ശൈശവം പൂക്കും തീരങ്ങളിൽ
ശീലിച്ചതൊക്കെ മറന്നു നീ
എൻ മുന്നിലൂടെ കടന്നുപോയ്
മരണത്തെപ്പുൽകിയജ്ഞാതമായ്
ഇവിടെയെൻ ചിന്തയിൽപ്പോലും
നിറഞ്ഞു നീ നില്ക്കവേ
നിൻ സുഖാന്വേഷണം പോലും
നിമിഷ സ്മരണയായ് മാറീടവേ
നിർത്തട്ടെ രാജേഷ് നിനക്കുറങ്ങാമിനി.

അനീഷ് എ. വി.
IInd PDC III Group.

ഞങ്ങളുടെ എല്ലാമായിരുന്ന ഞങ്ങളെവിട്ടു പിരിഞ്ഞ ഞങ്ങളുടെ രാജേഷ് എൻ. എസ്-
ന്റെ പാവനസ്മരണയ്ക്കു മുമ്പിൽ ഞാനീ കവിത സമർപ്പിക്കുന്നു.

QUALITY GOODS

REASONABLE PRICE

NO DISCOUNT NO PRICE CUT

Jean Shack

OFFERS PRICES ROUND THE YEAR

CASUALS

THE BUDGET SHOP

FOR

MEN & BOYS

Opp: JEAN SHACK, Ist FLOOR, D.H. ROAD,
JOS JUNCTION, ERNAKULAM, COCHIN-16.
TEL: 373750, 361250

OFFICE WEAR SHIRTS Rs. 95 - 250
CASUAL WEAR SHIRTS Rs. 80 - 195
TERI. COT. TROUSERS Rs. 175 - 350
BOYS WEAR SHIRTS Rs. 75 - 195
COTTON BAGGIES Rs. 150 - 290
JEANS (BOY'S) Rs. 195- 375
JEANS (MEN'S) Rs. 350 - 550
T. SHIRTS Rs. 50 - 250

THE NEWLY RENOVATED SHOWROOM OF JEAN SHACK

Casuals Garments

നവംബർ 22
ഒരു ജന്മദിന ഡയറിക്കുറിപ്പ്

ഇന്ന് നവംബർ ഇരുപത്തിരണ്ട്. ജീവിത ചുറ്റുകോണിയിൽ ഒരു പടികൂടി കൊഴിഞ്ഞു വീഴുന്നു. ദിക്കും ദിശയും തിരിയാത്ത ഏതോ കോണിൽ നിന്നാരംഭിച്ച ഈ യാത്രയുടെ മുഖങ്ങളും മധുരങ്ങളും ഓർമ്മകളും മനസ്സിൽ.

എത്രയെത്ര സുഹൃത്തുക്കൾ. വ്യർത്ഥ വാക്യങ്ങളുടെ ശിഷ്ടഗാനങ്ങളിൽ ഈ സൗഹൃദങ്ങളുടെയെല്ലാം വെള്ളിലവള്ളികൾ മാത്രം അവശേഷിക്കുമായിരിക്കും. എങ്കിലും ഒരില, കൗമാരകൗതുകമായി ഹൃദയവീചികളിൽ നിനക്കായി ഇന്നും കരുതിവച്ചിട്ടുണ്ട്.

രാത്രിയുടെ രണ്ടാം യാമവും കൊഴിഞ്ഞുവീഴുന്നു ഒരുകിതിരുന്ന മെഴുകുതിരിവെട്ടത്തിൽ. ഞാൻ എന്റെ ഏകാന്തപ്രയാണം തുടരുകയാണ്..... വൈദ്യുത വെളിച്ചത്തേക്കാൾ അരണ്ട മെഴുകുതിരി വെട്ടമായിരുന്നു പണ്ടു മുതലേ എനിക്കിഷ്ടം.

ജനലിനരുകിലെ കല്ല്യാണസൗഗന്ധികം വിരിയുന്ന സുഗന്ധം..... പൂമൊട്ട് വിരിയുന്നത് നോക്കിയിരിക്കുക പണ്ടേയുള്ള എന്റെ കിറുക്കായിരുന്നല്ലോ. വെളിയിൽ നല്ല നിലാവ്..... നിലാവിന്റെ നടപ്പാതയിലൂടെ നടക്കുവാൻ എന്ത് രസം!

ഇന്നെന്തോ മഴയെക്കണ്ടില്ല പിണക്കമാണെന്ന് തോന്നുന്നു. ആരും കാണാതെ മഴ നനയുക എന്റെ മറ്റൊരു കിറുക്കായിരുന്നല്ലോ ഗ്രാമത്തിൽ നിന്ന് നഗരത്തിലേക്കുള്ള കൂടുമാറ്റം എന്നിൽ മാറ്റങ്ങൾ വരുത്തിയോ? ഇല്ല.....? ഇപ്പോഴും ധാരാളം സ്വപ്നങ്ങൾ കാണാറുണ്ട് കൂടുതലും മഴയും പൂഴയും ഹരിതവർണ്ണങ്ങളും.....

ചിത്രം വരച്ചിട്ട് ഏറെ നാളായി. ഈ ആണ്ടിൽ ഒന്നും തന്നെ ചെയ്തില്ല. എന്റെ ചായക്കൂട്ടുകൾ ഉണങ്ങിത്തുടങ്ങി. എന്തോ..... മനസ്സിന്റെ ക്യാൻവാസ് ശൂന്യമാകുന്നുവോ? ഒരാൾ രൂപം പോലും വരയ്ക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. പ്രിയ കൂട്ടുകാരാ..... ഇടവഴികളിൽ ഊന്നുവടിയായി നീ എനിക്കോതിത്തന്ന - പ്രസിദ്ധ ഉത്തരേന്ത്യൻ ചിത്രകാരനായ "സുധീർ പട്‌വർദ്ധ"ന്റെ വാക്കുകൾ ഓർത്തു പോയി.

"മനുഷ്യരൂപം വരയ്ക്കുക എന്നത് ക്ലേശകരവും ഉത്തരവാദിത്വവുമുള്ള ജോലിയാണ്. ജനങ്ങളെ വരയ്ക്കാതെ അല്ലെങ്കിൽ മനുഷ്യരൂപങ്ങൾ വരയ്ക്കാതെ ഞാൻ ചിത്രകാരൻ ആകുക ന്യായീകരിക്കാവുന്നതല്ല. മനുഷ്യനെ അതേ പടി പകർത്തിവയ്ക്കുന്നതിലല്ല ഞാൻ എന്ന അവസ്ഥയുമായി താരതമ്യപ്പെടുത്തി വരയ്ക്കുന്നതിലാണ് ശരിയായ നിലനില്പ്."

സുധീർ പട്‌വർദ്ധൻ

മെഴുകുതിരി ഉരുകി തീർന്ന് അണയാൻ പോകുന്നു. നാളെയൊരു സുപ്രഭാതത്തിന്റെ ഉണർവിനായി ഇപ്പോൾ ഞാൻ ഉറങ്ങട്ടെ.....

സന്ധ്യ

അവസാന വർഷ എം. എസ്. സി

ലഹരി

കരയരുതമ്മേ! എൻ വിറയാർന്ന കൈകൾ കൊ-
ണ്ടറിയില്ലെനിയ്ക്കു നിന്നശ്രു നീക്കാൻ
പുലരിത്തണുപ്പിന്റെ മറ നീക്കി ദൂരത്തൊ-
രലയാഴി മാറത്തു വലയുമായ് പോയിടും
മകനെ നീ യാത്രയയപ്പു
കൂടിയിൽ വിശപ്പിന്റെയെരിതീയിൽ വെന്തിട്ടു-
മണയാത്ത മൺചിരാതിന്നരണ്ട വെട്ടത്തിൽ
പലഹാരപ്പൊതിയുമായച്ഛനെക്കാത്തിടും
ചെറുപേരമക്കളും; വിയർപ്പിന്റെ ഗന്ധമോ-
ടരികത്തണഞ്ഞിടും പ്രിയനായ് കരഞ്ഞിടും
മരുമകൾ, അല്ല മകൾക്കൊപ്പമന്നിയ്ക്കു പുത്രന്റെ
വരവു നീ നോക്കിയിരിപ്പു
വഴിയിൽ വിറച്ചു വേച്ചിരവിന്റെ കൈകളിൽ
ലഹരിതൻ താളത്തിലിഴയുന്ന കാൽകളിൽ
കുഴയുന്ന നാക്കിൽ നിന്നുതിരുന്ന വാക്കുമായ്
പടികേറിയെത്തുമീയരുമക്കിടാവിന്റെ
'മുഖശ്രീ' യിന്നു നീ കണ്ടു
ചോരത്തിളപ്പിന്റെയോളത്തിനന്ത്യമീ-
ച്ചോരയാൽത്തീർക്കുവാനെന്തിനോ തുവെള്ള-
ച്ചേലയിൽ മൂടിയ ദേഹമീച്ചാണക-
ത്തറയിൽ മയങ്ങിക്കിടപ്പതും കണ്ടു നീ
"മദ്യമത്രേ വിഷക്കൈനഖത്താൽ കഴു-
ത്തറ്റം മുറിച്ചു വധിച്ചെന്റെ കുഞ്ഞിനെ
വിധിയാണിതെന്നു ഞാനില്ല ചൊല്ലാനെല്ലാം
ലഹരിപ്പിശാചിന്റെ ചെയ്തിയല്ലേ!
കരയുവാനിരുകൺകളുണ്ടതിൽക്കണ്ണീരു-
മതുമാത്രമേയിനിച്ചെയ്വതുള്ളൂ"
ഹൃദയം പിളർക്കുമാറലറിക്കരഞ്ഞു നീ-
യിനിയെനിക്കിത്രയേ ചൊല്ലുവാനുള്ളിതിൽ-
ക്കരയരുതമ്മേയെൻ വിറയാർന്ന കൈകളാൽ
കഴിയില്ലെനിയ്ക്കു കണ്ണീരകറ്റാൻ!

ജോപോൾ
ഒന്നാം വർഷ ബോട്ടണി വിദ്യാർത്ഥി

ENTRANCE MADE EASY

MED/ENGG ENTRANCE COACHING FOR I PDC II PDC XIth CBSE, XIIth CBSE ICSE Students AT

CHAVARA COLLEGE OF ADVANCED STUDIES

Chavara Cultural Centre, Karikkamuri, Near South Rly. Station Cochi - 11

Phone : 374224, 344166, 318145

ആദരാജ്ഞലികൾ

എൻ. എൻ. പിള്ള

എനിക്കസുഖമോ? ഇനിക്കൊരസുഖവുമില്ല. ഉണ്ടെങ്കിൽ ഒരു ഡോക്ടറും കണ്ടുപിടിച്ചിട്ടുമില്ലിതുവരെ. ദാ നോക്കൂ ഞാൻ ഇപ്പോഴും പൂർണ്ണ ആരോഗ്യവാനാണ്. കൈകൾ രണ്ടും വിടർത്തിനീട്ടി നെഞ്ചു വിരിച്ചു പറയുമായിരുന്നു. അതാണ് സാക്ഷാൽ എൻ. എൻ. പിള്ള. 79-ാം മത്തെ വയസ്സിലും വാർദ്ധക്യത്തിന് കീഴടങ്ങാതെ സജീവമായി കലാരംഗത്ത് നിലയുറപ്പിക്കുവാൻ കഴിഞ്ഞ വ്യക്തിത്വം. വളരെവൈകിയാണെങ്കിൽ കൂടി മലയാള സിനിമാരംഗത്ത് ഒരു ഗോഡ് ഫാദറായി പ്രേക്ഷകനമസ്സുകൾ കീഴടക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. ആസ്വാദകരുടെ പിന്നാലെ പോകാത്ത ഒരു നാടക കൃത്തായിരിരുന്നു അദ്ദേഹം. എൻ. എൻ. പിള്ള എന്ന നാടകകൃത്തിന്റെ പിന്നാലെ ആസ്വാദകർ പോവുകയായിരുന്നു. തനിക്കു പൊരുത്തപ്പെടാനാവത്ത എല്ലാം മുഖത്തു നോക്കി ധൈര്യപൂർവ്വം എതിർക്കുവാനും പരിഹാസത്തിന്റെ കൊടുവാൾ കൊണ്ട് അവയെ അരിഞ്ഞു വീഴ്ത്തുവാനും ഒട്ടും മടിക്കാണിച്ചിട്ടില്ല, ആ വ്യക്തിത്വം.

എം. കെ. കൃഷ്ണൻ

അരങ്ങയറ്റം ചൂഷണത്തിനും അടിച്ചമർത്തലിനും ഇരിയായിക്കഴിയുന്ന സമൂഹത്തിലെ അധ്രുസ ഥിത വിഭാഗത്തിന്റെ കയ്യിലെ ആയുധമായി കമ്യൂണിസ്റ്റ് സംഘടന പ്രവർത്തിക്കണമെന്ന് അദ്ദേഹം തെളിയിച്ചു. ആ വിഭാഗത്തിൽ ജനിച്ചൊരാൾ എന്ന നിലയിൽ ജീവിതത്തിലുടനീളം അധഃസ്ഥിത ജനവിഭാഗങ്ങൾക്കു വേണ്ടി അവിരാമം നടത്തി പോരാട്ടങ്ങൾ.

കമുകറ പുരുഷോത്തമൻ

കൈരളിയുടെ ഗായകൻ. കാൽനൂറ്റാണ്ടോളം തനതായ ശൈലിയിൽ മലയാളത്തനിമയുള്ള ഗാനങ്ങൾ കേരളജനതയ്ക്ക് സമ്മാനിച്ച അപൂർവ്വ പ്രതിഭ. കലയെ കച്ചവടമായിക്കാണാതെ ഒരു ജീവിത പരസ്യമാക്കി മാറ്റിയ ഈ കലാകാരൻ തന്റേതായ ഗാനങ്ങളിലൂടെ മലയാളിയുടെ മനസ്സിൽ ഇന്നും നിറഞ്ഞു നിൽക്കുന്നു.

കെൻസരോവീവ

പ്രശസ്തസാഹിത്യകാരനും ഒരു പരിസ്ഥിതി വാദിയും ന്യൂനപക്ഷാവകാശ നേതാവുമായിരുന്നു കെൻസരോവീവ. പ്രകൃതി നശീകരണം മൂലം നിലനിൽപുതന്നെ അപകടത്തിലായ നൈജീരിയയിലെ ന്യൂനപക്ഷ ഓഗാനി ഗോത്രക്കാർക്കു വേണ്ടിയുള്ള പോരാട്ടത്തിനു നേതൃത്വം നൽകിയതിന് ഭരണകൂടം വീവയുടെ മേൽ കൊലക്കറ്റും ചുമത്ത വധശിക്ഷയ്ക്ക് വിധിക്കുകയായിരുന്നു. ആക്രമത്തിനും അനീതിയ്ക്കുമെതിരെ, സ്വാന്ത്ര്യത്തിനു വേണ്ടി മുറവിളികൂട്ടുന്ന കറുത്തവർഗ്ഗക്കാരനെതിരെയുള്ള വെളുത്ത ഭരണകൂടത്തിന്റെ വെറുപ്പിന്റെ അവസാനത്തെ രക്തസാക്ഷി

വി. സാംബശിവൻ

കഥാപ്രസംഗ വേദികളിൽ ഏകദേശം അരനൂറ്റാണ്ടോളം പൂർത്തിയാക്കിയ അതുല്യകലാകാരൻ. പീഡിതരുടെ മോചനഗാഥയുമായെത്തിയ വസന്തഗായകൻ..... അരനൂറ്റാണ്ടോളം കേരളത്തിലെ കലാസാംസ്കാരിക രംഗത്ത് നിറഞ്ഞുനിന്ന അതുല്യ പ്രതിഭ. വിശ്വസാഹിത്യം സാധാരണക്കാരനിലെത്തിച്ച കലാ പ്രവർത്തകൻ. അധ്വാനിക്കുന്നവന്റെ അവകാശബോധം കഥപറഞ്ഞുണർത്തിയ വിപ്ലസേനാനി. കാലവും കണ്ണീരും കൈകോർത്ത ജീവിതമഹാ പ്രവാഹമായിരുന്നു അദ്ദേഹത്തിന്റെ കഥകൾ. കാലം മുഴക്കിയ പോർവിളികളായി മലയാള മണ്ണിൽ അവ ഇന്നും നിറഞ്ഞു നിൽക്കുന്നു.

തേവര തിരുഹൃദയ കലാലയ യൂണിന്റെ 1995 – 96 വർഷത്തെ പ്രവർത്തന റിപ്പോർട്ട്

വിദ്യാർത്ഥികളുടെ പൊതുവേദിയായ കലാലയ യൂണിയൻ അവരുടെ സർഗ്ഗ പ്രതിഭ ഉണർത്തുവാനുള്ള വേദി എന്ന നിലയ്ക്ക് ഉയർത്തികൊണ്ടു വരുവാൻ കലാ കായിക സാംസ്കാരിക സാമൂഹിക വിദ്യാഭ്യാസ മണ്ഡലങ്ങളെ സ്പർശിച്ചുകൊണ്ടുള്ള മികവുറ്റ പരിപാടികളുമായി ഈ കലാലയ യൂണിയൻ 95-96 വർഷത്തിൽ മുന്നോട്ടു വരാൻ കഴിഞ്ഞു.

വളരെയേറെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് വളരെയൊക്കെ ചെയ്യുവാൻ സാധിച്ചുവെന്നു അഹങ്കരിക്കാതെ സങ്കല്പങ്ങൾ കർമ്മപഥത്തിൽ എത്തിച്ചു എന്നുള്ള സമാശ്വാസത്തിന്റെയും ആത്മനിർവൃതിയുടെയും ഒരു വർഷത്തെ യൂണിയൻ പ്രവർത്തനങ്ങൾ കൊണ്ടു സാധിച്ചു എന്ന ഉത്തമ വിശ്വാസത്തോടെ യൂണിയൻ വക്താവ് എന്ന നിലയിൽ ഈ റിപ്പോർട്ട് നിങ്ങൾക്ക് മുമ്പിൽ സമർപ്പിക്കുന്നു.

സംഘർഷം വിടപറഞ്ഞ നിമിഷങ്ങളിൽ വളരേയധികം പ്രതീക്ഷകളുടെ നിറവുപോലെയായിരുന്നു കലാലയ യൂണിയൻ തിരഞ്ഞെടുപ്പു നടന്നത്. വരണ്ട ആശയങ്ങളും വിരസങ്ങളായ യൂണിയൻ പ്രവർത്തന ദിവസങ്ങളും കണ്ടു മടുത്ത വിദ്യാർത്ഥികൾ ഉദ്ഘാടന സമാപനങ്ങളിൽ മാത്രമൊതുങ്ങാത്ത പ്രവർത്തനങ്ങളെ സ്വപ്നം കണ്ടു കൊണ്ടാണ് തെരഞ്ഞെടുപ്പിനെ നേരിട്ടത്.

തികച്ചും സമാധാനപരമായ ഒരന്തരീക്ഷത്തിൽ ആശയങ്ങൾ തമ്മിൽ ഏറ്റുമുട്ടിയ ചൂടുള്ള തിരഞ്ഞെടുപ്പിലൂടെ 1995 ഓഗസ്റ്റ് 31-ന് യൂണിയൻ ഭരണ സാരഥ്യത്തിലേയ്ക്ക് ഒരുപറ്റം കഴിവുറ്റ വിദ്യാർത്ഥികൾ തിരഞ്ഞെടുക്കപ്പെട്ടു.

ചെയർമാനായി മാത്യു ജോർജ്ജ്, വൈസ് ചെയർമാനായി എലിസു എം. എം., ജനറൽ സെക്രട്ടറിയായി ഷാഹുൽ ഹമീദ് കെ. എം., ആർട്ട്സ് ക്ലബ് സെക്രട്ടറിയായി സുബ്രഹ്മണിയൻ ശാന്തകുമാർ, എഡിറ്ററായി രാജേഷ് കെ, യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലർമാരായി രാജേഷ് വി. വി, രജീഷ് കുമാർ ആർ., വനിതാ പ്രതിനിധികളായി ബബിത ബേബി, സറീന എ. എം., ഒന്നാ വർഷ പ്രീഡിഗ്രി പ്രതിനിധിയായി അനു പ്രവീൺ രണ്ടാം വർഷ പ്രിഡിഗ്രി പ്രതിനിധിയായി സോഹൻ ലാൽ, ഒന്നാം വർഷ ഡിഗ്രി പ്രതിനിധിയായി രാജേഷ് പി., രണ്ടാം വർഷ ഡിഗ്രി പ്രതിനിധിയായി ജെറി അലക്സ്, മൂന്നാം വർഷ ഡിഗ്രി പ്രതിനിധിയായി ഉണ്ണികൃഷ്ണൻ കെ. കെ. രണ്ടാം വർഷ പി. ജി. പ്രതിനിധിയായി സംജാദ് എന്നിവരാണ് യൂണിയനിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ടത് പിന്നീടു പട്ടികജാതി-പട്ടിക വിഭാഗത്തിന്റെ പ്രതിനിധിയായി പുഷ്പൻ വി. ആർ നെയും സ്പോർട്സിന്റെ ജനറൽ ക്യാപ്റ്റനായി സുജിത്ത് എ. എസ്സിനെയും യൂണിയൻ തിരഞ്ഞെടുത്തു.

സ്ഥാനാരോഹണ ചടങ്ങ്

സെപ്റ്റംബർ 18-ാം തിയ്യതി തേവര തിരുഹൃദയ കലാലയത്തിന്റെ ബഹുമാനപ്പെട്ട പ്രിൻസിപ്പൽ റവ. ഫാ. ഡോ ജോസ് കുരിയേടത്ത് 95-96 വർഷത്തെ കലാലയ യൂണിയൻ ഭാരവാഹികളെ സ്ഥാനമേല്പിച്ചു. യൂണിയൻ അംഗങ്ങൾക്കു വേണ്ടി തിരഞ്ഞെടുക്കപ്പെട്ട ചെയർമാൻ മാത്യു ജോർജ്ജ് പ്രിൻസിപ്പളിൽ നിന്നു സത്യവാചകം ഏറ്റുചൊല്ലി കലാലയ യൂണിയൻ ഭരണസാരഥ്യം ഏറ്റെടുത്തു.

കോളേജ് യൂണിയൻ ഉദ്ഘാടനം

1995-96 വർഷത്തെ യൂണിയൻ പ്രവർത്തനോൽഘാടനം ഒക്ടോബർ മാസം 11-ാം തിയ്യതി ആരാധ്യനായ കൊച്ചി നഗരസഭാധ്യക്ഷൻ ശ്രീ. സോമസുന്ദര പണിക്കർ രണ്ടായിരത്തോളം വരുന്ന വിദ്യാർത്ഥി വിദ്യാർത്ഥിനികളെയും, അദ്ധ്യാപകരെയും സാക്ഷി നിർത്തികൊണ്ടു ഭദ്രദീപം കൊളുത്തി നിർവ്വഹിച്ചു. തദ്വസരത്തിൽ മലയാള സിനിമയ്ക്ക് പുത്തൻമാനം നല്കി കൊണ്ടു സ്വതസിദ്ധമായ ശൈലിയിലൂടെ മലയാള മനസ്സുകളെ എന്നും ആകർഷിച്ചിട്ടുള്ള, കഥാ, തിരക്കഥ, സംഭാഷണം എന്നീ നിലകളിലും പ്രസിദ്ധി നേടിയിട്ടുള്ള പ്രശസ്ത സിനിമാതാരം ശ്രീ. ശ്രീനിവാസനും, ഫിനാൻഷ്യൽ എക്പ്രസ്സിന്റെ എഡിറ്ററും സാമൂഹിക പ്രവർത്തകനുമായ ശ്രീ. ഗോവിന്ദൻ കുട്ടി, തേവര തിരുഹൃദയ കലാലയത്തിന്റെ ബഹു. പ്രിൻസിപ്പൽ റവ. ഫാ. ഡോ. ജോസ് കുരിയേടത്ത് എന്നിവർ ആശംസകൾ നേർന്നു കൊണ്ട് സംസാരിച്ചു. കോളേജ് യൂണിയൻ ചെയർമാൻ മാത്യു ജോർജ്ജിന്റെ അധ്യക്ഷതയിൽ ചേർന്ന ഉദ്ഘാടന ചടങ്ങിന് ജന. സെക്രട്ടറി ഷാഹുൽഹമീദ് സ്വാഗതവും, യൂണി. യൂണി. കൗൺസിലർ ശ്രീ. രാജേഷ് വി. വി. നന്ദിയും പറഞ്ഞു.

ഉച്ചയ്ക്ക് ശേഷം സദസ്സിനെ ആനന്ദ ലഹരിയിൽ ആഴ്ത്തിയ കൊച്ചിൻ ഹരിശ്രീ യുടെ ഗാനമേളയും ഉണ്ടായിരുന്നു.

കേരള പിറവി ദിനാഘോഷങ്ങൾ

അസാധാരണമായ, കേരളത്തിന്റെ തനതായ വേഷത്തിൽ കാമ്പസിനെ കേരളീയമയമാക്കുന്ന വിദ്യാർത്ഥികൾളുൾപ്പടെ കാമ്പസിനു മൊത്തം നവംബർ 3ന് കോളേജ് യൂണിയൻ സംഘടിപ്പിച്ച കേരളപ്പിറവി ദിനാഘോഷങ്ങൾ മാറ്റുകൂട്ടി. മലയാളത്തിന്റെ തനിമ ഉൾകൊണ്ടു കൊണ്ടുള്ള മത്സരങ്ങളാണ് അന്നേ ദിവസം അരങ്ങേറിയത്. ഒന്നാം വർഷ എം. എസ്സ്. സി. ബോട്ടണി വിദ്യാർത്ഥിനി ബിന്ദു. പി. കെ. മലയാള മങ്കയായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ രണ്ടാം വർഷ ഇക്കണോമിക്സ് ബിരുദ വിദ്യാർത്ഥിയായ രഞ്ജു ആൻറണി മലയാള ശ്രീമാൻ എന്ന ബഹുമതി കരസ്ഥമാക്കി.

മലയാളത്തിൽ നിന്നുള്ള പഴയ ഗാനങ്ങളുടെ മത്സരത്തിൽ ഒന്നാം വർഷ പ്രിഡിഗ്രിയിലെ പൂഷ്പൻ വി. ആർ. രണ്ടാം വർഷ പ്രിഡിഗ്രിയിലെ സനിൽ ജോസഫ് രണ്ടാം വർഷ എം കോമിലെ സലില എന്നിവർ യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ പങ്ക് വച്ചു. തുടർന്ന് സുന്ദരിക്കൊരു പൊട്ട് എന്ന രസകരമായ മത്സരവും ഉണ്ടായിരുന്നു.

നവംബർ ഒന്നിനു ബസ്സ് സമരം ആയതിനാൽ കേരള പിറവി ദിനാഘോഷം ഈ വർഷം നവംബർ മൂന്നിലേയ്ക്ക് മാറ്റി സംഘടിപ്പിക്കുകയായിരുന്നു.

ആർട്ട്സ് ക്ലബ്ബ് ഉദ്ഘാടനം

സ്വതസിദ്ധമായ ശൈലിയിലുള്ള നൂറുങ്ങു കവിതകളും അതിലൂടെ ആരെയും ആകർഷിക്കുന്ന വലിയ കാര്യങ്ങളും വിദ്യാർത്ഥികളടങ്ങുന്ന നിറഞ്ഞ സദസ്സിനോടായി ഉപദേശിച്ചു കൊണ്ടും ഈ വർഷത്തെ ആർട്ട്സ് ക്ലബ്ബ് പ്രവർത്തനങ്ങളുടെ ഉദ്ഘാടനം പ്രശസ്ത മലായള കവി ശ്രീ. കുഞ്ഞുണ്ണി മാഷ് 1995. ഒക്ടോബർ 31-ാം തിയ്യതി ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു. തദവസരത്തിൽ തേവര കലാലയത്തിന്റെ

ബഹുമാന്യനായ പ്രിൻസിപ്പാൾ റവ. ഫാ. ഡോ. ജോസ് കുരിയേടത്ത്, ഇംഗ്ലീഷ് വിഭാഗത്തിലെ അദ്ധ്യാപകനും, മികവുറ്റ കലാകാരനുമായ പ്രൊഫ. സി. എസ്. ജയറാം എന്നിവർ ആശംസകൾ അർപ്പിച്ചുകൊണ്ട് സംസാരിച്ചു. വൈസ് ചെയർമാൻ എലിസു എം. എം. ന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ഉദ്ഘാടനചടങ്ങിന് ആർട്ട്സ് ക്ലബ്ബ് സെക്രട്ടറി ശ്രീ. സുബ്രഹ്മണ്യൻ ശാന്തകുമാർ സ്വാഗതവും, യൂണി. യൂണി. കൗൺസിലർ ശ്രീ. രമീഷ് കുമാർ ആർ. നന്ദിയും പറഞ്ഞു. മുറ്റത്തെ മുല്ലയ്ക്കും മണമുണ്ട് എന്ന് തെളിയിക്കുന്നതായിരുന്നു ഇതിനോടനുബന്ധിച്ചു നടന്ന കലാപരിപാടികൾ. തികച്ചും പ്രൊഫഷണൽ ട്രൂപ്പിനോട് കിടപിടിക്കുന്ന വിധത്തിലുള്ള കോളേജിലെ വിദ്യാർത്ഥികൾ അവതരിപ്പിച്ച ഡാൻസ്, ഗാനമേള എന്നിവ അന്നേ ദിവസത്തെ ചടങ്ങിന് മിഴിവേകി.

ഭീമ ഹർജ്ജി

എറണാകുളം ഭാഗത്തുനിന്നും തേവര ഫെറി ഭാഗത്തേക്കുള്ള ബസ്സുകളുടെ നിസ്സഹകരണവും സമയ ക്ലിപ്തതയില്ലായ്മയും മൂലം വിദ്യാർത്ഥികൾ അനുഭവിക്കേണ്ടിവരുന്ന യാത്രാ ക്ലേശത്തിനു അടിയന്തിര പരിഹാരം ആവശ്യപ്പെട്ടു കൊണ്ട് കലാലയത്തിലെ രണ്ടായിരത്തിനു മേൽ വരുന്ന വിദ്യാർത്ഥികൾ ഒപ്പിട്ട ഒരു ഭീമ ഹർജ്ജി കലാലയ യൂണിയൻ ഭാരവാഹികൾ 1995 നവംബർ 29 നു എറണാകുളം സിറ്റി ട്രാഫിക് പോലീസ് കമ്മീഷണർ ശ്രീ. തോമസ് ജോർജ്ജിന് സമർപ്പിക്കുകയുണ്ടായി.

ഇതേ തുടർന്നു പോലീസ് വിഭാഗത്തിൽ നിന്നു കൈകൊണ്ട അടിയന്തിര നടപടികളെ തുടർന്നു കൃത്യസമയങ്ങളിൽ ബസ്സുകൾ ഓടിക്കുകയും അവ സ്റ്റോപ്പുകളിൽ നിർത്തുകയും വഴി ഈ പ്രശ്നത്തിനു പരിഹാരം കാണാനായി.

കലോത്സവ് 95 ന്റെയും അരങ്ങിന്റെയും ഉദ്ഘാടനം.

കൂടുതൽ വിദ്യാർത്ഥികൾക്ക് അവസരം ഒരുക്കുന്നതൊടൊപ്പം മികവു പുലർത്തുന്ന കലാകാരന്മാർക്ക് വേദി ഒരുക്കുക എന്ന ലക്ഷ്യത്തോടെ കലാലയ യൂണിയൻ നടത്തുവാനുദ്ദേശിക്കുന്ന **അരങ്ങ്** എന്ന കലാസാംസ്ക്കാരിക പരിപാടിയുടെയും കലോത്സവ് 95ന്റെ യും ഉദ്ഘാടനം തിരുഹൃദയ കലാലയത്തിന്റെ ബഹു. പ്രിൻസിപ്പൽ ഫാ. ജോസ് കുരിയേടത്ത് നിർവ്വഹിച്ചു. കോളേജ് ചെയർമാൻ മാത്യു ജോർജ്ജിന്റെ അധ്യക്ഷതയിൽ ചേർന്ന ചടങ്ങിനു ആർട്ട്സ് ക്ലബ്ബ് സെക്രട്ടറി സുബ്രഹ്മണ്യൻ സ്വാഗതവും ജന. സെക്രട്ടറി ഷാഹുൽ ഹമീദ് നന്ദിയും പ്രകാശിപ്പിച്ചു. ഇതേ തുടർന്നു കലാലയത്തിലെ വിദ്യാർത്ഥികൾ നടത്തിയ ഫാഷൻ ഷോയും ജൂഡോയുടെ ഡെമോൺട്രേഷനും ഉണ്ടായിരുന്നു.

കലോൽസവ് - '95

മഹാത്മാഗാന്ധി സർവ്വകലാശാലാ യൂണിയൻ യുവജനോത്സത്തിനു മുന്നോടിയായി 1995 ഡിസംബർ മാസം 8, 9 തിയതികളിൽ കലോൽസവ് - '95 എന്ന പേരിൽ തേവര തിരുഹൃദയ കലാലയത്തിന്റെ യുവജനോത്സവം നടത്തുകയുണ്ടായി. ഇതിൽ സംഗീതം, നൃത്തം, സാഹിത്യം, ഫൈൻ ആർട്ട്സ് എന്നിവയിലായി 44 ഇനങ്ങളിൽ കലാമത്സരങ്ങൾ നടത്തുകയുണ്ടായി.

രണ്ടാം വർഷ പ്രിഡിഗ്രി വിദ്യാർത്ഥി സനിൽ ജോസഫ് കലാപ്രിഭയായും രണ്ടാം വർഷ പ്രിഡിഗ്രിയിലെ തന്നെ ഷഹനാസ് ഹബീബ് കലാതിലകമായും തിരഞ്ഞെടുക്കപ്പെട്ടു.

ചലച്ചിത്രോത്സവം

കാലിക ദൈനം ദിന പ്രസക്തിയുള്ള വിഷയങ്ങൾ വിദ്യാർത്ഥികൾക്കു മുന്നിൽ സിനിമ എന്ന മാദ്ധ്യമത്തിലൂടെ അവതരിപ്പിക്കുക എന്നതായിരുന്നു 1996 ജനുവരി 25, 26 തിയതികളിൽ സംഘടിപ്പിച്ച ചലച്ചിത്രോത്സവത്തിലൂടെ കലാലയ യൂണിയൻ ലക്ഷ്യമാക്കിയത്. മണിരത്നത്തിന്റെ വർഗ്ഗീയ വിദ്വേഷത്തിനു മുൻതൂക്കം നൽകി സംവിധാനം ചെയ്ത 'ബോംബെ' എന്ന തമിഴ് ചലച്ചിത്രം, നീതിയുക്തമായ പ്രവർത്തനത്തിനിടയിൽ രാഷ്ട്രീയത്തിന്റെ കറുത്ത മുഖങ്ങളോടു മല്ലിടുന്ന ഒരു പോലീസ് ഉദ്യോഗസ്ഥന്റെ കഥ തുറന്നു കാണിക്കുന്ന 'കമ്മീഷണർ', രാജസേനന്റെ ഹിറ്റ് കുടുംബ ചിത്രങ്ങളിലൊന്നായ 'മേലെപറമ്പിൽ ആൺ വീട്' എന്ന രണ്ട് മലയാള ചലച്ചിത്രങ്ങളുമാണ് ചലച്ചിത്രോത്സവത്തിൽ ഉൾപ്പെടുത്തിയിരുന്നത്.

ഏകദിന ശില്പശാല – 1996 ഫെബ്രുവരി 3 ന്

കലാലയ യൂണിയന്റെയും റൈറ്റേഴ്സ് ക്ലബ്ബിന്റെയും സംയുക്താഭിമുഖ്യത്തിൽ തിരുഹൃദയ കലാലയത്തിൽ വച്ച് 1996 ഫെബ്രുവരി മൂന്നാം തിയതി ഒരു ഏകദിന ശില്പശാല സംഘടിപ്പിച്ചു. കൊച്ചിയിലെ സ്കൂൾ ഓഫ് ക്രിയേറ്റീവ് പേർസ്പക്റ്റീവിലെ ഡോ. പ്രസാദ് രാവിലെ പത്ത് മുതൽ വൈകിട്ട് നാല് വരെ നടന്ന ശില്പശാലയ്ക്ക് നേതൃത്വം നല്കി.

സ്നേഹഭവൻ സന്ദർശനം

യൂണിയൻ പ്രവർത്തനം കലാലയത്തിനുള്ളിലൊതുക്കി നിർത്താതെ അത്യാവശ്യം പുറത്തേയ്ക്കും വ്യാപിപ്പിച്ച് കൊണ്ടുള്ള ഒരു പരിപാടിയായിരുന്നു 1996 ജനുവരി 27-ാം തിയതി പള്ളുരുത്തിയിലെ സ്നേഹഭവൻ സന്ദർശനം. നൂറോളം വരുന്ന കുരുന്നു ഹൃദയങ്ങൾക്ക് സ്നേഹവും സന്തോഷവും പകരാൻ ഈ സന്ദർശനം സഹായിച്ചു.

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ഫെസ്റ്റിവൽ

തൃപ്പൂണിത്തുറയിൽ വെച്ച് 1996 ഫെബ്രുവരി 28 മുതൽ മാർച്ച് 3 വരെ നടന്ന മഹാത്മാഗാന്ധി സർവ്വകലാശാല യൂണിയൻ സംഘടിപ്പിച്ച പതിനൊന്നാമത് യുവജനോത്സവത്തിൽ തേവര തിരുഹൃദയ കലാലയത്തിൽ നിന്നും ഒരു നല്ല ശതമാനം വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുവാൻ യൂണിയന് കഴിഞ്ഞു.

മത്സരങ്ങളിൽ രണ്ടാം വർഷ പ്രിഡിഗ്രി വിദ്യാർത്ഥിനിയായ സോണ എ. നായർ ഓട്ടംതുള്ളലിൽ ഒന്നാം സ്ഥാനവും, ഒന്നാം വർഷ പ്രിഡിഗ്രിയിലെ വിദ്യാർത്ഥിനി രശ്മി യു. മോണോ ആക്ടിൽ രണ്ടാം സ്ഥാനവും, രണ്ടാം വർഷ പ്രിഡിഗ്രി വിദ്യാർത്ഥിനിയായ ഷഹനാസ് ഹബീബ് ഇംഗ്ലീഷ് കവിതാ രചനയിൽ മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് കലാലയത്തിന്റെ പേര് ഉയർത്തിക്കൊണ്ടു വരുവാൻ ഒരു പരിധിവ

യൂണിയന് സാധിച്ചു. 85 കോളേജുകൾ മാറ്റുരച്ച പരിപാടിയിൽ 40-ാം സ്ഥാനത്തു നിന്നും 15-ാം സ്ഥാനം എങ്കിലും കരസ്ഥമാക്കുവാൻ നമ്മുടെ കോളേജിന് കഴിഞ്ഞു എന്നുള്ളത്, ആർട്ട്സ് ക്ലബ്ബിന്റെ പ്രവർത്തനങ്ങളിൽ അഭിനന്ദാർഹമായ ഒന്നാണ്.

അരങ്ങ്

നൈസർഗ്ഗീക വാസനകൾ മനസ്സിൽ ഒരുക്കി ഒരു വേദിക്കായി ആഗ്രഹിക്കുന്ന ഒരു വിഭാഗത്തിനു അവരുടെ അന്തലീനമായ പ്രതിഭകളെ തൊട്ടുണർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി കലാലയ യൂണിയൻ ആസൂത്രണം ചെയ്തതാണ് **അരങ്ങ്** എന്ന കലാസംസ്ക്കാരിക വേദി.

യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലർ ആർ. രഞ്ജിഷ് കുമാറിന്റെ നേതൃത്വത്തിൽ ചിട്ടപ്പെടുത്തി അവതരിപ്പിക്കപ്പെട്ട അരങ്ങിന്റെ പരമ്പരകൾ വിദ്യാർത്ഥികളിൽ ഉത്സാഹം ജനിപ്പിച്ചു. ഉച്ചയ്ക്ക് 1.15 മുതൽ 1.55 വരെയുള്ള സമയങ്ങളിൽ 1996 ജനുവരി 18-ാം തിയതി മുതൽ എല്ലാ വ്യാഴാഴ്ചകളിലും തുടർച്ചയായി അഞ്ച് വേദികളിൽ നടന്ന അരങ്ങ് വിജയപ്രദമായി സംഘടിപ്പിക്കുവാൻ സാധിച്ചു. ഇതിൽ ഫെബ്രുവരി 1-ാം തിയതി ഒന്നാം വർഷ ബി. കോമിലെ ദീപക് ദേവരാജന്റെ നേതൃത്വത്തിലും ഫെബ്രുവരി 28-ാം തിയതി കോളേജ് ദിനാഘോഷത്തോടനുബന്ധിച്ച് ഒന്നാം വർഷ മാത്സിലെ ഡാനിയുടെ നേതൃത്വത്തിലും നടത്തപ്പെട്ട ഗാനമേളകൾ സദസ്സിനെ സംഗീത സാന്ദ്രമാക്കി. കൂടാതെ ജനുവരി 18, ഫെബ്രുവരി 8, 15 തിയതികളിൽ നടന്ന അരങ്ങിന്റെ വിവിധ കലാപരിപാടികൾ മികവുറ്റതായിരുന്നു. പാഠ്യസമയം നഷ്ടപെടുത്താതെ കൂടുതൽ വിദ്യാർത്ഥികൾക്ക് അവസരം ഒരുക്കാൻ ഇതിലൂടെ കഴിഞ്ഞു എന്നുള്ളത് അഭിനന്ദനാർമായ ഒന്നാണ്.

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി യൂണിയൻ അഭിപ്രായ വോട്ടെടുപ്പ്.

മഹാത്മാഗാന്ധി സർവകലാശാലയുടെ കീഴിലുള്ള കലാലയങ്ങളിൽ യൂണിവേഴ്സിറ്റി യൂണിയൻ സംഘടിപ്പിച്ച അഭിപ്രായ വോട്ടെടുപ്പിൽ നമ്മുടെ കലാലയവും പങ്കു ചേർന്നു. 1996 ജനുവരി 29, 30 എന്നീ ദിവസങ്ങളിൽ നടത്തപ്പെട്ട വോട്ടെടുപ്പിൽ സാഹിത്യം, കലാ-കായിക രംഗം, രാഷ്ട്രീയം, വിദ്യാഭ്യാസ സമ്പ്രദായം എന്നീ വിവിധ മേഘലകളെ സ്പർശിച്ചുകൊണ്ടു തയ്യാറാക്കപ്പെട്ട ഒരു ചോദ്യാവലിയായിരുന്നു വിദ്യാർത്ഥികൾ അഭിമുഖീകരിച്ചത്. പ്രിഡിഗ്രി, ഡിഗ്രി, പോസ്റ്റ് ഗ്രാജുവേറ്റ് എന്നിങ്ങനെ എല്ലാ തട്ടുകളിലേയും വിദ്യാർത്ഥി വിദ്യാർത്ഥിനകളെ ഇതിൽ ഉൾപ്പെടുത്താൻ തേവര തിരുഹൃദയ കലാലയ യൂണിയനു സാധിച്ചു.

സ്പോർട്ട്സ്

കായിക രംഗത്ത് ഏറെ സംഭാവനകൾ നൽകാൻ സാധിച്ച നമ്മുടെ കലാലയത്തിന്റെ പ്രതിഭകൾ ആവേശത്തോടെ മാറ്റുരച്ചു. സ്പോർട്ട്സ് മീറ്റിനോടനുബന്ധിച്ച് രണ്ടാം വർഷ പ്രിഡിഗ്രി വിദ്യാർത്ഥിയും, യൂണിവേഴ്സിറ്റി താരവും, ജനറൽ ക്യാപറ്റനും, ഈ വർഷത്തെ വ്യക്തിഗത ചാമ്പ്യനായ സുജിത്ത് എ. എസ്സിന്റെ നേതൃത്വത്തിൽ നടന്ന സ്പോർട്ട് മീറ്റ് ഏറെ പുതുമകൾ സമ്മാനിച്ചു എന്നു നമുക്ക് അഭിമാനിക്കാം.

പോളിയോ നിർമ്മാർജന പദ്ധതി

1995 ഡിസംബർ, 1996 ജനുവരി എന്നീ മാസങ്ങളിൽ പോളിയോ ഇല്ലാതാകുക എന്നതിനായി മുമ്പോട്ടു കൊണ്ടുവന്ന പോളിയോ നിർമ്മാർജന യജ്ഞത്തിൽ കലാലയ യൂണിയൻ ഭാരവാഹികൾ അവരുടെ പ്രദേശങ്ങളിൽ ഇതിനായി പ്രവർത്തിച്ചു.

യൂണിയൻ പ്രവർത്തനങ്ങൾ എടുത്തു പറയാവുന്ന ഏതാനും നേടങ്ങളാണ് ഇവിടെ വിവരിച്ചത് ആ പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച് ഒരു അദ്ധ്യായന വർഷം സാമാന്യം സജീവമായ വിദ്യാർത്ഥി പങ്കാളിത്തത്തോടെ പ്രവർത്തിപ്പിക്കുവാൻ യൂണിന് സാധിച്ചു എന്നതിനു സന്തോഷമുണ്ട്. വിദ്യാർത്ഥികൾ ഞങ്ങളെ ഏല്പിച്ച വിശ്വാസത്തെയും പ്രതീക്ഷകളെയും യാഥാർത്ഥ്യമാക്കുവാൻ കഴിഞ്ഞുവോ എന്ന ഞങ്ങൾക്കറിയില്ല എങ്കിലും നിങ്ങൾ അസംതൃപ്തരല്ല, നിരാശരല്ല എന്നു ഞങ്ങൾക്കുറപ്പുണ്ട്. പൊയ്മുഖങ്ങളുടെ നാട്യങ്ങളും ജാടകളുടെ പൊങ്ങച്ചങ്ങളും കണ്ടുമടുത്ത നിങ്ങൾക്കു കുറെ നല്ല നിമിഷങ്ങൾ സമ്മാനിക്കുവാൻ കഴിഞ്ഞു എന്ന ചാരിതാർഥ്യത്തോടെ സൂരിക്കട്ടെ. ഈ നിമിഷങ്ങളെ ഒരുക്കുവാൻ ജീവനും രക്തവുമായ ഞങ്ങളെ സഹായിച്ച നിങ്ങളൊരൊരുത്തരോടും പ്രത്യേകിച്ച് ഞങ്ങളെ എന്നും ഉപദേശങ്ങളിലൂടെയും ശാസനകളിലൂടെയും വിജയത്തിലേയ്ക്ക് നയിച്ചിട്ടുള്ള ബഹു. പ്രിൻസിപ്പാൾ, വൈസ് പ്രിൻസിപ്പാൾ, സ്റ്റാഫ് അഡ്വൈസർ, മറ്റ് അദ്ധ്യാപകർ, അനദ്ധ്യാപകർ എന്നിവരോടുള്ള നിസീമമായ നന്ദിയും കടപ്പാടും ഈ അവസരത്തിൽ വ്യക്തമാക്കുന്നു.

1995 ഡിസംബർ 24-ാം തിയതി ഇടുക്കിയിൽ നടന്ന നാഷണൽ സർവ്വീസ് സ്കീമിന്റെ ദശദിന ക്യാമ്പിൽ മരണപ്പെട്ട രണ്ടാം വർഷ പ്രീഡിഗ്രി വിദ്യാർത്ഥി രാജേഷ് എൻ. എസിന് ആദരാജ്ഞലികൾ അർപ്പിച്ചു കൊണ്ടും 1995-96 നു നഷ്ടമായ എല്ലാ ജീവിതങ്ങളെയും ഞങ്ങൾ ആദരാജ്ഞലികളോടു സ്മരിച്ച് കൊണ്ടും ഞാൻ ഈ റിപ്പോർട്ടു അവസാനിപ്പിക്കുന്നു.

എന്ന്,
ഷാഹുൽ ഹമീദ്
ജനറൽ സെക്രട്ടറി,
കോളേജ് യൂണിയൻ

വിദ്യാർത്ഥികളുടെ സമഗ്രവികസനത്തെ ലക്ഷ്യമാക്കി ഐക്കഫ് തേവര തിരുഹൃദയ കലാലയത്തിൽ

1995-96 അധ്യയന വർഷത്തെ തേവര കോളേജ് ഐക്കഫ് യൂണിറ്റിന്റെ വാർഷിക പ്രവർത്തന റിപ്പോർട്ട്

നവാഗതർക്ക് സ്വാഗതം

കോളേജ് പ്രിൻസിപ്പൽ ഫാ. ജോസ് കുരിയേടത്ത് അധ്യക്ഷത വഹിച്ച ചടങ്ങിൽ മുൻ പ്രസിഡന്റ് രഞ്ജിത്ത് വർക്കി ജോസഫ് തന്റെ ഐക്കഫ് അനുഭവങ്ങൾ പങ്കുവെച്ചു. അഡ്വൈസർ റവ. ഫാ. ജോസഫ് പൂണേലി, പ്രസിഡന്റ് ജോസ് എം. വി. എന്നിവരും സന്നിഹിതരായിരുന്നു. മുൻ സോണൽ അഡ്വൈസർ ബ്രദർ ഹെൻറി ഐക്കഫിനെക്കുറിച്ച് വിവരിച്ചു. തുടർന്ന് ഐക്കഫ് അംഗങ്ങൾ വിദ്യാർത്ഥികൾക്ക് ടൈംടേബിൾ കാർഡുകൾ നൽകി.

പ്രവർത്തനങ്ങളുടെ ഔപചാരിക ഉദ്ഘാടനം

1995 - 96 അധ്യയന വർഷത്തെ പ്രവർത്തനങ്ങളുടെ ഔപചാരിക ഉദ്ഘാടനം വാഗ്മിയും പ്രസിദ്ധ അഡ്വക്കേറ്റുമായ ശ്രീമതി. വാലി വിൻസെന്റ് 1995 ആഗസ്റ്റ് 29-ാം തിയതി കോളേജ് ഓഡിറ്റോറിയത്തിൽ പ്രിൻസിപ്പാൾ ഫാ. ജോസ് കുരിയേടത്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വച്ചു നിർവ്വഹിച്ചു. പ്രസ്തുത ചടങ്ങിൽ റവ. ഫാ. ജോസഫ് പൂണേലി, ജോസ് എം. വി., ശാന്തി തോമസ്, രഞ്ജിത്ത് വർക്കി ജോസഫ് തുടങ്ങിയവർ സംസാരിച്ചു. സനിൽ ജോസഫിന്റെ ഗാനവും രഞ്ജിത്ത് വർക്കി ആൻഡ് പാർട്ടി അവതരിപ്പിച്ച നൃത്ത പരിപാടിയും ചടങ്ങിന് മാറ്റു കൂട്ടി.

ത്രിദിന ക്യാമ്പ്

ഐക്കഫിന്റെ ആഭിമുഖ്യത്തിൽ ഒരു ത്രിദിന ക്യാമ്പ് ഒക്ടോബർ 1, 2, 3 തീയതികളിൽ തേവര കോളേജിൽ വച്ചു നടത്തി. ക്യാമ്പിന് നേതൃത്വം നല്കിയത് കാലടി സമീക്ഷയിലെ ശ്രീ മധു, ശ്രീ ബോസ്കൊപോൾ, ഡോ. റോയി, ശ്രീ കെ. കെ. ജോസഫ് എന്നിവരായിരുന്നു. മുൻ യൂണിറ്റ് പ്രസിഡന്റ് രഞ്ജിത്ത് വർക്കിയും എക്സ് ഐക്കഫർ വിജൊ ഗാസ്പറും ക്ലാസുകളെടുക്കുന്നതിൽ സഹകരിച്ചു. വൈവിധ്യമാർന്ന വിഷയങ്ങളിൽ വെളിച്ചം വീശുന്നതോടൊപ്പം കളികളിലൂടെയും വിനോദങ്ങളിലൂടെയും വിദ്യാർത്ഥികൾക്ക് മാനസീകോല്ലാസം പ്രദാനം ചെയ്യാനും എല്ലാത്തിനുപരി അംഗങ്ങൾക്കിടയിൽ സഹകരണ മനോഭാവം വളർത്തുവാനും ക്യാമ്പ് സഹായകരമായി.

ഏകദിന സെമിനാർ

നവംബർ 25-ാം തിയതി കോളേജിൽ വച്ച് നടത്തിയ സെമിനാർ സെൽഫ് ഇമേജ്, സോഷ്യൽ അവെയർനസ് എന്നീ വിഷയങ്ങളിൽ ശ്രീ മധു, ബോസ്കൊ പോൾ എന്നിവർ ക്ലാസുകളെടുത്തു.

ക്രിസ്തുമസ് ആഘോഷം

1995 ഡിസംബർ 18-ാം തിയതി കോളേജ് ഓഡിറ്റോറിയത്തിൽ വച്ചു നടത്തിയ ക്രിസ്തുമസ് ആഘോഷങ്ങളിൽ ഐക്കഫ് യൂണിറ്റ് സുപ്രധാന പങ്ക് വഹിച്ചു. ഗാനങ്ങളും സംഗീതവും പരിപാടിയ്ക്ക് മാറ്റുകൂട്ടിയ ചടങ്ങിൽ മുഖ്യാതിഥി, ഫാ. ജോസഫ് പാലക്കൽ ആയിരുന്നു.

മീഡിയ സെമിനാർ

മാധ്യമങ്ങളുടെ വർദ്ധിച്ചുവരുന്ന പ്രചാരം കണക്കിലെടുത്ത് '96 ജനുവരി 13-ാം തിയതി നടത്തിയ മീഡിയാ സെമിനാർ ഫാ. സോണി എസ്. ജെ. നേതൃത്വം നൽകി.

ഏകദിന എക്സ്പോഷർ പ്രോഗ്രാം

1996 ജനുവരി 20-ാം തിയതി ഗാന്ധിനഗർ ഉദയാ കോളനിയിൽ ഫാ. ജോസഫ് പൂണേലി, ജിയോ, ജോളി തുടങ്ങിയവരുടെ നേതൃത്വത്തിലാണ് പ്രസ്തുത പരിപാടി സംഘടിപ്പിച്ചത്. കുട്ടികളുമായി നല്ല സ്നേഹബന്ധം പുലർത്തുവാനും അവരും നമ്മളോടു തുല്യരാണെന്ന ബോധം ഉളവാക്കാനും ഈ പരിപാടി വളരെയധികം സഹായിച്ചു.

24 എക്സിക്യൂട്ടിവ് മീറ്റിംഗുകളും 16 ജനറൽ ബോഡി മീറ്റിംഗുകളും നടത്തിയ ഈ വർഷത്തെ പ്രവർത്തനങ്ങൾ ഒരു വിജയമാക്കിത്തീർക്കാൻ സാധിച്ചതിന് എല്ലാവിധ സഹകരണങ്ങളും തന്ന പ്രിൻസിപ്പൽ ഫാ. ജോസ് കുരിയേടത്തിനും മാനേജർ ഫാ. ഓസ്റ്റിൻ മുളേരിക്കലിനും എല്ലാ ഐക്കഫ് അംഗങ്ങളുടെയും പേരിൽ പ്രത്യേകം നന്ദി രേഖപ്പെടുത്തികൊള്ളുന്നു. ഐക്കഫ് അഡ്വൈസറായ പൂണേലിയച്ചനും ആനിമേറ്റേർസ് ആയ സി. റോസിലിക്കും ആർ. കെ. വർഗ്ഗീസ് സാറിനും ഈയവസരത്തിൽ ഞങ്ങളുടെ ആദരവും നന്ദിയും അർപ്പിക്കുന്നു. പരിപാടികളുടെയെല്ലാം വിജയത്തിന്റെ പിന്നിൽ പ്രവർത്തിച്ച നിങ്ങളെല്ലാവരുടെയും സഹായ സഹകരണങ്ങൾ ഒരിക്കലും മറക്കാനാവുന്നതല്ല. എല്ലാത്തിനുമുപരി ഈ ഉദ്യമങ്ങൾക്ക് തണ്ണെ പ്രാപ്തരാക്കിയ സർവ്വശക്തനായ ദൈവത്തിനോടുള്ള കടപ്പാട് വാക്കുകളിൽ ഒതുക്കാനാവില്ല.

എന്ന് സെക്രട്ടറിമാർ
ശാന്തി തോമസ്, സനിൽ ജോസഫ്

സ്നേഹഗീതം

മനസ്സിന്റെ മാണിക്യവീണയിൽ മ പ
മധുരമൊരുനാദമേ മൃദുലമാം ശബ്ദമേ
മാമകർഹൃത്തിന്റെ മേടയിൽ മൂർത്തിമത്-
ഭാവങ്ങളാടുന്ന ധന്യമാം സ്നേഹമേ!

നിയെന്ന രാഗാദ്രഭാവമില്ലെങ്കിൽ ഞാൻ
നീറി, നീറിപ്പുകയായിത്തകർന്നിടും
നീയെന്ന മോഹനദീപ്തിയില്ലെങ്കിൽ ഞാൻ
നാളുകൾ മുമ്പേ മരിച്ചേനെ തീർച്ചയായ്

ദുഃഖങ്ങളാകിലും നിൻ പേരിലുള്ളൊരു
ദുഃഖങ്ങളൊക്കെയും എത്ര സുഖകരം
സ്നിഗ്ദ്ധരാഗങ്ങളാൽ നീകൊരുത്തീടുന്ന
മുഗ്ദ്ധമാല്യങ്ങളിലെത്രവസന്തങ്ങൾ

മോഹമായ് - മോഹഭംഗങ്ങളുണരുമൊരു
മൗനമായ് - നിന്നിലലിയുന്ന നിമിഷമോ-
ജ്വാലയായ് - വികാരം ജ്വലിക്കുമൊരു-
ദാഹമായ് - സ്നേഹമേ നീയെന്റെ ജീവനായ്
സ്നേഹമേ നീയെന്റെ ജീവനായ്

ഇന്നു ചൊല്ലുന്നു ഞാൻ നീമാത്രമാണെന്റെ
ഇന്ദ്രിയങ്ങളാരാധിക്കുമൊദീശ്വരി!
ഈയുഗശില്പികൾ സൃഷ്ടിച്ചതല്പനീ
ഈ വികാരത്തിന്റെ സൃഷ്ടിയായ് തീർന്നു നീ
ഈ വികാരത്തിന്റെ സൃഷ്ടിയായ് തീർന്നു നീ

വിനയൻ

Exhibition of Exclusive
Wedding Cards
and
all occasion
Invitation Cards

VALAVI'S
WEDDING CARD
GALAXY

40/5851, 1ST FLOOR,
T.D. SANNIDHI ROAD,
M.G. ROAD JUNCTION,
KOCHI - 35.

VALAVI & CO

Estd. 1899
BROADWAY, ERNAKULAM
COCHIN - 31
PHONE : 353765

Wedding Cards, Paper Plates,
Napkins, Disposable Teacups,
Printing Machines and Accessories,
Soda Making Machines
ad Accessories etc.

VALAVI CARDS

PROVIDENCE ROAD
OPP. SI FLATS, COCHIN - 18
PHONE : 391561

We undertake Printing in
Letter Press & Screen
Wedding Cards, Visiting Cards
Wedding Gift Bags
& All Invitation Cards
(Urgent Printing Undertaken)

With Best Compliments from

ABHILASH BUILDERS

MINI TOWERS, SRM ROAD
COCHIN - 682 018.
PHONE 341509

PHONE : 360 604

AtCHIPS

Software Systems Pvt. Ltd., Sahithya Parishath Building,
Hospital Road, Cochin - 682 011.

COMPUTER COURSES

*** Short term, Specialised and Career Oriented ***

COMPUTER TIME SHARING

*** For Additional Practice and Learning ***

COMPUTER BASED ENTRANCE TRAINING

*** Long Term and Convenient Timings ***

ഒരു ഗുരുസ്മൃതി.

സായാഹ്നത്തിൽ ഉമ്മറപ്പടികളിലിരുന്നു വിശ്രമിക്കുമ്പോൾ എന്തിനെന്നറിയില്ല, മനസ്സ് അനന്തപുരിയെക്കുറിച്ചുള്ള ഓർമ്മകളിലേയ്ക്കുളിയിട്ടു.

പ്രീഡിഗ്രിയ്ക്കു പഠിച്ച കോളജിനെയും ഒപ്പം പഠിച്ച സുഹൃത്തുക്കളെയും ചുറ്റിക്കറങ്ങിയിരുന്ന ഊടുവഴികളെയും താണ്ടി എന്റെ മനോരഥം എന്നിലേയ്ക്കുതന്നെ മടങ്ങുവാൻ തിരിഞ്ഞപ്പോൾ എന്തോ ഒരു അപൂർണത അനുഭവപ്പെട്ടു. പെട്ടന്നു തികട്ടിവന്ന ഈരടികൾ എന്റെ മനോരഥത്തിലെ അശ്വങ്ങളുടെ കടിഞ്ഞാൺ അയച്ചുവിട്ടു.

പന്ത്രണ്ടുമക്കളെപ്പെറ്റൊരമ്മേ നിന്റെ

മക്കളിൽ ഞാനാണു ഭ്രാന്തൻ.

പന്ത്രണ്ടുരാശിയും നീറ്റുമമ്മേ, നിന്റെ

മക്കളിൽ ഞാനാണനാഥൻ.

മലയാളക്കരയാകെ കവിതാപ്രേമികളുടെ നാവിൽ തത്തിക്കളിച്ച വരികൾ. ആ വരികളുടെ സ്രഷ്ടാവ് ഇന്നു കേരളത്തിലെ ഏറ്റവും പ്രചാരമുള്ള കവിയാണ്. ഓരോ ശിശുരോദനത്തിലും ഒരു കോടി ഈശ്വരവിലാപം കേൾക്കുന്ന, ഓരോ കരിന്തിരിക്കോണിലും ഒരായിരം ദേവനൈരാശ്യം ദർശിക്കുന്ന പ്രൊഫ. വി. മധുസൂദനൻ നായർ. തുമ്പ സെൻറ് സെൻറ് സേവ്യേഴ്സ് കോളജിൽ മലയാള വകുപ്പു മേധാവിയായി സേവനമനുഷ്ടിയ്ക്കുമ്പോഴും, മലയാളികളുടെ മനസ്സിൽ കുളിരുകോരിയിടുന്ന കവിതാമാരിയൊരുക്കുമ്പോഴും, ലാളിത്യത്തിന്റെ പുഞ്ചിരിയും തൂകി തോളിലൊരു തുണിസഞ്ചിയുമായി നടന്നകലുന്ന മധുസൂദനൻ നായർ സാർ.

തന്റെ കവിതകളിലെ സംസ്കൃതപദബാഹുല്യം ശ്രദ്ധയിൽ പെടുത്തിയ പത്രലേഖകനോട് അദ്ദേഹം പറഞ്ഞു. കുമാരനാശാന്റെയും എഴുത്തച്ഛന്റെയും കവിതകൾ പോലും എല്ലാവർക്കും പെട്ടെന്ന് ആസ്വദിക്കാൻ പറ്റില്ല. ഒരു കവിതയിലെ എല്ലാ പദങ്ങളും ആർക്കും പ്രാപ്യമല്ല. പക്ഷേ, പൊതുവായ ഒഴുക്കിൽ അറിയാത്ത പദങ്ങൾ പോലും ശക്തിയോടെ ഹൃദയത്തിൽ പതിക്കും. പുതിയ ആശയത്തെ ഉൾക്കൊള്ളുന്ന ഭാഷ കവിതയ്ക്കു വേണ്ടതുണ്ട്.

മധുസൂദനൻ സാറിന്റെ കവിതകളിൽ ശ്രദ്ധ പിടിച്ചു പറ്റിയ ഒന്നാണ് ഭാരതീയം ഒരിക്കൽ എന്റെ പഴയ കലാലയത്തിൽ ആ കവിത അവതരിപ്പിക്കുമ്പോൾ കവി പറഞ്ഞു. ഈ കവിതയെഴുതുമ്പോൾ ഞാൻ മറിയം റഷീദയെയോ, ഫൗസിയാ ഹസനെയോ, രമൺ ശ്രീവസ്തവയെയോ പറ്റി കേട്ടിട്ടുണ്ടായിരുന്നില്ല. എങ്കിലും ഈ സംഭവങ്ങൾക്കിടയിൽ ആലപിക്കാവുന്നതിനുചിതമാണ് ഈ കവിതയെന്നെനിയ്ക്കു തോന്നുന്നു. അന്നു കേരളജനതയെ ആകർഷിച്ച ചാരവൃത്തികേസിന്റെ പശ്ചാത്തലത്തിൽ കവി അപ്രകാരം പറയുവാൻ നിർബന്ധിതനായെങ്കിൽ ഇന്നു ചന്ദ്രസ്വാമിയും ദാവൂദ് ഇബ്രാഹിമും പഞ്ചാബ് തീവ്രവാദി സംഘടന ബിമൽ ഖൽസയുമൊക്കെ കവിതയ്ക്കു മറ്റൊരു പശ്ചാത്തലം പ്രധാനം ചെയ്യുമായിരിക്കണം. എന്തുമാകട്ടെ, ആ കവിതയ്ക്കു നൂറ്റാണ്ടുകളെ അതിജീവിയ്ക്കാനുള്ള ശക്തിയുണ്ടെന്നു പറഞ്ഞേ തീരൂ. കാരണം അനുദിനം മൂല്യച്യുതിയിലേക്കു നീങ്ങുന്ന ഇന്നത്തെ ഭാരതത്തെ, മനസ്സിനെ പിടിച്ചുലയ്ക്കുന്ന ശക്തമായ ഭാഷയോടെയാണ് ആ കവിതയിൽ അവതരിപ്പിച്ചിരിക്കുന്നത്.

'അന്ധരാഹു കൊതിപ്പിച്ചോ-

രനാഥ ജ്യോത്സ്നയാണു ഞാൻ'

എന്നദ്ദേഹം പാടുന്ന 'ഗാന്ധർവ്വ'ത്തിൽ സംസ്കൃത ഭാഷയ്ക്ക് അദ്ദേഹത്തിലുള്ള പാടവം വ്യക്തമായി കാണുവാൻ സാധിയ്ക്കും. കുട്ടിക്കാലത്തു തന്നെയുള്ള സംസ്കൃതസ്വാധീനത്തെക്കുറിച്ചു സമ്മതിയ്ക്കുന്ന കവി സംസകൃതഭാഷ അപാരമായ ഒരു ഗണിതമാണ് എന്നായിരുന്നു തന്റെ തോന്നൽ എന്നു പറയുന്നു. അതു മലയാളത്തിൽ സമ്മേളിച്ചിട്ടുണ്ട്. ഇവയെല്ലാം കവിയുടെ ഭാഷയിൽ സമ്മേളിച്ചിരിക്കുന്നു.

മറ്റേതോ സ്ത്രീയുടെ എഴുത്തുകളാണെന്നു കരുതി ഭാര്യ എടുത്തുകൊണ്ടുവന്ന കത്തുകൾ തന്റെ അമ്മയുടേതാണെന്നോർക്കുന്ന കവിയുടെ ചിന്തകളാണ് അമ്മയുടെ എഴുത്തുകളിലെ പ്രതിപാദ്യം. അമ്മയുടെ വേദനയും ശാസനയും വേദോപദേശങ്ങളും നാട്ടുപുരാണങ്ങളും നീർവീഴ്ച മാറ്റാനുള്ള കുറിപ്പുകളുമെല്ലാം ആ എഴുത്തുകളിൽ

അടങ്ങിയിരിക്കുന്നുവെന്ന് കവി ഓർക്കുന്നു.

കവിയുടെ ഏറ്റവും പ്രശസ്തിനേടിയ കൃതി നാറാണത്തു ഭ്രാന്തൻ തന്നെയാണ്. പത്തു വർഷമായി മലയാളികൾ ആസ്വദിക്കുന്ന ഈ കൃതി വില്പനയിൽ കഥ, നോവൽ വിഭാഗങ്ങളെപ്പോലും പിന്നിലാക്കി. ചുടുകാട്ടിലരിയാതെരിഞ്ഞ തിരിയായ് നേരു ചികയുന്ന ഭ്രാന്തന്റെ, മൂകമുരുകുന്ന മൂഢന്റെ, നൊമ്പരം മലയാളി മാനസങ്ങളിലേയ്ക്കാഴ്ന്നിറങ്ങുന്നു. കോയ്മയുടെ കോലങ്ങളെരിയുന്ന ജീവിതച്ചൂടലയ്ക്കു കൂട്ടിരക്കുന്ന, കോലായിൽ മന്തുകാലുമായി തീകായാനിരിക്കുന്ന നാറാണത്തു ഭ്രാന്തന്റെ വേദന കവി എത്രയോ ഉചിതമായ ഭാഷയിലൂടെയാണ് അവതരിപ്പിച്ചിരിക്കുന്നത്.

മധുസൂദനൻ സാറിന്റെ കവിതയെപ്പറ്റിയോർക്കുമ്പോൾ മറക്കാനാകാത്ത ഒരു സത്യമുണ്ട്. അദ്ദേഹത്തിന്റെ കവിതയെക്കാൾ മനസ്സിൽ സ്ഥാനം പിടിക്കുന്നത് ആലാപനശൈലിയാണ്. ആസ്വാദകരെ ഒരു അവാച്യമായ അനുഭൂതിയുടെ തലത്തിൽ എത്തിയ്ക്കുവാൻ അദ്ദേഹത്തിന്റെ ശബ്ദത്തിനു സാധിക്കുന്നു. കാസറ്റുകളിലൂടെയാണ് അദ്ദേഹത്തിനു ജനപ്രീതി ലഭിച്ചതു തന്നെ. നാറാണത്തു ഭ്രാന്തന്റെ കാസറ്റ് ഇറങ്ങിക്കഴിഞ്ഞ് വർഷങ്ങൾക്കു ശേഷമാണ് ആ കൃതി പ്രസിദ്ധീകൃതമായത്.

കാസറ്റുകവിതകളുടെ പ്രചാരത്തെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ അഭിപ്രായം ശ്രദ്ധേയമാണ്. കവിത വായിയ്ക്കുമ്പോഴും ശബ്ദം തന്നെയാണ് പ്രധാനം. ഓരോ ലിപിയും ഒരു ശബ്ദത്തെ ഉള്ളിലുണർത്തുകയാണ് ചെയ്യുന്നത്. കവിത ഏകാന്തമായി ആസ്വദിക്കാനുള്ള ഒരുപാധി എന്ന നിലയിൽ ലിപിയെ താഴ്ത്തിക്കെട്ടാനാവില്ല. എന്നാൽ സാഹിത്യത്തിന്റെയും ഭാഷയുടെയും ഉത്ഭവം ലിപിയുടേതിനെക്കാൾ മുൻപാണ്. അതുകൊണ്ട് ലിപിയിൽ നിന്ന് ഉണ്ടാകുന്ന നാദത്തിനും കേൾക്കുന്ന നാദത്തിനും ഒരു പോലെ പ്രസക്തിയുണ്ട്. കവിതാകാസറ്റു വാങ്ങുന്നവർക്കു കിട്ടുന്നത് വെറും സംഗീതമല്ല. കാവ്യാസ്വാദനത്തിന് ഈ വഴി തന്നെ ഉചിതമാണ്. സാഹിത്യം ജനങ്ങളിലേയ്ക്കിറങ്ങിച്ചെല്ലുവാൻ ഈ മാർഗ്ഗം സഹായകമായി.

വിമർശനങ്ങളില്ലെങ്കിൽ ഒരു സാഹിത്യവും വളരുകില്ല. മധുസൂദനൻ സാറിന്റെ കവിതയ്ക്കും ഒട്ടേറെ വിമർശനങ്ങളുണ്ട്. ആ വാക്കുകൾക്കു ശബ്ദസുഖം മാത്രമേയുള്ളൂ, രണ്ടാമതൊരു വായനയ്ക്കു തോന്നിപ്പിയ്ക്കാത്ത ആഴം കുറഞ്ഞ കവിത. ആ കവിതകളെ പോപ്പ് കവിതകൾ എന്നു വിശേഷിപ്പിയ്ക്കുന്നവർ പോലുമുണ്ട്. എന്നാൽ ഒന്നു വിസ്മരിക്കുക ദുഷ്കരമാണ്. മലയാളിയുടെ ഹൃദയത്തിലേയ്ക്കുള്ള വഴി അദ്ദേഹം കണ്ടെത്തിയിരിക്കുന്നു. തിരിക്കേറിയ ഉദ്യോഗസ്ഥരും യുവാക്കൾ പോലും ആ ശബ്ദമധുരിമയ്ക്കുവേണ്ടി കാതോർക്കുന്നു.

മലയാളത്തിന്റെ മനസ്സറിഞ്ഞ ആ ഗുരുവിൽ നിന്ന് അദ്ദേഹത്തിനജ്ഞാതയായ ഈ ശിഷ്യയിലേയ്ക്ക് ഇവളുടെ മനോരഥം തിരിച്ചെത്തുമ്പോൾ അദ്ദേഹം ഓർമ്മകളുടെ പുസ്തകത്തിന്റെ മുൻതാളിൽ കോറിയിട്ട വരികൾ ഉറക്കെയുരുവിട്ടുപോയി

'കാലം മധുരമായി ചൊല്ലുന്ന

ഒരു വാക്കാവുക'

എൽവിൻ പോൾ കോനാട്ട്
Ist B.com

With best compliments from :-

COCHIN MOTORS

M.G. Road, Pallimukku, Cochin - 16
Phone : 363045, 355751, 369806

By Pass Jn., Edapally, Cochin - 24
Phone : 559418, 555983, 559521

അസ്വസ്ഥതയും അശ്രീയും

സൂര്യൻ ഉയർന്ന് പറന്ന് പറന്നങ്ങേയക
ലെയാഴിയിൽച്ചെന്നു മുങ്ങുമ്പോൾ കൊതുകുകളും,
സൂര്യൻ ആഴിയിൽനിന്നും പൊങ്ങിപൊങ്ങി
പറന്നിങ്ങെത്തുമ്പോൾ ഈച്ചകളും-
ഇല്ലാത്തൊരു രാജ്യമുണ്ടെന്ന് അയാൾ
ജനങ്ങളോട് കവലപ്രസംഗം ചെയ്തു!
അനന്തരം ജനങ്ങളയാളോട് ചോദിച്ചു
നമുക്കും നമ്മുടെ ഈ നാട്ടിൽ നിന്നും
കൊതുകുകളേയും ഈച്ചകളേയും ഉൻമൂലനം
ചെയ്ത് 'സ്വസ്ഥതയും ശ്രീയും' ഉണ്ടാക്കാനാവില്ലേ?
പ്രാസംഗികൻ മറുപടിയ്ക്ക് വൈകിയപ്പോ
ളാൾക്കൂട്ടത്തിൽ നിന്നൊരുത്തൻ പറഞ്ഞു,
'നാടിൻറ്റേയസ്വസ്ഥതയുമശ്രീയും
ഇല്ലാതാവാൻ മഴമതി മഴമാത്രം മതി
കൊതുകുകളേയും ഈച്ചകളേയും ഹിംസിയ്ക്കാൻ
മറ്റൊരുപായമുണ്ടാക്കുക ക്ലേശമെന്നതിനാൽ.
അയാളരുളി മഴമതിമഴമതിമഴ
പെയ്തീടാനാട് നമുക്കുകാത്തിരിയ്ക്കാം.'

സുപ്രിയൻ

JOBS ← +datapro

DATAPRO IS A DEFINITE PLUS IN YOUR JOB SEARCH

DIPLOMA IN COMPUTER MANAGEMENT

DURATION : One Year
ELIGIBILITY : Graduation/Undergraduation
SUBJECTS : COMPUTER FUNDAMENTALS, WORD, MS-WINDOWS, EXCEL, SSAD, INTRODUCTION TO LAN & E-MAIL, FOXPRO FOR WINDOWS.

datapro
INFOWORLD LTD
COMPUTER EDUCATION DIVISION

Cochin: Kodiyatt Chambers, Rajaji Road, Cochin - 35. ✆ 363247

SPACE Ad/'96

ശേഷം ചിന്തനീയം

ഐശ്വര്യപൂർണമായ? ഒരു ഓണവും കൂടി കടന്നു പോയി. ഓണക്കാലത്തിന് ശേണമാണിത് സംഭവിച്ചത്. രാവിലെ തന്നെ തന്റെ പ്രജകളുടെ കേട്ടറിഞ്ഞ എല്ലും മനസ്സിൽ തിട്ടപ്പെടുത്തി ഒരു പ്രഭാതത്തിൽ മാവേലിയും അസുരഗണവും ഒരു ബസ്സ്റ്റോപ്പിൽ വന്നിറങ്ങി. പ്രജാക്ഷേമതത്പരനായ മാവേലി തന്റെ സാമ്രാജ്യത്തെ സമഗ്രമായി ഒന്ന് വീക്ഷിച്ചശേഷം മുൻ പഠന ക്യാമ്പിന്റെ ആഹ്വാനമുൾക്കൊണ്ട് തൊട്ടടുത്ത് കണ്ട ചായക്കടയിലേക്ക് തിടുക്കത്തിൽ കയറിച്ചെന്നു. രാവിലെ കോളേടിച്ചല്ലോ എന്ന ചായക്കടക്കാരന്റെ പ്രതീക്ഷകളെ തകർത്ത് കൊണ്ടവർ പറഞ്ഞു.

ഞങ്ങൾ ..... ഗുരുകുലത്തിലെ അന്തേവാസികൾ. ഇവിടെ അടുത്ത് ഞങ്ങളുടെ സഹചരർ ആരെങ്കിലും വസിക്കുന്നുണ്ടോ ?

പേരും പ്രശസ്തിയുമുള്ള ഒരു ഗുരുകുലത്തിൽ നിന്നാണ് അവരുടെ വരവെന്നോർത്ത് ചായക്കടക്കാരൻ അറിയാതെ ബഞ്ച് വലിച്ചിട്ട് കൊടുത്തുപോയി. പറയും മുൻപേ ഇരുന്ന അവരെ നോക്കി അയാൾ ചിന്തിച്ചു.

ഇതായിരിക്കും ഗുരുകുലത്തിലെ പതിവ്. തരിമ്പ് കണ്ടാൽ എഴുതുന്നുപോലെ. (പണ്ട്)

അയാൾ പറഞ്ഞു. മൂന്ന് നാല് വീടുകൾക്കപ്പുറം നാലഞ്ചു കൊല്ലമായി ആ ഗുരുകുലത്തിൽ പോകുന്ന ഒരു കുട്ടനുണ്ട്. അതാ ആ കാണുന്നതാണ് വീട്. അയാൾ കാണിച്ചു.

നാലഞ്ച് കൊല്ലമോ? തെല്ലൊരു ആശങ്കയോടെ അസുര ഗണം പരസ്പരം നോക്കി. ഈ പരിപ്പ് ഇവിടെ വേഗുമോ. ?

അത് പോട്ടെ. ഈയടുത്ത് അവിടെ ചേർന്ന പത്ത് പതിനാറ് വയസ്സു വരുന്ന വേറെ കുട്ടൻമാരും?

ഗൗരവമായ ആലോചനയ്ക്കു ശേഷം ചായ കടക്കാരൻ പറഞ്ഞു. ഒരു കിലോമീറ്ററപ്പുറം അവിടെ ചേർന്ന ഒരു കുട്ടനുണ്ട്. വളരെ മോശം വഴിയാണ്.

അസുരഗണം വീട് തിട്ടപ്പെടുത്തി അന്നത്തെ പ്രഭാക്ഷേമാന്വേഷണം ആരംഭിച്ചു. ഇയിത്രയും ബുദ്ധിമുട്ടാണെന്ന് പഠന ക്യാമ്പിൽ വച്ച് അവരോർത്തിരുന്നില്ല. വിപ്ലവം ചുമക്കുന്ന സഞ്ചിമനുഷ്യർ സഞ്ചിയുടെ ഭാരത്താൽ ക്ഷീണിതരായപ്പോൾ അവർക്ക് തടവാൻ താടിയുണ്ടായിരുന്നു. പക്ഷെ വിയർപ്പിനൊപ്പം തങ്ങളുടെ വിപ്ലവ വീര്യവും ഒലിച്ച് പോയതായി അവരറിഞ്ഞു. എങ്കിലും ഇതാരും പുറത്ത് പറഞ്ഞില്ല.

പറയേണ്ടത് പറഞ്ഞും പഠിച്ചും അവർ ലക്ഷ്യസ്ഥാനത്തെത്തി. പൂമുഖത്ത് ആരെയും കണ്ടില്ല. അവരൊന്ന് പരുങ്ങി. എഴുതി കൊണ്ടിരുന്ന കുട്ടൻ പതുങ്ങി. അവൻ പതിയെ വാതിലടച്ചു.

'സഞ്ചി മനുഷ്യർ' ദൈവമേ അവരെന്തിന് ഇവിടെ വന്നു. കഴിഞ്ഞ ദിവസം തന്റെ ക്ലാസ്സ് മുറിയിൽ പച്ചത്തെറിയെഴുതിയിട്ട ദ്രോഹികളല്ലേ ഇവർ? പുസ്തകത്തിടേണ്ട സഞ്ചിയിൽ ആസിഡ് ബൾബും കഠാരയുമായി പേപിടിച്ച പട്ടികളെപ്പോലെ സ്വന്തം സഹപാഠികൾക്കെതിരെ അവരുടെ ചോരക്കായി പാഞ്ഞു നടന്നവരല്ലോ ഇവർ. ഇവരെന്തിന് ഇവിടെ വന്നു. ഞാനിവർക്കൊന്ത് ദ്രോഹം ചെയ്തു. കുട്ടൻ പേടിച്ച് സകലദൈവങ്ങളേയും വിളിച്ച് വാതിലിനിടയിലൂടെ പുറത്തേക്ക് നോക്കി.

സ്വകാര്യ ചർച്ചകൾക്ക് ശേഷം അസുരഗണം നീട്ടി വിളിച്ചു കുട്ടാ.....

വരുന്നത് വരട്ടെ എന്ന് കരുതി കുട്ടൻ വാതിൽ തുറന്നു. ലോകത്തിലെ എട്ടാമത്തെ അത്ഭുതം കണ്ട പ്രതീതിയായിരുന്നു കുട്ടന്. എന്ത് അവർ ചിരിക്കുന്നോ ?

അവർ കുട്ടനോട് പറഞ്ഞു ഞങ്ങളിവിടെ അടുത്ത് വരെ വന്നതാണ്. അപ്പോഴാണറിഞ്ഞത് കുട്ടന്റെ വീടിതാണെന്ന്. വരാതെ പോകൻ മനസ്സ് വന്നില്ല. കുട്ടന് സുഖമല്ലെ? പഠിപ്പൊക്കെ എങ്ങനെ?. ഞങ്ങൾ വന്നത് ശല്യമായില്ലല്ലോ? പഠിക്കുകയായിരുന്നോ?.

ശല്യമെന്ന് മനസ്സിലോർത്തെങ്കിലും ഇല്ലെന്ന് കുട്ടൻ തലയാട്ടി അത്ഭുതമതല്ല. ഇവരെങ്ങിനെ തന്റെ പേര് മനസ്സിലാക്കി. ആതിഥേയ മര്യാദയനുസരിച്ച് അവർക്കെല്ലാം കുട്ടൻ നാരങ്ങാവെള്ളം നൽകി. വെള്ളം കുടിച്ചപ്പോൾ അസുരഗണത്തിന്റെ മനസ്സിൽ നിരാഹാരം കഴിഞ്ഞ പ്രതീതിയായിരുന്നു. വെള്ളം കുടിച്ചവർ ചോദിച്ചു.

കുട്ടന്റെ കൂടെ ഇവിടെ നിന്ന് ഗുരുകുലത്തിലേക്ക് വരുന്നവർ ആരൊക്കെയാണ്?.

പാവം കുട്ടൻ അവരുടെയെല്ലാം പേരു പറഞ്ഞു. അസുര ഗണം അവരുടെയെല്ലാം വീട് തേടി യാത്രയായി. ക്ഷേമനേഷ ണങ്ങൾ അങ്ങിനെ സന്ധ്യയോടടുത്തു.

ഇനി നാളെ തുടരാം. പിറ്റെന്നത്തെ സ്റ്റോപ്പ് പറഞ്ഞവർ പലവഴിക്കായി പിരിഞ്ഞു. യാത്രാക്ഷീണം ഏറിയിരുന്നെങ്കിലും വിപ്ലവ (?) മനസ്സുകളിൽ ആനന്ദത്തിന്റെ തുടികൊട്ട്.

ഇന്ന് കയറിയ വീടുകൾ പത്ത് പതിനഞ്ച് വോട്ടെങ്കിലും കിട്ടാതെ വരുമോ ?

സെൽജോ ജോർജ്
Ist M.com.

ഗുരുവും ഞാനും

കാലം വിരിച്ച പട്ടുപരവതാനിയ്ക്കു
മുകളിൽ പുതുമനസ്സുമായ്
പൂക്കുവാൻ മോഹിക്കും പ്രതീക്ഷതൻ സപ്തമായ്
കാലത്തിൽ യാത്രയ്ക്കൊരു വർഷം കൂടി

ആപ്തവാക്യങ്ങൾ നെയ്യുന്ന പുതുമനസ്സിൽ
കൊഴിഞ്ഞകാലത്തിൻ സൗരഭയുടെ മണിച്ചെപ്പിൽ
വർത്തമാനത്തിൻ ജീവിതവൈകൃതത്തെ പിന്നിലാക്കുന്നയെൻ ബാല്യം
ഒന്നു ചൊല്ലുമ്പോളെതിരായ് മറ്റൊന്നു ചൊല്ലിയ ബാല്യം

ബാല്യത്തിനാരംഭമായ് ഞാനെൻ ഗുരുമുഖം കാൺകെ
വിധിയാദൃശ്യികമായ് കുറിച്ചെൻ ജീവിതസ്പന്ദനത്തിനാരംഭം
ഗുരുവിൻ സാമീപ്യമെന്നിൽ വിദ്യുതൻ വിദ്യുത്തരംഗം
അന്നെന്നിൽ പകർന്ന ജ്ഞാനമാണിന്നുമെൻ സാന്ത്വനമന്ത്രം

നവരസസമന്വിത സമ്മേളിതമാമീ നരജന്മത്തിൽ
ഓർമ്മകൾ വരിയിട്ടടുക്കി പണിത ഈ ശൃഷ്യതൻ ജീവിതധാരയിൽ
അധരങ്ങളാദ്യമായ് നുണഞ്ഞയമ്മിഞ്ഞപ്പാലിൻ മാധുര്യം പോൽ
എന്നെയാദ്യമായ് വിദ്യുതൻ ബാലപാഠം നുണയിച്ച ഗുരുവിനെ മറക്കുമോ ?

സ്മിത
IInd PDC III Group

YOU WANT TO FLY
24 HOURS 365 1/4 DAYS AND THEN
JOIN A $ 100 MILLION INDUSTRY.....
WHO IN THE WORLD
WOULD YOU TURN TO ?

ROYAL COLLEGE OF AIRLINES
&
TRAVEL MANAGEMENT
4TH FLOOR, CITY POINT, JOS JUNCTION
M.G. ROAD, ERNAKULAM
COCHIN - 682 016
CALL TODAY : 365722

ആശംസകളോടെ.

ചെങ്ങലായ് ജ്വല്ലേഴ്സ്
എം. ജി. റോഡ് നോർത്ത് എൻറ്
എറണാകുളം

വേദനയില്ലാതെ കാതുകുത്തുന്നു
ഫോൺ . 365587, 371515
വീട് . 364160

Prepare for
CAT, XLRI, IRMA, IIFT, FMS
& other **MBA** entrance exams
JOIN THE BEST INSTITUTE
OF KERALA & ANDHRA PRADESH
IIM/XLRI GRADUATES AS FACULTY
CONTACT US FOR 1996 - 1997 BATCH
CLASSES AT CHAVARA CULTURAL CENTRE

TIME
Institute of Management Education

C5, SAYED COMPLEX
DORAISWAMY IYER ROAD
COCHIN - 682 035
PHONE : 371774

BALASRUTHI
T.C. 9/2025 (3)
EDAPAZHANJI JN.,
TRIVANDRUM - 695 010. PHONE : 67885

2ND FLOOR, 95B, SIDAMSETTY COMPLEX, PARK LANE
SECUNDERABAD - 500 003 PHONE : 819116

ATTENTION! GRADUATES!
SO YOU THINK YOU ARE SMART!
WHO CARES?

We do, and we will get the world to give you your due recognition.

If you are one of the million people looking for a dynamic & challenging job we will give you the opportunity to prove your mettle. For the career - minded, seeking action oriented vacations with high value returns, we provide the right break. You have the qualifications, we have the contact. With a range of reputed companies for any and every job.

BUCON MARKETING PVT. LTD.
(Placement Division)
II Floor, Ambady Building,
Opp. Shenoy's Theatre, M.G. Road, Cochin - 35
Phone : 374416, Fax : 91-484-372608f

കിളിക്കൂട്

മാനവന് പാർപ്പിടത്തിനും ഇന്ധനത്തിനും വേണ്ടി വനപ്രദേശങ്ങൾ വെട്ടിനശിപ്പിച്ച് കോൺക്രീറ്റ് വനങ്ങൾ ഉയർന്നു വരുന്നത് നാം ഇന്നു മുതൽ 'നാളെ' വരെ കാണേണ്ടിവരും. എന്തു കൊണ്ടാണ് കോൺക്രീറ്റ് വനങ്ങൾ എന്നു പറയുന്നത്? വനങ്ങളിൽ വസിക്കുന്നത് മൃഗങ്ങളല്ലേ? മനുഷ്യൻ തന്റെ മൃഗീയത്വം കൊണ്ട് മൃഗങ്ങളെ പോലും വെല്ലുവിളിക്കുന്നു. മേൽ പ്രതിപാദിച്ച വിഷയത്തിന് ശീർഷകവുമായി, എന്തു ബന്ധം?.

നമുക്ക് അല്പം പിന്നോട്ടു പറക്കാം. പണ്ടു മുതൽക്കെ ഇൻഡ്യ ഒരു ബ്രിട്ടീഷ് കോളനിയായിരുന്നുവെന്ന് നമുക്കേവർക്കുമറിയാമല്ലോ. പിതാമഹൻമാർ സമ്പാദിച്ചു തന്ന പാരമ്പര്യം കൊണ്ടോ തലമുറകൾ കൈമാറി വന്നിട്ടും കോളനി എന്ന പദത്തോട് സ്നേഹരാഹിത്യം തോന്നാഞ്ഞിട്ടോ പലയിടത്തും ഹൗസിംഗ് കോളനികൾ ഉയർന്നു വരുന്നു. ചതുപ്പുനിലങ്ങളും വൃക്ഷലതാദികളും വെട്ടിമാറ്റി ആ കോൺക്രീറ്റ് രാക്ഷസൻമാർ ആധിപത്യം സ്ഥാപിക്കുന്നു. നഗര ഹൃദയത്തിൽ അവർ ആട്ടഹസിച്ചു ഉയർന്നു നില്ക്കുമ്പോൾ ഞാൻ പറയും ഇൻഡ്യ പുരോഗമിക്കുന്നു.

എന്നാൽ പക്ഷിമൃഗാദികളോട് നാം ചെയ്യുന്ന ക്രൂരതയല്ലേ അത്? ചെടികളും മരങ്ങളും ഇല്ലെങ്കിൽ അവരും ഇത്തരം കോൺക്രീറ്റ് വനങ്ങളിൽ സ്ഥാനം പിടിക്കുമെന്നുറപ്പ്.

മുൻപേ സൂചിപ്പിച്ചതു പോലെ അത്തരത്തിലുള്ള ഒരു ഹൗസിംഗ് കോളനിയിൽ ഞാനും വാസമുറപ്പിച്ചു. തുടക്കത്തിലെ ശാന്തത കളിയാടുന്ന ഒരു കോളനിയായി എനിക്ക് അനുഭവപ്പെട്ടു. എന്നാൽ പിന്നീട് അത് ഒരു വിയറ്റ്നാം കോളനിയോ ബ്രിട്ടീഷ് കോളനിയോ ആയിമാറിപോയി എന്ന് എനിക്ക് പറയേണ്ടി വരും. ലഹകളൊന്നുമുണ്ടായിട്ടല്ല മിണ്ടാപ്രാണികൾ മിണ്ടിതുടങ്ങിയപ്പോഴുണ്ടാകുന്ന ചെറിയ പൊല്ലാപ്പ്.

മുകളിൽ നാല് വീട്ടുകാർ താഴെ നാല്. ഇതായിരുന്നു ആ ഹൗസംഗ് പ്രോജക്ടിന്റെ മാതൃക. ഞങ്ങൾ വാസമുറപ്പിച്ചു ആ ബ്ലോക്കിൽ ഒരു ബ്രാഹ്മണനും മുസ്ലീമും പിന്നെ ഒന്നു രണ്ടു ക്രിസ്ത്യാനികളും. അങ്ങനെ മതമൈത്രിയിൽ ഞങ്ങളങ്ങനെ ജീവിതം തുടർന്നു.

കഴിഞ്ഞ രണ്ടു മാസവും ഞാൻ മുടങ്ങാതെ കോളേജിൽ പോയികൊണ്ടിരുന്നു. അതല്പം ദുരെയായിരുന്നതു കൊണ്ട് ഒരു ആറ് ആറരയാകുമ്പോൾ മേൽപാടിന്റെ വേദനയോടെ ഞാൻ കിടക്കവിട്ടെഴുന്നേക്കും. അങ്ങനെ സർവസാധാരണമായ ഒരു സുപ്രഭാതത്തിൽ, ഞാൻ എഴുന്നേറ്റപ്പോൾ മുറിയിലാകെ കിളിയൊച്ച അലയടിക്കുന്നു. അതും ഏതാണ്ട് ഡോൾബി സിസ്റ്റത്തിൽ കേൾക്കുന്നതു പോലെ. കിളികൾ അകത്തെങ്ങാനും കൂടു കൂട്ടിയോ? എനിക്കു സംശയമായി, പിന്നെ പരക്കെ അന്വേഷണം, അതു ചെന്നെത്തിച്ചത് വാതിലിനു മുകളിലുള്ള വെന്റിലേറ്ററിൽ ആണ്. അവ നിറുത്താതെ കരഞ്ഞു കൊണ്ടിരുന്നു. മനുഷ്യന്റെ ദുഃപ്രവൃത്തികൾക്കെതിരെ ഇൻകലാബ് വിളിക്കുന്നത് പോലെ.

കേട്ടാൽ കാര്യം നിസ്സാരം. ശക്തനായ മനുഷ്യന് ആ മിണ്ടാപ്രാണികളെ തുരത്തിയോടിക്കാം. എന്താണിത്രപ്പാട്, എന്നാൽ മനസ്സിലിരുപ്പ് ഫലവത്തായില്ല. ദിവസങ്ങൾ കടന്നു പോയി. അവ ചെറിയ തോതിൽ ആകാശബോംബിംഗും തുടങ്ങി. ഞങ്ങളുടെ ബ്ലോക്കിൽ താമസിച്ച ബ്രാഹ്മണനും പട്ടർക്കുമൊക്കെ അതിരാവിലെ അമ്പലത്തിലെത്തുന്നതിനു മുമ്പു തന്നെ പ്രസാദം ലഭിച്ചിരുന്നു. ഇങ്ങനെ എവരെയും കാഷ്ടിച്ചു കഷ്ടപ്പെടുത്തിയ കിളിയോട് എനിക്ക് വിരോധവും വെറുപ്പും തോന്നി.

അല്പനാൾ വളർത്തിയ പൂച്ചയെ ഏഴു കടലിന്നപ്പുറത്തു കൊണ്ടു ചെന്നാക്കിയാലും അവ തിരിച്ചെത്തും എന്നു പറഞ്ഞു കേട്ടിട്ടുണ്ട്. കിളിവർഗ്ഗവും ഒട്ടും മോശമായിരുന്നില്ല. പൂച്ചയെകുറിച്ചു ചിന്തിച്ചപ്പോഴാണ് പെട്ടന്ന് എന്റെ തലയിൽ വെളിച്ചം വീശിയത്.

നാട്ടിൽ നിന്ന് ഉടനെ മണിയൻ പൂച്ചയെ വീട്ടിലേക്ക് റിക്ക്വസ്റ്റ് ചെയ്തു. മുഗ്ഗത്തെ മുഗം കൊണ്ട് തന്നെ നേരിടാം. ഇതിനിടെ കിളിക്കൂടിലും അംഗസംഖ്യ വർദ്ധിച്ചു. ചുരുക്കം പറഞ്ഞാൽ അവിടെയും സംഭവിച്ചു ഒരു Population Explosion എതിരാളിയുടെ ആൾബലം വർദ്ധിച്ചു കണ്ടിട്ടാണെന്നു തോന്നുന്നു മണിയൻ എലികൾക്കു പിന്നാലെയും കൂടി.

പ്രശ്നം ഗുരുതരമായപ്പോൾ കിളി സമാജത്തിന്റെ പ്രശ്നം കോളനിസമാജത്തിന്റെ തീരുമാനത്തിന് വിട്ടുകൊടുത്തു. ഒന്നുകിൽ കൊല്ലുക അല്ലെങ്കിൽ വളർത്തുക. കൊല്ലുക എന്ന തീരുമാനത്തിൽ അത്ര യോജിപ്പുണ്ടായിരുന്നില്ല. എങ്കിൽ വളർത്തണം എങ്ങനെ?

ഒരു കിളിക്കൂട് കെട്ടണം? ദൈനംദിന ജീവിതത്തിന്റെ തിരക്കിലകപ്പെട്ട് മനുഷ്യന് കെട്ടാൻ സമയമില്ല. അപ്പോഴാണ്

ഒരു കിളിക്കൂട് കെട്ടുന്നത്. അങ്ങനെ കിളി ശല്യത്തിന്റെ പരാതിയുമായി കോളനി സമാജം ഭാരവാഹികളെ സമീപിക്കുമ്പോൾ അവർ ഏറെ വർഷിച്ചത് വാഗ്ദാനങ്ങളാണ്. കിളികളാകട്ടെ ഞങ്ങളുടെ മേൽ വർഷിച്ചത് ശുഭ്രവും അശുഭവുമായ മറ്റൊന്നാന്ന്. ശല്യം സഹിക്കാതെ ആയപ്പോൾ സമാജം ഭാരവാഹികൾ നാളെയാകട്ടെ, മറ്റെന്നാളാകട്ടെ എന്നോക്കെ പറയാൻ തുടങ്ങി. ശുഭാപ്തി വിശ്വാസത്തോടെ ഞങ്ങൾ കാത്തിരുന്നു. ഒടുവിലറിഞ്ഞു അസോസിയേഷനു ഫണ്ടില്ല, പണ്ടേയില്ല. എന്നാൽ ഞങ്ങൾക്കു ലോട്ടറിയടിച്ചതു പോലെ കിളിക്കൂടിന് ഒരു സ്പ്ലോൺസറെ കണ്ടെത്താനായി സാധിച്ചു. അവയെ തീറ്റിപോറ്റാനായി വാച്ച്മാൻ (കം) പക്ഷിപരിപാലകനെയും നിയമിച്ചു. ആ രക്ഷൻ ഞങ്ങളുടെ നേർച്ച ശമ്പളത്തിൽ കഴിഞ്ഞു കൂടി. അങ്ങനെ എല്ലാം പെട്ടെന്നവസാനിച്ചു.

ഇന്നും അന്നു സ്ഥാപിച്ച ആ കിളിക്കൂട് നില നില്ക്കുന്നു. പക്ഷേ നിശ്ലമായ ഓർമ്മകളുടെ സ്മാരകമായി മാത്രം.

ഓർമ്മകളിലെ ആ കിളിക്കൂട് ഇന്നത്തെ ഒരു കൊച്ചു രാജ്യമായും, കിളികൾ ജനങ്ങളായും, കിളികുഞ്ഞുങ്ങൾ വരും തലമുറയായും, മണിയൻ നുഴഞ്ഞുകയറ്റകാരനായും, സ്പ്ലോൺസർ സഹായിക്കുന്ന രാജ്യങ്ങളായും നാം സങ്കല്പിക്കുമ്പോൾ ഈ വിഷയം ആഗോള ചർച്ചാവിഷയമായി മാറുകയല്ലേ?

രവീന്ദ്രനാഥ ടാഗോറ് പറഞ്ഞതു പോലെ വസുധൈവ കുടുംബകം എന്ന ലക്ഷ്യം എന്നാണാവോ സഫലീകരിക്കാൻ പോകുന്നത്?

എബിസൺ ഡി. ആൻറണി
I DC Botany

ST. THOMAS COLLEGE

ESMAIL ESTATE,
OPP. POPULAR AUTOMOBILES,
MARKET CANAL ROAD, EKM.

Parallel Courses

* Pre-Degree (III & IV Gr.)
* B.Com
* M.Com

Tuition Class

* Accountancy
* Cost Accounting
* Statistics
* Income - Tax
* Operation Research
* Maths (PDC & B.Com Only)
* English

Our Annexe :
Don Bosco Arts College
Vyttila Jn.

സന്ദേഹം.

ഒരു സന്ദേഹമുണ്ടെനിക്കെൻ പ്രിയ മഴവില്ലേ,
നീ വരാൻ വൈകിയതെന്തെയെൻ മുന്നിൽ?
എത്ര ദിനങ്ങളായ് ഞാൻ കാത്തിരുന്നീടുന്നു
എൻ പ്രിയ മഴവില്ലേ, നീ വരാൻ വൈകിയതെന്തെയെൻ മുന്നിൽ?
മാനത്തു നിന്നു നീ മന്ദഹസിച്ചിടുമ്പോൾ
തുള്ളിക്കളിച്ചിടാൻ വെമ്പുന്നു മനം
കൺതിരിക്കാൻ കഴിയുന്നതീലെനിക്കു.
പേർത്തു പേർത്തറിയാതെ നോക്കി നിന്നീടുന്നു ഞാൻ
എൻ പ്രിയ മഴവില്ലേ, നീ വരാൻ വൈകിയതെന്തെയെൻ മുന്നിൽ?
സപ്തവർണ്ണങ്ങൾ നീ എടുത്തണിയുമ്പോൾ
നൃത്തം ചെയ്യുവാനെനിക്കു മോഹം
ഇല്ലെനിക്കൊട്ടുമേ നേരമെങ്കിലുമൊരു
കുഞ്ഞിനെപ്പോൽ നോക്കി നില്ക്കുവാൻ മോഹം
എന്നെ മാത്രം നീ തെരഞ്ഞിടുമ്പോൾ
നാണിച്ചു തലതാഴ്ത്തി നിന്നു പോകുന്നു ഞാൻ
ഒരു സന്ദേഹമുണ്ടെനിക്കെൻ പ്രിയ മഴവില്ലേ
നീ വരാൻ വൈകിയതെന്തെയെൻ മുന്നിൽ?
പോകരുതു മുകിലേ, മറയരുതു മുകിലേ
നിന്നെ നോക്കി നിന്നീടുവാനുണ്ടു മോഹം
മാനത്തു നിന്റെ പുഞ്ചിരി തെളിയുമ്പോൾ
എന്നെ മാത്രം നീ തഴഞ്ഞീടുമോ?
നിന്റെ വർണ്ണങ്ങളെന്നെ മോഹാലസ്യമണിയിച്ചിടുമ്പോൾ
പറന്നുവന്നു നിന്നെത്തൊടാനുണ്ടു മോഹം!
എൻ പ്രിയ മഴവില്ലേ, നീ വരാൻ വൈകിയതെന്തെയെൻ മുന്നിൽ?
എന്തിനാണിത്രയും ദൂരെ വിളങ്ങുന്നതെൻ
ചാരത്തു വന്നെന്ന തഴുകില്ലേ നീ?
കരങ്ങൾ നീട്ടി ഞാൻ മാടി വിളിക്കുമ്പോൾ
എന്തെയതാന്തിക്കുന്നിതെൻ നികടത്തിലെത്താൻ
വരിക മുകിലേ, പേടിച്ചിടല്ലെയെന്നെ
വന്നു നീയെന്റെ ചാരത്തിരിക്കിൻ.
കഥകൾ പറഞ്ഞിടാം, ചതുരംഗം കളിക്കാം
താരാട്ടു പാടി ഞാൻ നിന്നെയുറക്കിടാം
എന്റെ മനസ്സിലേ മാനത്തു തെളിയുന്ന മുകിലേ
എന്റെ സുന്ദര സ്വപ്നങ്ങൾ നിനക്കു ഞാനേ
നൃത്തം ചെയ്തിടാം നിന്റെ മുന്നിൽ ഞാൻ
നിന്റെ പ്രിയ തോഴിയാകാം

ഹൃദയവനിയിൽ വിടർന്ന ചെമ്പകപ്പൂക്കളാലെ
കോർത്തെടുത്ത ഹാരം നിന്നെയണിയിച്ചിടാം.
എന്നെ വിട്ടിട്ടു പോകുമോ മുകിലേ, നീയെൻ
കുപ്പിവളകൾ ഉടച്ചീടുമോ?
എന്തിനാണീ ഗർവ്വതു നമുക്കു വേണ്ട, യെ-
ന്നരികത്തെത്താൻ മുകിലേ മോഹമില്ലേ
വീണ്ടും ഞാൻ നിന്നെ വിളിച്ചിടുന്നു,
മറയാതെ എന്നിലണയു മുകിലേ
അരുതു മുകിലേ, പോകരുതു സഖേ
മറയാതെ എന്നിലണയു മുകിലേ.

വീണ എം. എസ്.

IF U R LOOKIN' FOR
TROUBLE
V R THE MEN TO SEE
IF U R LOOKIN' FOR
SATISFACTION
SATISFACTION'S
GUARANTEED

VAMPIRES

നിങ്ങളറിയാത്ത പിള്ളസാർ

..... എന്റെ അമ്മ ഒരാഴ്ച നടിയായിരുന്നു. പച്ചക്കള്ളം പൊടിപ്പും തൊങ്ങലും വച്ച് അരച്ചു ചേർത്ത മാതിരി പറഞ്ഞത് പരമസത്യമാണെന്ന് ബോധ്യപ്പെടുത്താൻ എന്റെ അമ്മയെപ്പോലെ കഴിവുള്ള മറ്റൊരു സ്ത്രീയെ എന്റെ ജീവിതത്തിൽ ഞാൻ കണ്ടിട്ടില്ല. പിൽക്കാലത്ത് എന്നെ ഒരു നടനും നാടകകൃത്തും ആക്കി തീർത്ത എല്ലാ പ്രകടന വാസനകളുടെയും സിദ്ധികളുടെയും ഉറവിടം എന്റെ അമ്മയാണ്.....

എന്റെ ജനനം ഞാൻ വ്യക്തമായി ഓർക്കുന്നു എന്നാൽ അതിന്റെ കാലം കൃത്യമായി പറയാൻ എനിക്ക് നിവൃത്തിയില്ല.

പഞ്ചാംഗത്തെ ആധാരമാക്കിയാണെങ്കിൽ എന്നെ എന്റെ അമ്മ എന്ന സ്ത്രീ പ്രസവിച്ച് ഉദ്ദേശം മൂന്നരക്കൊല്ലം കഴിഞ്ഞാണ് ഞാൻ ജനിച്ചത്; അതായത് ഞാൻ ആദ്യമായി പ്രപഞ്ചം കണ്ടത്, ബോധപൂർവ്വം കണ്ടത്. അതിനുമുമ്പ് നടന്നതെല്ലാം എന്നെ സംബന്ധിച്ച് വെറും കേട്ടുകേൾവികളും അഭ്യൂഹങ്ങളുമാണ്.

എന്റെ യഥാർത്ഥ ജനനത്തിനും അതിനുമുമ്പു നടന്ന പ്രസവത്തിനുമിടയ്ക്ക് എന്നെപ്പറ്റി പലകാര്യങ്ങളും എന്റെ അമ്മ പറയുന്നുണ്ട്. ബഹുജനങ്ങൾ ശരിവയ്ക്കുന്നുമുണ്ട്. പത്തുമാസം തികഞ്ഞ് നീരുവന്ന് വീർത്ത അമ്മയുടെ ഗർഭപാത്രത്തിൽ നിന്ന് ഒരു വെളുത്തവാവിന്റെ അന്ന് സന്ധ്യയ്ക്ക് ഞാൻ എന്ന കുട്ടി ഞെങ്ങിഞെരുങ്ങി തലകുത്തി പുറത്തേക്കു ചാടിയത്, കരഞ്ഞുവിളിച്ചത്, പെണ്ണുങ്ങൾ കൂരവയിട്ടത്, മാസങ്ങളോളം ഞാൻ മലർന്നു കിടന്നത്, പിന്നെ കമഴ്ന്നു വീണത്, എനിക്ക് കരപ്പൻ വന്നത്, ഞാൻ പിച്ചവച്ചു നടന്നത് തുടങ്ങി പല സംഭവങ്ങളും നടന്നതായി ഞാൻ പിൽക്കാലത്ത് കേട്ടിട്ടുണ്ട്. ഞാൻ വിശ്വസിച്ചിട്ടുമുണ്ട്. പക്ഷേ അതൊന്നും ഞാൻ അറിഞ്ഞിട്ടില്ല അനുഭവിച്ചിട്ടില്ല.

എന്റെ വിശ്വാസം എനിക്ക് വിശ്വത്തോളം പ്രായമുണ്ട് എന്നാണ്. കോടാനുകോടി ദിവ്യസംവത്സരങ്ങൾക്കു മുമ്പ് ഈ അണ്ഡകടാഹ സൃഷ്ടിക്കാധാരമായ ആദിമൂലക മേഘപാളികളിൽ ഞാനുണ്ടായിരുന്നു. പ്രപഞ്ചത്തോടൊപ്പം ഞാനും വളരുകയായിരുന്നു; പലഭാവത്തിൽ, പല രൂപത്തിൽ.

ഒരിക്കൽ ഞാൻ പ്രകാശരേണുക്കളായി പറന്നു നടന്നിട്ടുണ്ട്, പിന്നൊരിക്കൽ കാന്തവീചികളായി ഒഴുകി നടന്നിട്ടുണ്ട്..... ആദി സമുദ്രങ്ങളിൽ അമിനോ ആസിഡും അമീബയുമായി ഞാൻ നീന്തിക്കളിച്ചിട്ടുണ്ട്. മരക്കൊമ്പിൽ നിന്ന് പിടിവിട്ട് മനുഷ്യനിലേക്കുള്ള ചാട്ടം; അതായിരുന്നു എന്റെ അവസാനത്തെ നേട്ടം. ആ എന്നെയാണു ഒരു ചെറിയ പഞ്ചാഗംത്തിനകത്ത് തെക്കാൻ ശ്രമിക്കുന്നത് കഷ്ടം!.

..... എന്നാൽ എന്റെ ജനനം! അതൊരുത്തരീയ സംഭവമാണ്, എന്നെ സംബന്ധിച്ച് ഈ വിശ്വപ്രകൃതിയിൽ ഇന്നോളം നടന്നിട്ടുള്ളതിൽ വച്ച് ഏറ്റവും വലിയ സംഭവം ഞാൻ അത് വ്യക്തമായി ഓർക്കുന്നു.

ഇരുളടഞ്ഞ ഒരു മൂറി.....ഹൊ!.... ആ ഇരുട്ടിലേക്ക് നോക്കുമ്പോൾ എന്തൊരു പേടി! എന്തൊക്കെയോ ശബ്ദങ്ങൾ കേൾക്കുന്നുണ്ട്. ചെറുതും വലുതും. പലതും എനിക്ക് പരിചയമുള്ള ശബ്ദങ്ങളാണ്! പാറ്റ പറക്കുന്നത്, ഗൗളി ചിലയ്ക്കുന്നത്, പക്ഷികൾ കരയുന്നത്, അങ്ങനെ പറഞ്ഞാൽ തുടങ്ങാത്തതും, പറയാൻ അറിയാൻവയ്യാത്തതുമായ ഒട്ടുവളരെ ശബ്ദകോലാഹലങ്ങൾ..... ഞാൻ നില്ക്കുന്നത് ഒരു വാതിൽ പടിയിലാണ്. ഒരു വലിയ വാതിൽ. കട്ടിളയിൽ ഞാൻ കൂറുകെ പിടിച്ചിട്ടുണ്ട്.... ഹൊ! ഞാനാക്കാണുന്ന തെന്താണ്! ഒരു വലിയ കാട്, ഇടതൂർന്ന മരങ്ങൾ, വള്ളികൾ, ചുവന്ന ഒരുതരം പഴം, കാട്ടുമാങ്ങാ!..... കാടിനുള്ളിൽ ഇരുട്ട് ഘനീഭവിച്ചിരിക്കയാണ്. അപടകടം പതുങ്ങിയിരിക്കുന്നു. അതിനുള്ളിൽ എന്തൊക്കെയോ അനങ്ങുന്നുണ്ട്. ഭീകര സത്വങ്ങൾ..... കാട്ടുമാക്കാൻ! ഭയം! ഭയം!!

അകത്തേക്കോടണോ? വേണ്ട എനിക്കും കാടിനുമിടയ്ക്ക് ഒരു മണൽപരപ്പാണ്. പറമ്പ്. അതുകടന്നുവേണം കാട്ടുമാക്കാൻ എന്റെ അടുത്തെത്താൻ.

കാടിനു തൊട്ടുമുകളിൽ ഒരു നീലവിതാനം. അതിന്റെ ഭാഗങ്ങൾ കാടിനിടയ്ക്കുകൂടിയും കാണാം. ആകാശം! വെളുത്ത പുക. മേഘം! കാടിനുമേലേക്കൂടി ഴുകിനീങ്ങു! നല്ലമഴ! എന്റെ കണ്ണ് കീഴോട്ടു പാഞ്ഞു. ഞാൻ മറ്റൊരു കാഴ്ച കാണുന്നു. കാടും ആകാശവും മേഘവുമെല്ലാം നോക്കിയാൽ തലകുത്തിനിൽക്കുന്നു. വിസ്മയം! ഞാൻ സൂക്ഷിച്ചുനോക്കി

നിശ്ചലമായ ഒരു ജലവിതാനം..... ഒരു കുളം.

'ബ്ലും' എന്നൊരു ശബ്ദത്തോടെ ആ വെള്ളത്തിൽ എന്തോ വീണു. ഞാൻ നടുങ്ങിപ്പോയി. വെള്ളം അനങ്ങുന്നു. ആകാശവും കാടും മേഘവുമെല്ലാം വളഞ്ഞൊടിഞ്ഞ് അതിൽ കിടന്നിഴയുന്നു. എന്നാൽ മേലെ അതെല്ലാം അതുപോലെ തന്നെ നില്ക്കുന്നു.

എന്റെ മേലാകെ ഒരു തരിപ്പ്. ഞാൻ വിറച്ചുപോയി.

ഞാൻ അതേ നിൽപ്പിൽ നിന്ന് മൂത്രമൊഴിച്ചു. നീട്ടി മൂറ്റത്തേക്ക്. ഞാൻ കൂനിഞ്ഞു നോക്കി, എന്നെ തന്നെ.

അമ്പടാ! അപ്പോ ഇതാണു ഞാൻ!

സാക്ഷാൽ ഞാൻ! കൊള്ളാം! സുന്ദരൻ.

..... അമ്മയുടെ അഭിപ്രായ മനുസരിച്ചാണെങ്കിൽ എന്റെ അച്ഛൻ 'പുംകൃതികാമൻ' എന്ന പേരോടുകൂടിയ ഒരു ഗന്ധർവ്വനാണ്. അതായത് അസ്സൽ ഗന്ധർവ്വൻ. ഇപ്പോൾ പ്രമാണത്തിൽ പറയുന്ന എന്റെ അച്ഛൻ അമ്മയുടെ ഭർത്താവായിരിക്കുമ്പോൾ തന്നെ ഈ ഗന്ധർവ്വൻ വളരെക്കാലം അമ്മയുടെ രഹസ്യക്കാരനായിരുന്നു. ഇയാളെ അവസാനം ഒന്നൊഴിച്ചുവിടാൻ അച്ഛന് നല്ല സംഖ്യ ചെലവാക്കേണ്ടതായും വന്നത്രേ! സംഭവം ഞാനല്പം വിസ്തരിച്ച് പറയാം.

എന്റെ അമ്മയ്ക്ക് പതിനേഴു വയസ്സുള്ളപ്പോൾ ഒരാൺകുട്ടിയെ പ്രസവിച്ചു. ആ കുട്ടിയുടെ അച്ഛൻ മേൽപ്പറഞ്ഞ രണ്ടുപേരിലും പെടാത്ത മറ്റൊരാളായിരുന്നു. ഗന്ധർവ്വനല്ല. നാഗരുകോവിലുകാരൻ ഒരു പരദേശ ബ്രഹ്മണൻ. അന്നെന്റെ അച്ഛൻ എന്റെ അമ്മയുടെ ഭർത്താവായിരുന്നില്ല. ..... പിന്നീടാണ് അച്ഛൻ അമ്മയെ വിവാഹം കഴിക്കുന്നത്.

അങ്ങനെ പന്ത്രണ്ടു കൊല്ലം കഴിഞ്ഞു. അമ്മ പ്രസവിക്കുന്നില്ല. അന്നത്തെ നാട്ടുനടപ്പനുസരിച്ച് പല മരുന്നും മന്ത്രവും..... പ്രസവിക്കുന്നില്ല. പലപ്പോഴും ഗർഭധാരണം നടന്നിട്ടുണ്ടെന്ന് അമ്മ അവകാശപ്പെടുന്നത്. അക്ഷേ, അലസിപ്പോകും. ഈ പരിതഃസ്ഥിതിയിൽ അച്ഛൻ പ്രഗൽഭനായ ഒരു ജ്യോൽസ്യനെക്കൊണ്ടു വിദഗ്ധമായ ഒരന്വേഷണം നടത്തിയപ്പോഴാണ് രഹസ്യം വെളിവായത്..... ആ പരലോക കാമുകൻ മുറതെറ്റാതെ എന്റെ അമ്മയെ പ്രാപിച്ചുകൊണ്ടിരുന്നു. ..... ഈ ഗന്ധർവ്വൻ സാധാരണ ഗന്ധർവ്വനല്ല, അതിശക്തനാണ്. ഗർഭചിത്രത്തിൽ സ്പെഷ്യലൈസ് ചെയ്തവനാണ്. അമ്മ എളുപ്പം വിട്ടുകൊടുക്കുന്ന കൂട്ടത്തിലുമല്ല. അയാൾ ഇങ്ങോട്ട് വരുകയില്ല. അമ്മയെ അങ്ങോട്ട് കൊണ്ടുപോകുകയാണ് പതിവ്. ആ പോക്കും അവിടുത്തെ അനുഭവങ്ങളുമെല്ലാം അമ്മതന്നെ വിവരിക്കുന്നതു കേട്ടാൽ നമ്മൾ നാണിച്ചുപോകും ഞാൻ പലപ്പോഴും ഇതൊളിച്ചുനിന്ന് കേട്ടിട്ടുണ്ട്.

ആഴ്ചയിൽ വെള്ളി, ചൊവ്വ എന്നീ ദിവസങ്ങളാണ് ഗന്ധർവ്വന്റെ ഊഴം. ആ ദിവസങ്ങളിൽ അമ്മയ്ക്ക് കാലേകൂടി ഒരു ക്ഷീണം തുടങ്ങും. ഒരു വല്ലാത്ത തളർച്ച. എങ്കിലും അപ്രതിഹതമായ ഒന്തഛോദനയ്ക്കു വശംവദയായി അമ്മ കുളിച്ചൊരുങ്ങി പൂവും ചൂടി കണ്ണും എഴുതി മുറുക്കി ചുവപ്പിച്ച് അങ്ങനെ ഇരിക്കും. സന്ധ്യയാകുമ്പോൾ വീടും പരിസരവും എല്ലാം ഒന്നാന്തരം മുല്ലപ്പൂവിന്റെ വാസനയാണ്. അപ്പനും ഈ വാസന ചിലപ്പോഴൊക്കെ അനുഭവപ്പെട്ടിട്ടുണ്ടത്രെ! പാവം അച്ഛൻ! ഈ മാദകഗന്ധം തീരുമ്പോൾ അമ്മ ഉറങ്ങിയിരിക്കും. ആ കിടപ്പിൽ ചുവന്ന ഒരു പട്ടുകൊണ്ട് അടിമുടി ആരോ മൂടിയതായി അമ്മയ്ക്കു തോന്നും. പിന്നെ പരമാനന്ദമാണ്. മേലോട്ടൊരു പോക്കാണ്, പുഷ്പകവിമാനത്തിൽ. അങ്ങനെ പൊങ്ങിപ്പൊങ്ങി ഗോളാന്തരങ്ങളും അന്തരീക്ഷാന്തരങ്ങളും സാന്ദ്രസുന്ദരതാരാപഥങ്ങളും കടന്ന് എന്റെ അമ്മ സാക്ഷാൽ ഗന്ധർവ്വലോകത്തിലെത്തും. ഇനിയങ്ങോട്ടുള്ള അനുഭൂതി വിശേഷങ്ങൾ അമ്മതന്നെ പറയണം ഹോ! എന്തൊരു ഭാവനയാണ്!

..... എന്തൊരു വാചാലതയാണ്! ..... എന്തൊരു വികാരവായ്പാണ്!

..... എന്തൊരു പ്രകടനവൈഭവമാണ്!

..... എന്റെ അമ്മയെ അപകടത്തിലാക്കിയ ആ ഗഗനചാരിയെ ഒഴിച്ചുവിടാൻ അഞ്ഞൂറു രൂപയോളം അച്ഛനു ചെലവായി. അന്നത്തെ അഞ്ഞൂറിന് ഇന്നത്തെ അമ്പതിനായിരത്തിന്റെ വിലയാണെന്നോർക്കണം. അവസാനം പുംകൃതികാമൻ കണ്ണുനീരോടുകൂടി ഗന്ധർവ്വലോകത്തിലേക്ക് തിരിച്ചുപോയി. അതിന്റെ അഞ്ചാം മാസത്തിൽ എന്നെ പ്രസവിച്ചു. ഇതാണ് ചരിത്രം.

എൻ. എസ്. പിള്ള സാറുടെ 'ഞാൻ' എന്ന ആത്മകഥയിൽ നിന്നുള്ള ഈ ശകലങ്ങൾ, അതു വായിച്ച ശേഷം ഞാനാന്നാശിച്ചു..... ബ്രോങ്കൽ ന്യൂമോണിയ ഇല്ലായിരുന്നെങ്കിൽ..... നവംബർ പതിനാല് ഇല്ലായിരുന്നെങ്കിൽ.....

രാജേഷ്
III DC

ഒരു സ്വപ്നത്തിന്റെ ഓർമ്മയ്ക്കായ്.....

കണ്ടതാണഹോ ഞാനീ സ്വപ്നം, വെളുപ്പിനെ
അതു ഞാനിവിടെ പകർത്തീടട്ടെ
കിടക്കുകയാണു ഞാനകത്തളത്തിൽ
ഉറങ്ങുകയല്ലീ, പരേതയാണു ഞാൻ
വെള്ളത്തുണി വിരിച്ചിരിക്കുകയാണെൻ ദേഹത്തിൽ
ചുറ്റിനും നില്ക്കുന്നു പരിചിത മുഖങ്ങൾ
പുറത്തു കാണുന്നെൻ പാദങ്ങളിലഹോ
കെട്ടിയിരിക്കുന്നു വിരലുകൾ ചരടിനാൽ
കണ്ടതാണഹോ ഞാനീ സ്വപ്നം, വെളുപ്പിനെ
അതു ഞാനിവിടെ പകർത്തീടട്ടെ
നീണ്ടു നിവർന്നു കിടക്കുമെൻ ശിരസ്സിനുപിന്നിൽ
കത്തിച്ചു വച്ചിരിക്കുന്നു രണ്ടോട്ടു വിളക്കുകൾ
പുകയുന്നു ചന്ദനത്തിരി, പകരുന്നു സുഗന്ധമാ-
ജനസഞ്ചയത്തിന്നിടയിലേക്കും
മുറ്റത്തെ മാവ് മറിഞ്ഞു വീഴുന്നതിൽ
ചേക്കേറിയ കാകൻമാർ പറന്നകലുന്നു
കണ്ടതാണഹോ ഞാനീ സ്വപ്നം, വെളുപ്പിനെ
അതു ഞാനിവിടെ പകർത്തീടട്ടെ
മുറ്റത്തെ മുറുമുറുപ്പ് കേൾക്കാം, എനിക്കേകുന്നു
തേനൊഴുകും സ്തുതി വാക്കുകൾ ജനങ്ങൾ
ആർത്തലച്ചു കരയുന്നു ചിലർ
വ്യക്തമാകുന്നില്ലെനിക്കവരാരെന്നു മാത്രം
ദേഹത്തു ചാരിവച്ചിരിക്കുന്നു റീത്തുകൾ
എന്നെയാദരിക്കുവാൻ വേണ്ടി മാത്രം
ഉണ്ടു, എഫ്.ജി.എച്ച്. എസ്സിന്റെ തുണ്ടു സേക്രഡുഹാർട്ടിൻ
ഉണ്ടതിൽ നൃത്ത കലാലയത്തിന്റെതും
കണ്ടതാണഹോ ഞാനീ സ്വപ്നം വെളുപ്പിനെ
അതു ഞാനിവിടെ പകർത്തീടട്ടെ
എടുത്തു മാറ്റുന്നു ചിലർ റീത്തുകൾ, പിന്നെ
യെടുത്തു മാറ്റുന്നെന്ന പുതപ്പിച്ച വെള്ളതുണ്ടും.
ധരിച്ചിരിക്കുകയാണല്ലോ ഞാൻ നൃത്തവേഷം
എന്റെ ജീവിതേച്ഛ പ്രകാരം തന്നെ
ഞാൻ കിടക്കുന്നതിനടുത്തു തന്നെയു-
ണ്ടല്ലോയെന്നും ഞാൻ സ്നേഹിച്ചയെൻ പ്രിയർ
ചിലങ്കയുണ്ടവിടെയെന്നാടയാഭരണങ്ങളും
വീണയും ഡയറിയും പിന്നെയീപ്പൊൻതൂലികയും
കണ്ടതാണഹോ ഞാനീ സ്വപ്നം, വെളുപ്പിനെ
അതു ഞാനിവിടെ പകർത്തീടട്ടെ.
കേൾക്കുന്നു ഞാൻ ചില മുറിയുന്ന ശബ്ദങ്ങൾ
ഗേവൽഗീത പാരായണം ചെയ്യുന്നുവാരോ
ഉണ്ടെന്റെ നെറ്റിത്തടത്തിലൊരു ഒന്നുക്കുറി-
യുണ്ടെന്റെ കഴുത്തിൽ ചില മുല്ലമാലകളും
കണ്ണീരൊഴുക്കുന്നുണ്ടെന്റെ സുഹൃത്തുകളു-
ണ്ടതിൽ ചിലരെന്റെ ശത്രുക്കളും.
കണ്ടതാണഹോ ഞാനീ സ്വപ്നം, വെളുപ്പിനെ
അതു ഞാനിവിടെ പകർത്തീടട്ടെ.
മാറ്റുന്നുയെൻ നൃത്തവേഷം ചിലർ
അണിയിച്ചിടുന്നെന്നെയൊരു കാവിവസ്ത്രം
മാറ്റുന്നുവെന്ന ചിതയിലേക്കു ചിലർ
നിരത്തുന്നു ദർഭപ്പുല്ലുകളതിനിക്കു ചുറ്റും
എള്ളു വിതറുന്നെൻ ദേഹത്തു പുജാരി
ഒഴിക്കുന്നു ശുദ്ധമാം നെയ്യ് കുടം കണക്കെ
ഇത്രയും സ്വപ്നമെത്തി നില്ക്കേ, ഞെട്ടി
കൺതുറന്നു ഞാനെന്നമ്മതൻ ശബ്ദം കേൾക്കേ
സ്വപ്നം മുറിഞ്ഞു പോയല്ലോ, കണ്ടീല ഞാനെ-
നിക്കു കൊള്ളി വയ്ക്കുന്നയാ മനോഹര രംഗം
എന്തെയപൂർണ്ണമായ് തീർന്നതെൻ സ്വപ്നം
അമ്മയോടു പറയേണമിതെല്ലാം
അമ്മയോടു ചോല്ലേണമേർപ്പെടുത്താനെൻ
പേരിലൊരു മെമ്മോറിയൽ നൃത്തവിദ്യാർത്ഥികൾക്കായ്
എൻ കണ്ണുകളവശേഷിച്ചിടണം ഈ ലോകത്തു തന്നെ
ഇനിയും കാണേണമീഭൂമിയൊരു ശതവർഷം കൂടി
എന്തെയപൂർണ്ണമായ് പോയതെൻ സ്വപ്നം
അതു മാത്രമെന്നെ വലച്ചിടുന്നിപ്പോഴ്
എന്തെയപൂർണ്ണമായ് തീർന്നതെൻ സ്വപ്നം
ഓ, സാരമില്ലൊരു നാളു ഞാനതനുഭവിച്ചിടും.

പഞ്ചാഗ്നിമദ്ധ്യേ തപസ്സുചെയ്താലു മീ....

വളരെ ചരിത്രപ്രാധാന്യമുള്ള സംഭവങ്ങൾക്ക് സാക്ഷ്യം വഹിക്കുന്ന ഒരു നൂറ്റാണ്ടിലൂടെയാണ് നാം കടന്നുപോകുന്നത്. സോവിയറ്റ് യൂണിയന്റെ പതനം, ജർമ്മൻ ഏകീകരണം, ഗൾഫ് യുദ്ധം, ശീതസമരത്തിന്റെ അന്ത്യം, അയോധ്യ, വിദ്യാഭ്യാസ കച്ചവടം, ഹവാല..... എന്നിങ്ങനെ ഒട്ടേറെ സംഭവങ്ങൾക്ക് ഈ നൂറ്റാണ്ട് സാക്ഷ്യം വഹിച്ചു കഴിഞ്ഞു.

വിദ്യാഭ്യാസ മേഖലയിലെ കച്ചവട വൽക്കരണം ഇന്ന് നമ്മെ വളരെയധികം ആശങ്കാജനകമാക്കുന്ന വസ്തുതയാണ്. ഇന്നത്തെ യൂണിവേഴ്സിറ്റി വിദ്യാഭ്യാസത്തെക്കുറിച്ച് നാം ദിനം തോറും വ്യാകുലരാകുന്നു. വിജ്ഞാനത്തിന്റെ പടവുകൾ ചവിട്ടികയറാൻ ആഗ്രഹിച്ച് ക്യാമ്പസ്സിലെത്തുന്നവർ ഇന്ന് "മരുഭൂമിയുടെ തീരാദാഹ" വുമായിട്ടാണ് കലാലയങ്ങൾ വിടുന്നത്. ഇത് അവരെ അന്യതാബോധത്തിലേയ്ക്കും, നിഹിലിസത്തിലേയ്ക്കും, അക്രമാസക്തിയിലേയ്ക്കും, അരാജകത്വത്തിലേയ്ക്കും തിരിച്ചു വിടുന്നു. ഈ വിദ്യാഭ്യാസ രീതി പൊളിച്ചെഴുതേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. പഴയ സിലബസ്സ് പരിഷ്ക്കരിക്കണം. ഇന്നത്തെ വിദ്യാർത്ഥികൾ കേവലം "തിയറി" കളിൽ ജീവിക്കുന്നവരാണ്. പ്രായോഗികതലങ്ങളിൽ വായിച്ചറിഞ്ഞ സൂക്തങ്ങളൊക്കെ ജീവിത യാഥാർത്ഥ്യങ്ങൾക്കുമുന്നിൽ അർത്ഥശൂന്യമാണെന്ന സത്യം അവർ ക്രമേണ മനസ്സിലാക്കുന്നു.

പഴയ ഗാന്ധിയൻ ആശയങ്ങൾക്ക് വിപരീത രീതിയിലാണ് ഇന്നത്തെ വിദ്യാഭ്യാസ ശൈലി. ഇത്തരത്തിൽ വിദ്യാഭ്യാസ മേഖലയെ തകിടം മറിക്കുന്നതിൽ സുപ്രധാനമായ പങ്ക് നമ്മുടെ രാഷ്ട്രീയ പ്രമുഖരുടെ സ്വാർത്ഥമായ മോഹങ്ങളാണ്. ഈ സ്വാർത്ഥമോഹങ്ങളാൽ യഥാർത്ഥത്തിൽ നമ്മുടെ സ്വാതന്ത്ര്യസമര സേനാനികളുടെ കഠിന പ്രയത്നത്താൽ പടുത്തുയർത്തിയ "നാനാത്വത്തിൽ ഏകത്വം" എന്ന ആശയം കാറ്റിൽ പറത്തുകയാണിവർ. സ്വാശ്രയ വിദ്യാഭ്യാസ രീതി വികസിച്ചിച്ചുകൊണ്ടാണ് വിദ്യാഭ്യാസ മേഖലയിലൂടെ അവരുടെ സ്വാർത്ഥതാൽപര്യങ്ങൾ സാക്ഷാത്കരിക്കുന്നത്.

ഇത്തരത്തിലുള്ള സങ്കുചിത മനോഭാവമാണ് നമ്മുടെ ഭരണാധികാരികളുടെ മനസ്സിലിരുപ്പെങ്കിൽ ഇരുപത്തൊന്നാം നൂറ്റാണ്ടിലേയ്ക്ക് കടക്കുമ്പോൾ വിദ്യാഭ്യാസം ഒരു സേവനമെന്നതിൽ നിന്നും അതൊരുവൻ വിൽപ്പനച്ചരക്കായി മാറും. ഇതിനേറ്റവും വലിയ ഉദാഹരണമാണ് 1993 ലെ ബഡ്ജറ്റിൽ കണ്ണൂരിൽ ഒരു മെഡിക്കൽ കോളേജ് സഹകരണ മേഖലയിൽ ആരംഭിക്കുമെന്ന് ഗവൺമെൻറ് പ്രഖ്യാപിച്ചത്. അതിനുവേണ്ടി രണ്ട് കോടി രൂപ പിന്നീട് ബഡ്ജറ്റിൽ ഉൾപ്പെടുത്തി 151 ഏക്കർ സർക്കാർഭൂമിയും പരിയാരം ടി.ബി. സാനിട്ടോറിയത്തിന്റെ കെട്ടിടവും ഇതിനായി നൽകി. ഹഡ്കോയിൽ നിന്ന് നൂറുകോടി രൂപയുടെ വായ്പ്പക്ക് സർക്കാർ ജാമ്യം നിന്നു. ജില്ലാ സഹകരണ ബാങ്കുകളിൽ നിന്ന് 8 കോടി രൂപ സമാഹരിച്ചു നൽകി. എന്നാൽ മെഡിക്കൽ കോളേജിനു പകരം മെഡിക്കൽ കോളേജിനു വേണ്ട ആശുപത്രി മാത്രമാണ് സഹകരണമേഖലയിലാക്കിയത്. മെഡിക്കൽ കോളേജും ആശുപത്രി കോംപ്ലക്സും രണ്ടു സ്ഥാപനങ്ങളാണെന്ന സത്യം യഥാർത്ഥത്തിൽ പലരും അറിയുന്നില്ല. മെഡിക്കൽ കോളേജ് ഒരു സ്വകാര്യ ട്രസ്റ്റാണ് തുടങ്ങുന്നത്. ആശുപത്രി തിരുവനന്തപുരത്തും കോളേജ് തലശ്ശേരിയിലുമാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്.

മെഡിക്കൽ കോളേജിന്റെ ഉടമകളായ സ്വകാര്യ ട്രസ്റ്റിന്റെ പേര് "അക്കാഡമി ഓഫ് മെഡിക്കൽ സയൻസ്" എന്നാണ്. 1860 ലെ മദിരാശി സൊസൈറ്റി നിയമപ്രകാരം [പഴയ മലബാർ ജില്ലകളിൽ ഇന്നും ഈ നിയമം പ്രാബല്യത്തിലുണ്ട്.] ആണ് ഇത് രജിസ്റ്റർ ചെയ്തിരിക്കുന്നത്. ഗവൺമെൻറ്, നോമിനികളായി മനരത്തെ ഈ ട്രസ്റ്റിൽ അംഗങ്ങളായിരുന്ന സഹകരണ വകുപ്പ് സെക്രട്ടറി, ഹെൽത്ത് സെക്രട്ടറി, സ്റ്റേറ്റ് സഹകരണ രജിസ്റ്റർ, ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ, കണ്ണൂർ ജില്ലാകളക്ടർ എന്നീ ഉന്നത ഉദ്യോഗസ്ഥരെ നീക്കം ചെയ്ത് ഈ സ്വാകര്യ ട്രസ്റ്റ് രജിസ്റ്റർ ചെയ്തതിന് അംഗീകാരം നൽകിയത് 1995 ജനുവരി ഒന്നിനാണ് അന്നത്തെ കേന്ദ്ര സംസ്ഥാന മന്ത്രിമാരാണ് ഈ സ്വകാര്യട്രസ്റ്റിന്റെ ചെയർമാനും, വൈസ് ചെയർമാനും അന്നത്തെ അവരുടെ സ്വാധീനം കൊണ്ട് ഈ സ്ഥാനങ്ങൾ തട്ടി എടുത്ത് സ്വന്തം കീശ വീർപ്പിക്കാൻ മാത്രമായിരുന്നില്ല. കൂടാതെ, സർക്കാർ മാറിയാലും ഇവരെ മാറ്റുവാൻ നിലവിലുള്ള

നിയമപ്രകാരം കഴിയില്ല എന്ന ദുർമോഹവും അവർക്കുണ്ടായിരുന്നു.

മെഡിക്കൽ കോളേജ് സ്വകാര്യ ട്രസ്റ്റിന് കീഴിലാക്കിയതിന്റെ പിന്നിൽ രണ്ട് ലക്ഷ്യങ്ങളാണുള്ളത്. ഒന്ന് സ്വകാര്യ മെഡിക്കൽ കോളേജിനു മാത്രമേ എൻ.ആർ.ഐ. പേയ്മെന്റ് സീറ്റുകളിൽ കച്ചവടം നടത്താൻ കഴിയൂ. 23 ലക്ഷം രൂപയാണ് എൻ.ആർ.ഐ സീറ്റിനു നിശ്ചയിരിച്ചിക്കുന്ന വില. സുപ്രീം കോടതി വിധിപ്രകാരം സർക്കാരിന്റെ സ്വത്ത് ഉൾപ്പെടുന്ന ഒരു മാനേജുമെന്റിനും പേയ്മെന്റ് സീറ്റ് അനുവദനീയമല്ല

കേരളത്തിലെ വിദ്യാഭ്യാസ മേഖലയുടെ കച്ചവട വൽക്കരണം കർണ്ണാടകത്തെ ചുണ്ടിക്കാട്ടി ന്യായീകരിക്കാവുന്നതല്ല. പ്രതിവർഷം പുറത്തിറങ്ങുന്ന കേരളത്തിലെ 700 ഡോക്ടർ മാരിൽ 200 പേർ അഖിലേന്ത്യ മത്സര പരീക്ഷകളിൽ വിജയിച്ച് ഉന്നത പഠനത്തിനു ചേരുമ്പോൾ കർണാടകത്തിലെ 3662 ഡോക്ടർമാരിൽ കേവലം 50 ൽ താഴെ പേർക്ക് മാത്രമാണ് അത് സാധിക്കുന്നത്. അതുതന്നെ അവിടത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ പഠിക്കുന്നവരാണ് മുഴുഭാഗവും.

പല മന്ത്രിപ്രമുഖരുടേയും വിദേശപര്യടനത്തിനു പിന്നിൽ ഞെട്ടിപ്പിക്കുന്ന ഒരു സത്യമായിരുന്നു. വേറൊന്നുമല്ല, ഇന്ത്യാരത്തിലുള്ള ഒരു സ്വാശ്രയ മെഡിക്കൽ കോളേജിൽ അഡ്മിഷൻ വാഗ്ദാനം ചെയ്ത് 40 ലക്ഷം രൂപവരെ വിലപേശി വിദേശ ഇന്ത്യക്കാരിൽ നിന്ന് കൈപ്പറ്റുവാനായിരുന്നു. പരിയാരം മെഡിക്കൽ കോളേജിന്റെ സെലക്ഷൻ കമ്മറ്റിയിൽ [illegible]ത്തിൽ ഒരൊറ്റ അക്കാദമീഷ്യനോ, വൈദ്യശാസ്ത്ര വിദഗ്ദനോ തുടക്കത്തിലില്ലായിരുന്നു. ഇത്തരത്തിലുള്ള [illegible]വസ്ഥകളറിയുമ്പോൾ യഥാർത്ഥത്തിൽ ഇന്ത്യ ഒരു അസുര രാജ്യമായി മാറുകയാണോ എന്നു ചിന്തിച്ചു പോകും.

ഒരു സ്വാശ്രയ മെഡിക്കൽ കോളേജിൽ പഠിച്ചിറങ്ങുന്ന ഒരു വിദ്യാർത്ഥിയ്ക്ക് ഒരേയൊരു ലക്ഷ്യമേ [illegible]ഘട്ടത്തിലുണ്ടാവൂ. അവൻ പഠിക്കുവാൻ വേണ്ടി ചെലവഴിച്ച തുക എങ്ങനെയെങ്കിലും സമ്പാദിക്കുക എന്ന ലക്ഷ്യം. [illegible]നുവേണ്ടി അവൻ ഏതു നീചമായ മാർഗ്ഗവും സ്വീകരിക്കാം. പല അധോലോക നഗരങ്ങിലും നടക്കുന്ന വൃക്കമുതലായ [illegible]വയവ തട്ടിപ്പിന്റെ പ്രധാന വൃക്കമുതലായ ശരീരാവയവതട്ടിപ്പിന്റെ പ്രധാന നാഡീകേന്ദ്രങ്ങളായി വർത്തിക്കുന്നത് [illegible]ന പഠിച്ചു വന്ന ഡോക്ടർമാരാവാം.

യഥാർത്ഥരീതിയിൽ തന്റെ കഴിവും, കഠിന പ്രയത്നവും കൊണ്ട് സർക്കാർ മെഡിക്കൽ കോളേജിൽ പഠിച്ചുവന്ന ഒരു ഡോക്ടർക്ക് ഇത്തരത്തിലുള്ള നീചമായ പ്രവൃത്തി ചെയ്യുവാൻ ഒരിക്കലും മനസ്സനുവദിക്കുകയിലക്കല. വാസ്തവത്തിൽ നിഷ്പക്ഷമായി ഒന്നു ചിന്തിച്ചു നോക്കിയാൽ സർക്കാർ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന യൂണിവേഴ്സിറ്റി എന്ന ഫാക്ടറിയിൽ MBBS, MA, MSc, M.Com. തുടങ്ങിയ ലേബലിൽ നിർമ്മിച്ചെടുക്കുന്ന വിദ്യാർത്ഥി എന്ന ഉല്പന്നത്തെ വിറ്റഴിക്കുവാൻ എവിടെയാണ് വിപണി?

ഒരു കണക്കിനു നോക്കിയാൽ പോപ്പുലേഷൻ കുറയ്ക്കുന്നതിന് സ്വാശ്രയമെഡിക്കൽ കോളേജുകൾ സഹായകമാവാം. സ്വാശ്രയവിദ്യാഭാസ മേഖല വളർന്നു വന്നാൽ ഒരു കാരണവശാലും നമ്മുടെ രാജ്യത്ത് സോഷ്യലിസം നടപ്പിലാവാതെ വരും. ഇതൊന്നും വിദ്യാർത്ഥികൾ മനസ്സിലാക്കാതിരിക്കുവാൻ വേണ്ടിയാണ് കാമ്പസ്സിൽ രാഷ്ട്രീയം വേണ്ട എന്നു പറയുന്നത്. പുറം ലോകത്തിന്റെ ജീവവായുവായ രാഷ്ട്രീയത്തെക്കുറിച്ച് വിദ്യാർത്ഥി ആലോചിക്കാൻ പാടില്ല എന്നത് അവന്റെ ബുദ്ധിയെ വീട്ടുതടങ്കലിലാക്കുന്നതു പോലെയാണ്.

സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളടച്ചു പൂട്ടി പലമതങ്ങൾക്കും മുൻതൂക്കം നിൽകുന്ന മാനേജുമെൻറുകൾക്കു സ്വാശ്രയ കോഴ്സുകൾ അനുവദിച്ചു കൊടുക്കുന്നത് ഇന്ത്യ ഒരു മതേതര രാജ്യമെന്നു പറയുന്നതിനെ അർത്ഥ ശൂന്യമാക്കുന്നു. സ്വാശ്രയമേഖലയിൽ പഠിച്ചുവന്ന വിദ്യാർത്ഥി ഒരിക്കലും സമ്പത്തില്ലാത്തവനായിരിക്കുകയില്ല. അതിനാൽ തീർച്ചയായും അവൻ എന്തു വിലകൊടുത്തും ജോലിയിൽ പ്രവേശിക്കും. സ്വന്തം കഴിവുകൊണ്ട് സർക്കാർമേഖലയിൽ പഠിച്ചുവന്ന സാധാരണക്കാരന് സ്വന്തമായി ഒരു ജോലി എന്നത് ഒരു സ്വപ്നമായി അവശേഷിക്കും. ഇതുമൂലം നാട്ടിൽ അരാജകത്വം നിലവിൽ വരും എന്ന ദുഃഖ സത്യം സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുന്ന

ഭരണകർത്താക്കൾ അറിഞ്ഞു കാണില്ല. മനുഷ്യന്റെ സ്വാർത്ഥതയാണ് ഇതിന്റെയെല്ലാം അടിത്തറ. ഇത്തരത്തിലുള്ള സ്വാർത്ഥതാൽപര്യങ്ങൾ സ്വാതന്ത്ര്യ ഇന്ത്യയുടെ അഭിമാനത്തിനു കളങ്കം ചാർത്തും എന്ന വസ്തുത നമ്മുടെ ഭരണാധികാരികൾ അറിയുന്നുണ്ടാവുമോ?

പഞ്ചാഗ്നി മദ്ധ്യേ തപസ്സു ചെയ്താലും ഈ പാപകർമ്മത്തിന് ഒരിക്കലും പ്രതിക്രിയയാകുകയില്ല

"വികാസമാണ് ജീവിതം

സങ്കുചിതത്വം മരണവും"

എന്ന് ഇന്ത്യയിലെ ഏറ്റവും വലിയ മതാചാര്യനായ വിവേകാനന്ദ സ്വാമികൾ പറഞ്ഞത് ശരിയാവുകയാണെങ്കിൽ സമുദ്രത്തിനക്കരെയ്ക്ക് ഒരു പകൽക്കിനാവിനസ്തമയം എന്ന പോലെ വിദ്യാഭ്യാസ മേഖലയിലെ കച്ചവടവൽക്കരണവും എന്നെങ്കിലും ഒരിക്കൽ അസ്തമിക്കും എന്നു കരുതി നമുക്കാശ്വസിക്കാം. ഇരുട്ടിൽത്തന്നെ എന്നും കഴിയാനാർക്കാണ് കഴിയുക? "തമസ്സോമാ ജ്യോതിർ ഗമയ".

ആർ. രജീഷ് കുമാർ
മൂന്നാം വർഷ ബി. കോം.

With Best Compliments from

VANITHA JEWELLERY

M.G. ROAD, NEAR SHENOY'S THEATRE,
ERNAKULAM, COCHIN - 682 035
PHONE : 363255, RES : 368369

BROADWAY
COCHIN - 682 031
PHONE : 360966, 363277

Veneetha

LAKME SHOP

THE ORCHIDS

PIONEER SHOPPING COMPLEX, MARINE DRIVE, COCHIN - 31, PHONE : 363928

"If NIIT is good enough to teach computer professionals in Singapore, Indonesia, Malaysia & Thailand, it's good enough for me."

The computer education you get at NIIT is as good as the best the world has to offer.
Simply because at NIIT we've spent the past to years designing,and constantly improving the courseware you'll study.
Then we've gone a step further,and made an effort to ensure it's tuned to the requirements of computer professionals around the world.
(After all, we'd like you to be equipped to work anywhere in the world-not just in India)
For instamce this year we've added on some rather special personality development sessions to our career courses: how to face an interview; how to make powerful presentations; how to be an effective leader; how to solve problems and make decisons. The result?
You'll emerge from NIIT as a more complete, more thinking, more independent, world class computer professional. The kind of person every employer looks for.
Which is perhaps why you'll find NIIT-ians picking up thousands of the 45,000 new computer jobs created each year in India.
Now, for details, drop by at the NIIT Education Centre closest to you.
It shouldn't take too long to find out just how good things can be

NIIT COCHIN CENTRE
EXPERT INFORMATION TECHNOLOGY PVT. LTD.
VALLAMATTOM ESTATE
NEAR COCHIN SHIPYARD
RAVIPURAM, M.G.ROAD
COCHIN - 682 015
PH : 365846

If you're not studying at NIIT you're missing something
India • USA • Indonesia • Malayasia • Singapore • Thailand

ഹൃദയ വിശേഷങ്ങൾ

തിരുഹൃദയത്തിൽ നിന്നുള്ള സിരകളിലും ധമനികളിലും രക്തപ്രവാഹം നിലച്ചു. എന്നിലെ വിദ്യാർത്ഥിക്ക് ഒരു മന്ദത ബാധിച്ച നേരം. കലാലയ ജീവിതത്തിലെ ലാനേഷ്ടങ്ങളുടെ കണക്കെടുക്കുകയാണോ ഞാൻ! എന്തെങ്കിലും നഷ്ടപ്പെട്ടുവോ? എന്തെങ്കിലും നേടിയോ? വിരഹത്തിന്റെ ദുർനിമിഷങ്ങളേ നിങ്ങൾ ഈ ഭൂമിയിൽ ഇല്ലായിരുന്നെങ്കിൽ..... സ്തുതി!

കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ അറിവിന്റെ വെളിച്ചത്തിനായ് ഇവിടെ ഒത്തുകൂടി എന്തൊക്കെയോ പങ്കുവെയ്ക്കുമ്പോൾ പുറത്ത് ഉദയാസ്തമയങ്ങൾ മാറിമറിഞ്ഞു കൊണ്ടേയിരുന്നു. ഇവിടെ നിന്ന് തിരിച്ചിറങ്ങുമ്പോൾ പുറത്ത് ഉദയമാണോ? അസ്തമയമാണോ? അറിയില്ലല്ലോ!

മുന്നിൽ ഒറ്റയടിപാതകൾ. രാപകൽ ഭേദമന്യേ തെളിഞ്ഞും തെളിയാതെയും കിടക്കുന്ന പാതവിളക്കുകൾ അടുത്ത ഇടം ആകലെയാണോ! അടുത്താണോ? സിലബസിൽ ഇല്ലാത്ത വിഷയങ്ങളിലെ കുറെ ചോദ്യങ്ങളുമായി നട്ടം തിരിയുമ്പോഴും തിരുഹൃദയ കലാലയമേ ഞാൻ നിന്നെ സ്നേഹിക്കുന്നു. ആദരിക്കുന്നു. എന്ന് എന്റെ അന്തരംഗത്തിൽ അലയടിച്ചു കേൾക്കുന്നുണ്ട് പക്ഷേ!

* * * * *

പ്രീഡിഗ്രി അഡ്മിഷൻ ചടങ്ങുകളുടെ കോലാഹലം. ശരീരമാകെ ഒരു മരവിപ്പ് അനുഭവപ്പെടുന്നതു പോലെ. 'Interview' എങ്ങനെയാണ് എന്നതിനെക്കുറിച്ചുള്ള ചിന്തകൾ മനസ്സിനെ ആകെ വിഷമിപ്പിച്ചു. ചുറ്റും നോക്കിയപ്പോൾ എല്ലാവരും വളരെ ഉന്മേഷത്തോടെ പരിശോധിക്കുന്നു. ഞാനോ ഉള്ള പാടോർത്തിരുന്നു പോയി. ചില ചെത്ത് ഓഡിറ്റോറിയത്തിൽ ജിറാഫുകളെ പോലെ വെളിപെടുത്തി കടന്നുപോയി. റാഗ് അതോ പുതിയ അനിയത്തിമാരിൽ ആരെയെങ്കിലും Select ചെയ്യാനാണോ എന്തെങ്കിലുമാവട്ടെ; അപ്പോഴേക്കും എന്റെ സർട്ടിഫിക്കറ്റുകൾ വാരിയെടുത്ത് രണ്ടും കൽപ്പിച്ചിറങ്ങി. പിതാമഹനെ പ്രിൻസിപ്പലച്ചൻ ചോദ്യശരങ്ങളുതിരാൻ നഷ്ടപ്പെട്ട് യുദ്ധക്കളത്തിൽ ഒറ്റപ്പെട്ടുപോയ എന്നിക്കപ്പോൾ. സർട്ടിഫിക്കറ്റ്സ് എല്ലാം നോക്കി അച്ചൻ പേരും മറ്റും ചോദിച്ച ശേഷം ഈ കോളേജിൽ തന്നെ വരാനുള്ള കാരണം ആരാഞ്ഞു?. നാട്ടിൽ വേറെ കോളേജൊന്നും ഇല്ലായിരുന്നോ എന്ന്? പിതാമഹനോട് അടുത്ത ചോദ്യം മകൻ എങ്ങനെയാ പഠനകാര്യത്തിൽ? നിസ്സഹായനായി അദ്ദേഹം എന്നെ നോക്കി. മര്യാദയ്ക്കൊക്കെ പഠിച്ചാൽ കൊള്ളാം; അല്ലെങ്കിൽ വേറെ കോളേജ് നോക്കിക്കോ? പേപ്പർ ഒക്കെ സൈൻ ചെയ്ത് അച്ചൻ എല്ലാ നന്മയും ആശംസിച്ചു. Room-ന് പുറത്തിറങ്ങിയപ്പോൾ ഒരിന്ത്യാക്കാരന് ഒളിപിക് അത്ലറ്റിക് സ്വർണ്ണം കിട്ടിയതു പോലെ മനസ്സ് ആത്മനിർവൃതിയടഞ്ഞു. അങ്ങനെ ആ ചടങ്ങും കഴിഞ്ഞു.

Nostalgia

* * * * *

അഡ്മിഷൻ കോലാഹലമെല്ലാം കഴിഞ്ഞു ഓഡിറ്റോറിയത്തിൽ അധ്യാപകരും രക്ഷകർത്താക്കളും ഒത്തൊരുമിച്ചു പ്രിൻസിപ്പലച്ചന്റെ ഉപദേശം, അദ്ധ്യാപകരുടെ ഉപദേശം, എല്ലാം കേട്ട് ബോറടിച്ചപ്പോൾ പതുക്കെ അവിടെനിന്നും മുങ്ങി. താഴെയെത്തിയപ്പോൾ ഒരു ചെത്ത് പയ്യൻ വെളുത്ത് പൊക്കം കുറഞ്ഞ് ചേട്ടാ, ഇവിടെ മൂത്രം ഒഴിക്കാൻ..... ഞാൻ ഒരു ചോദ്യം നീട്ടി. പയ്യൻസ് ഒന്നും ഉരിയാടിയില്ല. തലവെട്ടിച്ച് കാൽവിരലുകളിൽ ബലം കൊടുത്ത് ഒന്നുയർന്ന് കൈകൊണ്ട് ആക്ഷൻ കാട്ടി. ഞാൻ നന്ദിയും രേഖപ്പെടുത്തി നീങ്ങുമ്പോൾ മനസ്സിൽ വിചാരിച്ചു വല്ലാതൊരു

പയ്യൻ, വല്ലാത്തൊരു കോളേജ്!

വിദ്യാർത്ഥികളെല്ലാം പല ക്ലാസ്സുകളിലായി ഇരുന്നു. ഞാനാണെങ്കിൽ എന്റെ അഡ്മിഷൻ കാർഡും എടുക്കാൻ മറന്നുപോയി. നമ്പറും, ഒട്ടും ഓർമ്മവരുന്നില്ല. എന്തും വരട്ടെയെന്നു കരുതി ഒരു ക്ലാസ്സിൽ കയറിയിരുന്നു. പിന്നീടുണ്ടായ സംഭവം എന്നെ ആകെകൂടിയൊന്നു ഞെട്ടിച്ചു. നേരത്തെ കണ്ട ചേട്ടൻ പയ്യൻ ഒരു ബുക്കുമായി ക്ലാസ്സിലെത്തി. പിറകിലത്തെ ബഞ്ചിലിരുന്ന ഞാൻ പതുക്കെ തല കുനിച്ചിരുന്നു. തുടക്കം തന്നെ പൊളിഞ്ഞു, ശ്ശ്! എന്നെ അവതാളത്തിലാക്കിയ ആ ചേട്ടൻ പയ്യൻ മറ്റാരുമായിരുന്നില്ല, ഇംഗ്ലീഷ് ഡിപ്പാർട്ടുമെൻറിലെ പ്രശസ്തരായ സി. എസ്. ത്രയങ്ങളിലൊരാളായ സി. എസ്. ഫ്രാൻസിസ് സാർ.

* * * * *

റഗുലർ ക്ലാസ്സിന്റെ ആദ്യദിവസം സമയം 9.40 ഭംഗിയായി പൊതിഞ്ഞ ഒരു നോട്ടും പുസ്തകവും ചുരുട്ടി ഫ്രണ്ട് ക്ലാസ്സിന്റെ മുന്നിൽ റ്റെയ്ക്ക് മതിൽചാരി നിൽക്കുമ്പോൾ എതാനും ചേച്ചിമാർ എന്നെ വട്ടമിട്ടു. ഏതാ സ്കൂൾ? എത് ഗ്രൂപ്പാ? (ബ്ലഡ് ഗ്രൂപ്പിന്റെ കാര്യമാണ് മനസ്സിൽ ആദ്യം വന്നത്) ഏത് ബാച്ചാ? (ബാച്ചാ അറിയത്തില്ല, ബച്ചനെ അറിയുമെന്നു പറയണമെന്നുണ്ടായിരുന്നു. എന്തൊ വാക്കുകൾ പുറത്തുവന്നില്ല.) അച്ഛനും അമ്മയ്ക്കും എന്താ ജോലി? വീട്ടിൽ പട്ടിയുണ്ടോ! പൂച്ചയുണ്ടോ?

വളരെ പെട്ടെന്ന് പെട്ടെന്നുള്ള നാവുകളിൽ നിന്ന് ചിലതിനൊക്കെ റാഗിങ്ങാണ്. ഞാനും എത്തിയവരെ ഞാനും ആൻറിമാരൊക്കെ എന്തിനാ എല്ലാവരും തടിതപ്പി. കുറച്ചു ചെയ്യാനെത്തിയത്. റാഗിങ്ങ് തടിമാടന്മാർ എത്തി റാഗിങ്ങ് സീനിയേഴ്സായാൽ ഇതു രാജഗിരി വംശജൻ മൊഴിഞ്ഞു.

തടിയൻ കൂട്ടത്തിലൊരുത്തൻ പറഞ്ഞു. ഞങ്ങൾ അവരുടെ ചോദ്യങ്ങൾ അതും പല ഉത്തരം കൊടുക്കാൻ കഴിഞ്ഞു. സംഭവം വിട്ടുകൊടുത്തില്ല. എന്നെ പരിചയപ്പെടാൻ പരിചയപ്പെടാൻ വേണ്ടി ചോദിച്ചു, പഠിക്കണത്? ചോദ്യം കുറിക്കുകൊണ്ടു കഴിഞ്ഞപ്പോഴാണ് വേറെ ചേട്ടന്മാർ റാഗ് പുരോഗമിക്കുന്ന സമയത്ത് കുറെ നിറുത്തിച്ചു. ഓ എന്തൊരു സ്നേഹം, പോലെയായിരിക്കണം. അടുത്തിരുന്ന ക്ലാസ്സിനെ അഭിമുഖം ചെയ്ത് വിളിച്ചു കലാകാരന്മാരാണ്. ആഴ്ചകൾ തോറും **ക്ലാസ്സുകളിൽ കലാപരിപാടികൾ** അവതരിപ്പിക്കും. അതിന്റെ സംഘാടനത്തിനും സജ്ജീകരണത്തിനും മറ്റും നിങ്ങൾ സംഭാവന ചെയ്ത് സഹായിക്കണം. അഞ്ചിന്റെയും പത്തിന്റെയും നോട്ടുകൾ ഒരു പാട് കിട്ടി. പിരിവ് കെങ്കേമം പിരിവുകാർ എന്റെയടുത്തെത്തി "ചേട്ടാ ചെയ്ഞ്ചില്ലല്ലോ 20-ന്റെയാ വേറെ കാശ് കൈയ്യിലിരുപ്പോ അത് കുഴപ്പമില്ല കാശ് എടുക്ക് ചേഞ്ച് ഒപ്പിക്കാം. എന്ന് പറഞ്ഞ് എന്റെ കയ്യിലെ കാശ് വാങ്ങിക്കുമ്പോൾ എന്നെപ്പറ്റിക്കുകയായെന്ന് എനിക്കറിയില്ലായിരുന്നു. കാലണ പോലും തിരിച്ചു തന്നില്ല. പാവം ഞാൻ! ബുക്ക് വാങ്ങിക്കാൻ കൊണ്ടുവന്ന കാശെടുത്ത് ഉച്ചഭക്ഷണം കഴിക്കാനായി മഹാരാജാസിൽ ചെന്നപ്പോൾ അവിടെ തടിയന്മാർ ചിക്കൻ ബിരിയാണി കൊണ്ട് കലാപരിപാടികൾ അവതരിപ്പിക്കുന്നു. കലികാലത്തിലെ കലാപരിപാടികൾ!!

* * * * *

തലച്ചോറിൽ ദഹനക്കേടു മൂത്ത് ക്ലാസ്സ് റൂട്ട് ചെയ്തു നീങ്ങുമ്പോൾ സ്നേഹനിധിയായ ഒരധ്യാപകന്റെ താക്കീത്, "പ്രിൻസിപ്പലച്ചൻ കാണാതെ നടക്കണം." സി.ടി. ബസ്സ് എഴുതിയ താളുകൾ മറിക്കുമ്പോഴേക്കും പ്രിഡിഗ്രി ദിനങ്ങൾ കൊഴിഞ്ഞുകൊണ്ടിരുന്നു. ലീവ് ലെറ്റർ, റെക്കോർഡ്, ലാബ്, സൈൻ, സയൻസ് ഗ്രൂപ്പെടുത്തു പഠിച്ച വിദ്യാർത്ഥികളിൽ ദേഷ്യത്തിന്റെ അഗ്നിപർവ്വതം പൊട്ടിക്കുന്ന വാക്കുകൾ, ആർട്ട്സ് ഗ്രൂപ്പുകാരെ നിങ്ങൾ ഭാഗ്യവാന്മാർ!

അദ്ധ്യാപകർ സ്പൂണിലാക്കി വായിലെക്കെത്തിച്ചു തന്ന പലതും ഉത്തരക്കടലാസിൽ ഛർദ്ദിച്ചിട്ടപ്പോൾ ഒരു കാര്യം മനസ്സിലായി - ദഹനക്കേട് - പലതും ദഹിച്ചിട്ടില്ല. എങ്കിലും റിസൽട്ട് വന്നപ്പോൾ പ്രീഡിഗ്രി എന്ന കടമ്പ ചാടിക്കടന്നതായി Newspaper- ൽ നിന്നു മനസ്സിലാക്കി. റ്റി. സി.യും വാങ്ങി ടായിയോടു യാത്ര പറയുമ്പോൾ

ഒരിക്കലും വിചാരിച്ചില്ല തിരുഹൃദയ കലാലയത്തിലേയ്ക്കു തിരിച്ചു വരാൻ പറ്റുമെന്ന്.

* * * * *

വീണ്ടും ഒരിക്കൽകൂടി തിരു ഹൃദയത്തിന്റെ വിരി മാറിലേയ്ക്ക് ബിരുദം നേടുന്നതിനായി വലതുക്കാൽവച്ചു ഞങ്ങൾ കയറി. പഠിച്ചു പോയ കോളേജായതു കൊണ്ട് മറ്റുള്ളവരുടെ മുമ്പിൽ ശരിക്കും ഞങ്ങൾ ഒരു മാസം മുഴുവൻ ചെത്തി. രാവിലെ തന്നെ അണിഞ്ഞൊരുങ്ങി ഡിഗ്രി ക്ലാസ്സുകളിൽ ഒരു ഓട്ട പ്രദക്ഷിണം. എന്താ പേര്? വീട്? വീട്ടിൽ ആരൊക്കെ? എവിടെയാ പഠിച്ചത്? ആകെകൂടി ഒരു സീനിയറിനെ പോലെ കൂറെ നാൾ..... പലതും അറിയാനും കീഴ്പ്പെടുത്തുവാനും ഉള്ള മോഹം ഞങ്ങളെ പല വിഡ്ഢിത്തങ്ങളിലേയ്ക്കും നയിച്ചു.

ക്ലാസ്സ് റൂം, 10 മണി മുതൽ സജീവമാകുന്ന ക്ലാസ്സ് മുറികൾ. എന്നാൽ 9 മണി മുതൽ 10.15 നെറ St. Thomas Bus- ന് വേണ്ടി കാത്തുനിന്ന് അതിലെ ഇടിയും തള്ളും കൊണ്ട് 10.30 ആകുമ്പോൾ ക്ലാസ്സിനു മുന്നിലെത്തും. "Excuse , Sir", "Yes, Come in" എല്ലാവരുടെയും ശ്രദ്ധ ആകർഷിച്ചുകൊണ്ട് സാവധാനം ഇരിപ്പിടത്തിലെത്തുന്നു. അനുബോറൻ ക്ലാസ്സുകളിൽ വിനോദത്തിനു അൽപം സമയം ഇതു വഴി കിട്ടുന്നു. ചില വിരുതന്മാർക്കും വിരുതികൾക്കും ഇതൊരു പ്രദർശന സമയം, ഈ സമയമത്രയും ആൺകുട്ടികളുടെ കണ്ണുകൾ അവരെ യഥാസ്ഥാനങ്ങളിൽ ഇരുത്തിയതിനുശേഷം സാറിലേയ്ക്ക് തിരിച്ചുവരുന്നു.

പിന്നീട് 1 മണി വരെ എങ്ങനെയെങ്കിലും ഉറങ്ങിയോ വാചകമടിച്ചോ കത്തിവച്ചോ സമയം തള്ളിനീക്കും. ഓരോരുത്തരുടെയും സഹനശക്തിക്ക് പുതിയ മാനങ്ങൾ കണ്ടെത്താൻ ഈ സമയം ഉപകാരപ്പെടുന്നു. ഇടയ്ക്ക് ജനൽപാളികൾക്കിടയിലൂടെ Chemistry Lab- ൽ നിന്നും മൂക്കിലൂടെ തുളച്ചുകയറുന്ന H_2S ന്റെ ചീമുട്ടയെ വെല്ലുന്ന സുഗന്ധം ഞങ്ങളുടെ സിരകളെയാകെ മത്തുപിടിപ്പിക്കുന്നു. അനുബോറൻ ക്ലാസ്സും ഹവറിൽ മുമ്പിൽ ഇരിക്കുന്ന പെൺകുട്ടികളുടെ മുടിയിഴകളിൽ കുസൃതികാട്ടിയും സൈഡിലുള്ള ലാമ്പിലെ പെൺകുട്ടികളുടെ സൗന്ദര്യം ആസ്വദിച്ചും ഞങ്ങൾ സമയം തള്ളിനീക്കുന്നു.

* * * * *

ഉച്ചസമയം, പെൺകുട്ടികൾ കൈകഴുകാൻ പോകുന്ന സമയം പൂച്ചയെപ്പോലെപ്പതുങ്ങിച്ചെന്ന് ടിഫിൻ കൈവശപ്പെടുത്തുന്ന വിരുതൻമാരുടെ വിഹാര സമയം.

പിന്നെയുള്ള 2 മണിവരെ സമയം.

പലരും ഇല്ലാത്ത കഥകളിലെ രാജകുമാരും രാജകുമാരിയുമായി മാറുന്നു. മറുചിലർ ചാർളിചാപ്ലിനായി മാറുന്നു. ചില മന്ദബുദ്ധികൾ ലൈബ്രറിയുടെ ഇരുണ്ട അറകൾക്കുള്ളിൽ തീഷ്ണമായ വരയൻ കണ്ണാടിക്കുള്ളിലെ നോട്ടത്തിനു താഴെ അനുസരണയുള്ള കുഞ്ഞാടുകളെപ്പോലെ ഒരുങ്ങുന്നു. ഇങ്ങനെ എല്ലാം ചേർന്ന് ആകെ ഒരു ബഹളമയം തന്നെ.

* * * * *

വൈകുന്നേരങ്ങളിൽ കോളേജിനു മുന്നിൽ ഒത്തുകൂടുന്ന സൗഹൃദ സദസ്സ്. അതിൽ സോഷ്യോളജിയും, ഇക്കണോമിക്സും, മാത്തമാറ്റിക്സും, സുവോളജിയും ബോട്ടണിയും, ഫിസിക്സും, കെമിസ്ട്രിയുമെല്ലാം ഉണ്ടാകും ചൂടേറിയ ആശയങ്ങളും, തമാശകളും പാരവെയ്ക്കലും.....

എല്ലാ വിദ്യാർത്ഥിനികളും പോയി എന്ന് പൂർണ്ണമായി ഉറപ്പ് വരുത്തിയതിനുശേഷം ൽ ചെന്ന് ആത്മാവിന് പുകയും കൊടുത്ത് ചായയും മോന്തി 5 അപ്പം 5000 പേർക്ക് വീതിച്ച ക്രിസ്തുവിനെ പോലെ ഒരുപഴം പൊരിയും വീതിച്ച് നൽകി ഒരു ദിനത്തോട് യാത്ര പറയുന്നു. വീണ്ടും നാളെ എന്ന് പറഞ്ഞു പലരും പല വഴിക്ക് പിരിയുന്നു.

* * * * *

കലാലയ യൂണിയൻ തിരഞ്ഞെടുപ്പ് തപ്പും ചെണ്ടമേളങ്ങളും മുദ്രാവാക്യം വിളികളും കൊണ്ട് ആകെ സജീവമായിരിക്കുന്നു.. പ്രത്യയശാസ്ത്രങ്ങളുടെ വാശിയേറിയ ഏറ്റുമുട്ടലുകൾക്കിടയിൽ കൂണുകൾ പോലെ അവിടവിടെ മുളയ്ക്കുന്ന പൊടി പാർട്ടികളും പരസ്പരം പാരവയ്ക്കലും ക്ലാസ്സ്റൂമുകൾക്കും വേണ്ടിയും പാനൽ അവതരണത്തിനും

വിദ്യാർത്ഥികൾക്ക് വേണ്ടിയും ഉള്ള പിടിവലി. തെരഞ്ഞെടുപ്പിന് ഒരു ദിവസം മുമ്പ് (മീറ്റ് ദ കോമാളീസ്) കാൻഡിഡേറ്റ് ദിവസം, പ്രത്യയശാസ്ത്രങ്ങൾ തമ്മിലുള്ള ഏറ്റുമുട്ടലിന് ഗാന്ധിജിയുടെ പ്രതിമപോലെ എലത്തും സഹിച്ചുകൊണ്ടും മോഡറേറ്റർ സിറിയക് സാർ, ക്ഷമയുടെ നെല്ലിപ്പടി കാണുന്നു.

* * * * *

വിവിധ ഡിപാർട്ടുമെൻറുകൾക്ക് ഒരു നിർവ്വചനം

സാമ്പത്തിക ശാസ്ത്രം അരച്ചു കലക്കികുടിച്ചു ഇന്ത്യയുടെ കടബാധ്യതകൾ എങ്ങനെ വർദ്ധിപ്പിക്കാം എന്നതിനെക്കുറിച്ച് ചിന്തിച്ച് തല പുണ്ണാക്കുന്ന ഗുഹാവാസികൾ - ഇക്കണോമിക്സ് വിഭാഗം

മനുഷ്യസ്വഭാവങ്ങൾ നേരിട്ടറിയുന്നതിനുവേണ്ടി വിദ്യാർത്ഥികൾക്കിടയിലേയ്ക്ക് ഇറങ്ങിച്ചെന്ന് പരീക്ഷണ, നിരീക്ഷണങ്ങളിലൂടെ എല്ലാം നേരിട്ട് മനസ്സിലാക്കാൻ ശ്രമിക്കുന്ന സോഷ്യോളജി വിഭാഗം.

ബൊട്ടാണിക്കൽ ഗാർഡനിൽ നിന്ന് വളർന്നു പന്തലിച്ച് വർഷാവസാനം സ്പെസിമെൻസിനും റെക്കോർഡിനും മറ്റും കുട്ടികളെ ട്രോന്തന്മാരെ പോലെ അലയാൻ വിടുന്ന ബോട്ടണി വിഭാഗം

ക്ലോറോഫാം ശ്വസിച്ച് മയങ്ങിക്കിടക്കുന്ന തവളകളുടെ നിശബ്ദ രോദനങ്ങളാൽ മുഖരിതമായ ജന്തുശാസ്ത്ര വിഭാഗം ഓന്തുകളുടെയും ദിനോസറുകളുടെയും മറ്റും അത്ഭുതലോകത്തിലേക്ക് നമ്മെ നയിക്കുന്നു.

ഇക്കണോമിക്സ് ഡിപ്പാർട്ട് മെൻറിനോട് എന്തോ പൂർവ്വ വൈരാഗ്യമുള്ളതുപോലെ വെൻറിലേറ്റർ ഫാനിലൂടെ കടത്തിവിട്ട് ഇക്കണോമിക്സ് വിദ്യാർത്ഥികളെ ബോധം കെടുത്തുന്ന കെമിസ്ട്രി വിഭാഗം.

ബുദ്ധികുറഞ്ഞ വിദ്യാർത്ഥികൾക്കു മാത്രമായി സംവരണം ചെയ്തിട്ടിരിക്കുന്ന ഗണിതവിഭാഗം. കൂട്ടാനും കറക്കാനും കൈകാലുകൾ പൂർണ്ണമായി ഉപയോഗിച്ച ശേഷം മറ്റുള്ളവരുടെ കൂടി കൈകളും ഉപയോഗിക്കുന്നതിൽ സമർത്ഥരായ ഗണിതവിദ്യാർത്ഥികൾ.

മുകളിലേയ്ക്ക് വിക്ഷേപിക്കുന്ന റോക്കറ്റിനെ എത്രയും പെട്ടെന്ന് താഴെയിറക്കുവാൻ ആഗോള പരീക്ഷണങ്ങൾക്ക് മുതിരുന്ന ഫിസിക്സ് വിദ്യാർത്ഥികൾ, കറൻറടിച്ചും ഷോക്കടിച്ചും മറ്റും ലാബിൽ മുരടിച്ചു പോകുന്നു അവരുടെ കലാലയ ജീവിതം.

ഇന്ത്യയുടെ വാണിജ്യ പദ്ധതികളെപ്പോലെ പേപ്പറിൽ പദ്ധതികൾ കുത്തിനിറച്ച് foreign exchange (മാർക്ക്) കിട്ടാൻ വിഷമിക്കുന്ന വാണിജ്യ ശാസ്ത്ര വിദ്യാർത്ഥികൾ.

* * * * *

ഇവരെ അറിയുമോ.....

ക്ലാസ്സിൽ മാവേലി എസ്. എസ്. എസ്. ൽ കളസംവാവ എന്നും കൃത്യനിഷ്ടയുള്ള വിദ്യാർത്ഥികളുടെ നേതാവ് - ഷാഹുൽ ഹമീദ്.

വലിയ ശരീരത്തിനുള്ളിൽ നിറയെ സ്നേഹവും സംഗീതവും അതിലുമപരി ചെറിയ കോഴിത്തരവുമായി നടക്കുന്ന - ശ്രീജി.

30 ദിവസം 31 രീതിയിൽ മുടിയും താടിയും ചെയ്യുന്ന മുങ്ങൽ വിദഗ്ദൻ - സുബ്രഹ്മണ്യൻ

മെറ്റലും റോക്കു സംഗീതവും ആത്മാവിലും ശരീരത്തിലും പുഞ്ചിരിയിൽ പോലും കൊണ്ട് നടന്ന് ഞങ്ങളുടെ ചെവി തിന്നുതീർക്കുന്ന സായിപ്പ് കുട്ടൻ - മോഹൻ കെ.

ബൊട്ടാണിക്കൽ ഗാർഡനിലെ ചെടികളുടെ രസതന്ത്രം തമിഴ് ഭാഷയിൽ പഠിക്കാൻ ശ്രമിക്കുന്ന മാർട്ടിൻ ജോസഫ്

ആദർശം പറയാൻ മാത്രമല്ല പ്രവർത്തിക്കാനും കഴിയുമെന്ന് തെളിയിച്ച നേതാവ് - ഞങ്ങളുടെ വി. വി. രാജേഷ്. വി. വി.

സ്വന്തം ശരീരവും മറ്റുള്ളവരുടെ മനസ്സും ഒരുപോലെ വളയ്ക്കാൻ കഴിവുള്ള റ്റി. ജി. - രാജേഷ് റ്റി. ജി.

★ ഗൗഥ ★

മനസ്സിൽ വിപ്ലവവും പ്രവൃത്തിയിൽ ശൗര്യവും വേഗതയുമായി നടക്കുന്ന സഖാവ് കെ. - രാജേഷ് കെ.

കോളേജിൽ പുതുതായി വന്ന് ചുരുങ്ങിയ സമയം കൊണ്ടു നിഷ്കൃതയുടെ മുഖമുദ്രയും യൂണിവേഴ്സിററി വക്താവുമായ രജീഷ് കുമാർ

ആർണോൾഡ് ശിവശങ്കരൻ എന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന ബാഡ് - ബോയി - സുജിത്ത്.

ആഫ്രിക്കൻ വനാന്തരങ്ങളിലെ ആദിവാസി നൃത്തത്തിന് തൻെറ കോമാളിത്തരങ്ങളിലൂടെ പുതിയൊരു മാനം നൽകിയ - പ്രഭാത് വൻപയർ ജോണി.

വിദ്യാർത്ഥികൾക്ക് വേണ്ടിയും കോളേജിനുവേണ്ടിയും വർക്ക് ചെയ്യാൻ എന്നും സന്നദ്ധനായ - വർക്കി, ഞങ്ങളുടെ തോറ്റ ചെയർമാൻ രഞ്ജിത്ത് വർക്കി.

പൊക്കവും തൂക്കവും ഉള്ളവർക്കായി മാറ്റി വെച്ചിരിക്കുന്ന പട്ടാളക്യാമ്പിൽ കുള്ളന്മാരുടെ വെന്നിക്കൊടിപാറിച്ച സന്തോഷ് എം. ആർ.

* * * * *



ലേക്ക് വ്യൂ

കോളേജിനു പുറകിലെ പ്രശാന്ത സുന്ദരമായ കായലോരത്തിരിക്കുമ്പോൾ എന്തിനെയൊക്കെയോ വെട്ടിപ്പിടിക്കാനുള്ള ആഗ്രഹം മനസ്സിൽ തികട്ടിവരുന്നു. കാറ്റിനോട് കിന്നാരം പറഞ്ഞും, ഓളങ്ങൾ പറയുന്ന കഥകൾകേട്ടും, അങ്ങകലെ വെണ്ടുരുത്തിപ്പാലത്തിൽ പുകയൂതി ചീറിപ്പാഞ്ഞുപോകുന്ന ട്രെയിനും നോക്കി, കപ്പലിൻെറ മുഴങ്ങുന്ന സൈറണും കേട്ട്, അകലെ കായലുമായിമല്ലിട്ട് ജീവിതം കരുപ്പിടിപ്പാക്കാൻ ശ്രമിക്കുന്ന മുക്കുവനെയും നോക്കി... അങ്ങനെ കോൺക്രീറ്റ് ബെഞ്ചിൽ ആരൊക്കെയോ ആവാനുള്ള മോഹവുമായി ആത്മാവിന് പുകയൂമൂതി ഞങ്ങൾ പിന്നിട്ട ദിനങ്ങൾ.....

..... പലപ്പോഴും തൈത്തെങ്ങിലെ കരിക്കുകൾ ഞങ്ങളെ മാടിവിളിക്കുന്നതു പോലെ.....

പക്ഷെ എന്തൊ അവയെ തൃപ്തിപ്പെടുത്താൻ ഞങ്ങൾക്ക് കഴിയാതെ പോയി എന്ന് ഖേദപൂർവ്വം അറിയിച്ചു കൊള്ളുന്നു.

* * * * *

അവസാന വർഷം. വിടപറയലിൻെറ ദിനങ്ങൾ. മറക്കാനാവാത്ത കോളേജ് ജീവിതം. അദ്ധ്യാപകർ, അവതാരങ്ങൾ, സമരങ്ങൾ, ജാഥകൾ, പരീക്ഷകൾ, റിസൾട്ടുകൾ, ക്യാമ്പുകൾ, സൗന്ദര്യധാമങ്ങൾ, കമിതാക്കാൾ - അങ്ങനെ എന്തെല്ലാം. മറ്റുള്ളവർ ആകാശത്തിലേക്ക് മുഷ്ട്ടി ചുരുട്ടി മുദ്രാവക്യം വിളിച്ചപ്പോൾ കൈ പൊന്തിയില്ല. ഹായ് പറഞ്ഞവരോട് ബൈ പറഞ്ഞു ഓട്ടോഗ്രാഫിനായ് പേനയെടുത്തപ്പോൾ വിരുലുകൾക്ക് മാന്ദ്യം. എല്ലാ പ്രവർത്തികൾക്കും ഒരു മാറ്റം. ആ മാറ്റം കോളേജിൻെറ ക്യാമ്പസിൽ തന്നെ പ്രതിഫലിച്ചിരിക്കുന്നു. ഓരോ നിമിഷവും ഞങ്ങളിൽ നിന്ന് അന്യമാക്കിക്കൊണ്ടിരിക്കുന്നു. കോളേജിനു മുന്നിലെ പുൽമേടും, ലേക്ക് വ്യൂ ഉം, പോർട്ടിക്കോയും ക്യാൻറിനും എല്ലാം ഞങ്ങൾക്ക് അന്യമാകുന്നു. ചാരി നിന്നു സംസാരിക്കുന്ന തൂണുകൾക്കുപോലും വേർപാടിൻെറ മണം. ആ ദുഃഖത്തിൽ കലാലയ മുറ്റത്തെ ശിൽപത്തിൽ നിന്നും ഉതിർന്ന കണ്ണീർത്തട്ടി പൂന്തോട്ടത്തിലെ ചെടികൾപോലും വാടിത്തളർന്നു. അവിടെ നിന്നും ഒരു പൂവ് പറിച്ചെടുത്ത് തിരുഹൃദയത്തിൻെറ മടിത്തട്ടിൽ സമർപ്പിച്ചു. നടന്നു

നീങ്ങുന്നതിന് തൊട്ടുമുമ്പുതന്നെ അതിനെ ആരോ ചവിട്ടിമെതിച്ചു. അതിന്റെ സൗന്ദര്യം ആസ്വദിക്കാൻ പറ്റാത്ത വിധം വികൃതമായിരുന്നു. കനംതട്ടിയ മനസ്സുമായി പുറം തിരിഞ്ഞുനോക്കാതെ ഞാൻ നടന്നുനീങ്ങി.....

* * * * *

ഇനിയെന്ത് എന്നുള്ള ചിന്തകൾ മനസ്സിനെ വല്ലാതെ തളർത്തുന്നു. സൗഹൃദബന്ധങ്ങളെ ഓട്ടോഗ്രാഫിന്റെ വരണ്ടതാളുകളിൽ കുറിച്ച് സ്നേഹിച്ചവരോടെല്ലാം വിതുമ്പുന്ന ഹൃദയവുമായി ഞങ്ങൾ യാത്രചൊല്ലുന്നു. ഡിഗ്രി അവസാനം വരെയുള്ള ഉത്തരവാദിത്വമില്ലാത്ത ജീവിതത്തിൽനിന്നും ഉത്തരവാദിത്വങ്ങളിലേയ്ക്ക് കടക്കുന്ന നിമിഷങ്ങൾ ഓവിയിൽ ആരെങ്കിലുമൊക്കെ ആയിത്തീരുമെന്നും വേർപിരിഞ്ഞവരെ ഒരിക്കൽ കണ്ടുമുട്ടാമെന്നുള്ള വിശ്വാസത്തോടെ.....

അവസാന വർഷ ഡിഗ്രി
വിദ്യാർത്ഥികൾ

With Best Compliments from :-

LAL PRODUCTS

P.B. No. 1043, Karikkamuri, Ernakulam,
Cochin - 682 011. Kerala. 360037, 363713 Grams : CHANDRIKA
Branches : Hyderabad & Nagaercoil.

ENGLISH SECTION

ലോകം എങ്ങോട്ടേക്ക്?

ലോകസംഭവങ്ങൾ സശ്രദ്ധം വീക്ഷിച്ചു മനസ്സിലാക്കുന്ന ഏതൊരു വ്യക്തിയും ചോദിച്ചു പോകുന്നു ഈ ലോകം എങ്ങോട്ടു പോകുന്നു? ലോകത്തിന് എന്തു ഭവിപ്പാൻ പോകുന്നു?

ഇസ്രായേലിന്റെ പുതിയ ഭരണാധിപൻ യാതൊരു വിട്ടുവീഴ്ചയും ഇല്ലാതെ സംസാരിക്കുന്നത് എന്തുകൊണ്ട്? റഷ്യയുടെ രൂപീകരണവും തുടർന്നുള്ള സംഭവവികാസങ്ങളും എന്തു വിളിച്ചറിയിക്കുന്നു? ഇറാഖിന്റെ അവകാശവാദങ്ങൾ ഇപ്പോഴും നിലനില്ക്കുന്നു. പ്രകൃതിയിൽ വലിയ മാറ്റങ്ങൾ സംഭവിക്കുന്നു. മിക്ക രാജ്യങ്ങളിലെയും ഭരണ സംവിധാനങ്ങൾ മാറുന്നു. ഏക ലോക ഭരണകൂടത്തിനുള്ള തയ്യാറെടുപ്പുനടക്കുന്നു. ഇവയെല്ലാം എന്തിനെ വിളിച്ചറിയിക്കുന്നു?

Please Contact for more details:

Newspaper Evangelism, P.O. Box : 2291
Palarivattom, Cochin - 682 025

KUTTUKARAN
INSTITUTE FOR HRD

KUTTUKARAN INSTITUTE FOR HUMAN RESOURCES DEVELOPEMENT

The institute runs 5 schools. The programmes offered are given below:

1. SCHOOL OF AUTOMOBILE ENGINEERING

● Diploma in automobile Engineering ● Advanced Diploma in Maruti Suzuki Servicing ● Certificate Course in Two Wheeler servicing ● Certificate Course in Auto electrician & Air Conditioning

2. SCHOOL OF FASHION TECHNOLOGY

● Diploma in Fashion Designing ● Diploma in Garment Manufacturing ● Diploma in Apparel Marketing and Merchandising

3. SCHOOL OF CONTINUING EDUCATION

● MBA Programme of CSM-IGS, Canada ● BBA Degree of CSM-IGS, Canada ● Post Graduate Diploma in Office Management ● Post Graduate Diploma in Business Management ● Diploma in Personl Secretaryship ● Certificate course in Salesmanship ● Certificate Course in Enterpreneural Development

4. SCHOOL OF HOTEL MANAGEMENT

● Diploma in Hotel Management ● MBA with Hotel Management Specialization

5. SCHOOL OF COMPUTER TECHNOLOGY

● Specialised Computer Training Programmes

OTHER SERVICES

● Incompany tailor made programmes ● Intercompany Management Developement Programmes ● Selection Services ● Placement Services

For Further details and admission please contact:

Director

Kuttukaran Institute for HRD

P.B No. 3015, San Juan Towers, Old Railway Station Road Ernakulam, Cochin - 18, Phone : 395832/390516

THE SEVEN WONDERS .....

Gloucester: These late eclipses in the sun and the moon portend no good to us; though the wisdom of nature can reason it thus and thus, yet nature finds itself scourged by the sequent effects. Love cools, friendship falls off, brothers divide; in cities mutinies; in countries, discord; in palaces, treason; and the bond cracked between son and father..... the king falls from bias of nature....

Edmund: This is the excellent foppery of the world, that when we are sick in the fortune- often the surfeit of our own behaviour- we make guilty of our disasters the sun, the moon and the stars; as if we were villains by necessity, fools by heavenly compulsions, thieves and treachers by spherical predominance, drunkards, liars and adulterers by an enforced obedience of planetary influence; and all that we are evil in, by a divine thrusting on; an admirable evasion of whoremaster man, to lay his goatish disposition to the charge of a star.....

Remember that in King Lear, Gloucester is the good guy and Edmund his bad son. The human race includes in it more Edmunds than Gloucesters ..... the bad and the ugly surging ahead without any direction and the result.....!

We traced the following seven "wonders" _ presenting them as they were..... a decade ago..... and now?... Find it for yourself, because a college magazine cannot exhibit the pinnacle of horrors.

vision

QUALITY
IN
SERVICE
ON TIME EVERY TIME

mission

UNCONDITIONAL COMPUTER SERVICE WARRANTY
"MAGNA" PRESTO & LITE RANGE OF PC'S
NETWORKING PRODUCTS
MULTIMEDIA KITS
COMPUTER SPARES
IT SERVICES

F I R S T
RESPONSE
ON TIME - EVERY TIME

FIRST RESPONSE TECHNOLOGIES PRIVATE LTD
MIG 467, PANAMPILLY NAGAR, COCHIN-36, KERALA, INDIA
PHONE : 381810, 381010 FAX : 0484-380672

Boots
Boots
Boots
Boots *the better choice*

M.G. ROAD, COCHIN - 682 016
PHONE : 364657, 355030

LUXURIOUS TRAVEL FOR BUSINESS AND PLEASURE

MEETHA TOURS

Os - 61, GCDA Commercial Complex
Marine Drive, Kochi - 682 031
Phone : 366366, 372422, Fax : 91-484-372422

Super Luxury Video Coach	49	Seats
Video Mini Bus	32	"
" " "	29	"
" " "	26	"
" " "	25	"
	18	"
Swaraj Mazda	14	"
Tempo Traveller	9	Push Back
A/c Tempo Traveller		

Arts Club Jnauguration

Kunjunni Master
Lighting the Talents of S.H.

Enthralling speach by the Chief Guest

Welcome to all
Arts Club Secretary

Felicitation
Prof. C.S. Jayaram

Thank you
Vice-Chairperson

Arangu

The Cultural wing of the College Union

The leader.....

His team....

and the support!



A programme by the women's cell

TO THE GENTLE ONE

Your lively eyes make o gentle one
the summit morn still more bright ,
Trust to behold your lovely smile
I pray the blind be granted sight.
Like the chaste white lilly, that doth fill
The air round with a fragrance pure,
You fill the world with a thrill of joy
That for the deepest misery is a certain cure.
Like a love star that twinkless merrily
In the dark, amid moonless night,
The mere glimpse of you O gentle one
'Tis to one and all a pure delight.
If some day a single wish
were to be granted into me,
I'd wish that your eternal beauty;
That's deeper than skin forever be !

Subrahmanian Santhakumar
(II B.Sc. Zoology)

FROM THE
WORLD LEADERS
ARCHIES
Gibson
PAPER ROSE
Hallmark
PRESENT
GREETING
CARDS
GIFTS
TOYS
FUNTHINGS
POSTERS
CALENDARS
DIARIES
STATIONARIES
AND
ELSE MORE
AT
Greetway
GALAXY
THEVARA JN.

With Best Compliments from :-

CTOC

COCHIN

YOUR MONEY - AND YOUR LIFE...

For killing a tiger, the penalty is fine of Rs. 50,000. If a tiger kills a human being, the compensation payable to the family is Rs. 15,000.

But for causing the death of one million people annually, the government actually offers a subsidy to the killer, because it can collect Rs. 20,000 as excise revenue in the process of each victim's march towards death.

This is not a bizarre fantasy but the reality today, based on trade tactics were profits take precedence over people's lives.

Tobacco is injurious to health. Indubitably. A statutory warning to that effect is in force worldwide. Smoking causes cancer. "No other product or habit is as dangerous as tobacco," Dr. Judith Mackay, a Hong Kong physician, pointed out in a recent study.

Article 47 of our Constitution lays down that it is "the duty of the state to raise the standard of living and improve public health." And yet, a government that allocates Rs. 121 crores for malaria control and Rs. 6.5 crore for cancer research, sets aside a whopping Rs. 750 crores for tobacco promotion, because of the Rs. 2,800 crore excise earnings. The Life Insuarance Corporation, a government undertaking, has equity of over Rs. 11 crores in tobacco companies, and since 1976 a Tobacco Board has been functioning "to promote the development of the tobacco industry by sponsoring, assisting and encouraging scientific and technical research. "The Central Tobacco Reaearch Insititute at Guntur employs 2.000 people for "tobacco development".

In Karnataka which is the second largest producer of tobacco in the country after Andhra Pradesh, 7.5 million adults are tobacco addicts and 36,000 die annually of tobacco related illnesses. A recent National Sample Survey found that the state has 60,000 children below the age of 15 and 24 each year, and data from the Kidwai Memorial Insititute of Oncology at Bangalore indicate that in estimated 9.800 new cancer cases caused by tobacco are likely to emerge annually in Karnataka alone. Of the one million deaths due to tobacco use in the country, over 6,30,000 are premature deaths.

And yet, tobacco companies actually had their excise levies reduced in the last two union budgets, to boost production.

Article 21 of the Constitution says that the state has a "duty to protect life." "And yet," points out Dr. S. G. Vaidya, Honorary Secretary of the Goa Cancer Society and chairman of the newly constitued National Organisation for Tobacco Eradication (NOTE), "the government causes cancer - through its law, commerce, agriculture and financial policies."

And he sould know, as a doctor who sees "the misery of these patients in the hospitals every day". Addressing the Karnataka Chapter of NOTE India constituted by Dr. B. S. Srinath of Bangalore last month, Dr. Vaidya raised some devastatingly pertinent questions.

The directorate of agriculture has a deputy director to look after the interests of the tobacco growers, but there is no director looking after the health of 7.5 million tobacco addicts. Why?

Why is *zarda* or chewable tobacco clasified as "food" under the Food and Adulteration Act of India?

Why are tobacco products even exempt from the rules applicable to medicines?

which affects blood circulation. He was operated upon, but returned 18 months later with pain, fever and his whole leg black due to lack of circulation, because he could not quit tobacco. He had an amputation, but a few months later returned a third time with ulcers on the other leg, and has had yet another amputaion.

Dr. Vaidya (who received the WHO medal for his health promotion work in 1989) ponts out that three year old children in kindergarten are using "sweet phantom cigarettes" which come in a pack similar to the red-and -white regular cigarette pack and uses a picture of the popular comic as the industry's motto, regardless of the consequences to the user.

Since cigarette smoke contains toxins and carcinogens, even passive smoker. Dr Stanton Glautz of the Cardiovascular Research Institute of California estimates that for every eight smokers who die of tobacco related illnesses, one non-smoker is also claimed as victim through passive smoking. British comedian Micheal Parkinson described in a documentary film how he was a victim of lung cancer because as an entertainer he had to spend a lot of time in clubs where the air was thick with cigarette smoke. Addressing school children in a series of short films, he has brought out graphically the damage that cigarettes can cause.

School children have also asked questions in each of these films, addressing sportsmen and women and advertisement representatives, to get at the truth about tobacco use, its promotion and addiction.

In India, the Goa chapter of NOTE spearheaded by Dr. Vaidya has involved 400 schools through NSS activity to create awarencess of the dangers of addiction. NOTE is now bringing out a SAARC edition of a journal to create awareness about the effects of tobacco on health, and to explain how smoking cuts the oxygen intake and thereby reduces the body's ability to maintian health. Nicotine also depresses the heart muscle's ability to pump blood and constricts blood vessels and thus increases the chances of heart problems.

Public awareness campaigns like those initiated by NOTE, especially those targeting the young so that they do not get addicted, offer the only solution to this looming problem of rising cancer incidence and smoking related illnesses.

Even brigands demand only your cash or your life-whereas the tobacco companies take both, your money and your life.

Multinational companies faced with President Clinton's latest anti-tobacco regulations will turn to the developing countries now with greater urgency to keep up sales. Thailand was threatned with trade penealties under Section 301 if they did not allow free marketting of U.S. cigarettes. Japan buckled down under similar pressure, but tiny Hong Kong, with an area of just 400 sq.m, stood up to such threats and held its ground, putting health before economics.

If Hong Kong can do it, so can we, given the will power and the popular backing to uphold health priorities rather than foreign exchange or excise calculations.

We need a multi-pronged action plan. School children can start a movement on the lines of the British "Smoke busters", group. Farmers can be made aware that peanuts or mulberry can give higher returns than tobacco. And above all, citizens, both smokes and non smokers, have to realise that the cost to the individual and to the nation-of an addictive, harmful, habit-is far greater than anyting we can compute in terms of money indices.

With Best Compliments from :-

Shalimar jewellery

SHALIMAR JEWELLERY

BROADWAY, ERNAKULAM, COCHIN - 682 031.
PHONE : 368482, 370804

TIME ART hmt SHOWROOM

PIONEER TOWERS MARINE DRIVE, PHONE : 364735

SACRED HEART COLLEGE, THEVARA
ANNUAL REPORT 1995-96

Distinguished Chief Guest Hon. Justice Jacob Benjamin Koshy, the President of the Meeting/ Mrs. Koshy/ Rev. Fr. Manager/ Prof. V.A. Joseph/ Shri R. Ananthakrishnan, the Secretary of the Parent-Teacher Assocaition/ Mr. Mathew George, College Union Chairman/ Mr. Sahul Hameed, College Union Secretary/ Members of the P.T.A./ Respected Parents/ Guests/ Members of the Faculty/ Members of the Supporting Staff/ and My Dear Students;

JUBILEE VISION

